# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജനുവരി 12 | ദീപം 55 | നാളം 44 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

## ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ

(1927-2022)



ഹൃദയാഞ്ജലി

മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 55–ാം വർഷം

# സത്യവിശ്വാസത്തിന്റെ സംരക്ഷകൻ



മാർ ജോസഫ് പള്ളിക്കാപറമ്പിൽ

അഗാധമായ ബൈബിൾ ജ്ഞാനവും ദൈവശാസ്ത്രപാണ്ഡിത്യവുംകൊണ്ട് കത്തോലിക്കാസഭയെ അതിശയിപ്പിച്ച പാപ്പായായിരുന്നു ബെനഡിക്ട് പതിനാറാമൻ. ആധുനികകാലത്തെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പായ്ക്കു ശേഷം കത്തോലിക്കാസഭയുടെ 265-ാമത്തെ മാർപാപ്പായായ അദ്ദേഹം 'ദൈവശാസ്ത്രജ്ഞനായ പാപ്പാ' എന്നാണ് അറിയപ്പെട്ടിരുന്നത്. സത്യവിശ്വാസത്തിന്റെ സംരക്ഷകനും കാവൽക്കാരനുമെന്ന നിലയിൽ സഭയോടുള്ള വിശ്വസ്തതയായിരുന്നു അദ്ദേഹത്തിന്റെ ജീവിതനിയമം.

1981 നവംബർ 25 മുതൽ 2005 ഏപ്രിൽ 19 ന് മാർപാപ്പായായി തിരഞ്ഞെടുക്കപ്പെടുന്നതുവരെ നീണ്ട 24 വർഷങ്ങൾ വിശ്വാസതിരുസംഘത്തിന്റെ തലവനായി സഭയെ വിശ്വസ്തതയോടെ ശുശ്രൂഷിച്ചുവെന്നത് പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. വിശ്വാസത്തെയും സന്മാർഗത്തെയും സംബന്ധിച്ച വിഷയങ്ങളിൽ കർദിനാൾ ജോസഫ് റാറ്റ്സിംഗറുടെ ഉറച്ച ബോധ്യവും നിലപാടുകളും ജോൺപോൾ രണ്ടാമൻ പാപ്പായ്ക്കു വലിയ താങ്ങായിരുന്നു. ജോൺ പോൾ പിതാവ് കർദിനാൾ റാറ്റ്സിംഗറെക്കുറിച്ചു പറഞ്ഞിരുന്നത് 'വിശ്വസ്തനായ സ്നേഹിതൻ' (a trusted friend) എന്നായിരുന്നു. ജോൺപോൾ പിതാവിന്റെ മനസ്സാക്ഷിസൂക്ഷിപ്പുകാരനായിരുന്നു റാറ്റ്സിംഗർ എന്നു പറയുന്നതാവും ശരി. എല്ലാക്കാര്യങ്ങളിലും റാറ്റ്സിംഗറുടെ അഭിപ്രായംകൂടി കണക്കിലെടുക്കാൻ മാർപാപ്പാ ശ്രദ്ധിച്ചിരുന്നു. അത്രമാത്രം വിശ്വസ്തനും പണ്ഡിതനും സമർഥനുമായിരുന്നു കർദിനാൾ റാറ്റ്സിംഗർ. അതേസമയം, ലാളിത്യവും വിനയവും അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ വിശുദ്ധീകരിച്ചു. വിശുദ്ധനും വിനയാന്വിതനുമായ ദൈവശാസ്ത്രപണ്ഡിതനായിരുന്നു അദ്ദേഹം.

ദേവൂസ് കാരിത്താസ് എസ്ത് (Deus caritas est) - ദൈവം സ്നേഹമാകുന്നു (1 യോഹ. 4:8) എന്നതാണ് ബെനഡിക്ട് പാപ്പായുടെ പ്രഥമ ചാക്രികലേഖനം. മരണക്കിടക്കയിൽ അവസാനമായി അദ്ദേഹം പറഞ്ഞതും 'കർത്താവേ, ഞാനങ്ങയെ സ്നേഹിക്കുന്നു' എന്നാണല്ലോ. കർത്താവിന്റെ മുഖം തേടിയുള്ള ആത്മീയാന്വേഷണത്തിൽനിന്ന് പിറവികൊണ്ടതാണ് അദ്ദേഹത്തിന്റെ രചനകളെല്ലാം. അവയിൽ പ്രശസ്തമായത് മൂന്നു വാല്യങ്ങളുള്ള 'നസ്രത്തിലെ യേശു' എന്ന ഗ്രന്ഥമാണെന്നു ഞാൻ കരുതുന്നു. പാപ്പായുടെ ആത്മസുഹൃത്തായ കർദിനാൾ റോബർട്ട് സറായുമായി ചേർന്നെഴുതിയ 'ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽനിന്ന്' സഭയുടെ സമകാലിക പ്രശ്നങ്ങളോടു പ്രതികരിച്ചെഴുതിയ കൃതിയാണ്.



സത്യത്തോടു പക്ഷംചേർന്നു നിൽക്കാൻ ബെനഡിക്ട് പാപ്പാ എല്ലായ്പോഴും ബദ്ധശ്രദ്ധനായിരുന്നു. സത്യം ഒരു സ്നാനമാണ്. മനുഷ്യരെ ദൈവതിരുമുമ്പിൽ നില്ക്കാൻ ശുദ്ധിയുള്ളവരാക്കുന്ന സ്നാനം. ആ സത്യമാകട്ടെ ക്രിസ്തുവാണ്.അപ്പോൾ സത്യത്തിലേക്കുള്ള സ്നാനം കർത്താവിലേക്കുള്ള സ്നാനമാണ്, അവന്റെ സംസ്കൃതിയിലേക്കുള്ള സ്നാനമാണ്. കർത്താവിന്റെ നിലപാടുകളിൽ നിലയുറപ്പിക്കുന്നതാണു സത്യം.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നാലു സെഷനുകളിലും പങ്കെടുത്ത മഹാനായ വ്യക്തിയാണ് ബെനഡിക്ട് പാപ്പാ. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയുടെ എക്സ്പർട്ട് കൺസൾട്ടന്റായിരുന്നു അദ്ദേഹം. പോൾ ആറാമൻ പാപ്പാ 1977 മാർച്ചിൽ മ്യൂണിക് ആർച്ചുബിഷപ്പായി അദ്ദേഹത്തെ നിയമിച്ചു. സത്യത്തിന്റെ സഹശുശ്രൂഷകൻ (co-worker of truth) എന്ന ആപ്തവാക്യ (3 യോഹ. 1:8) മാണ് അദ്ദേഹം സ്വീകരിച്ചത്. അക്കൊല്ലം തന്നെ അദ്ദേഹം കർദിനാളായി ഉയർത്തപ്പെട്ടു. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിന്റെ (CCC) ശില്പി (1986-92 കാലഘട്ടം) കർദിനാൾ ജോസഫ് റാറ്റ്സിംഗറായിരുന്നുവെന്നു പറയാം. അദ്ദേഹം മാർപാപ്പായായ കാലഘട്ടത്തിലാണല്ലോ യൂകാറ്റ് - യുവജനമതബോധനഗ്രന്ഥം പുറത്തിറങ്ങുന്നത്.

ബെനഡിക്ട് പാപ്പാ ഒരു യാഥാസ്ഥിതികനാണ് എന്നായിരുന്നു സെക്കുലർസമൂഹത്തിന്റെ അഭിപ്രായം. വിശ്വാസതിരുസംഘത്തിന്റെ പ്രീഫെക്ടായി നീണ്ട ഇരുപത്തിനാലു വർഷങ്ങൾ തുടർച്ചയായി പ്രവർത്തിച്ചപ്പോഴാണ് അങ്ങനെയൊരു വിശേഷണം പാപ്പായ്ക്കു ചാർത്തിയത്. യഥാർഥത്തിൽ അദ്ദേഹത്തിന്റെ നിലപാടുകൾ യാഥാസ്ഥിതികമെന്നതിനെക്കാൾ സഭാത്മകം എന്നു പറയുന്നതാകും ഉചിതം. പിതാവിന്റെ ദൈവശാസ്ത്രാഭിമുഖ്യങ്ങൾ തിരുസഭ എന്ത് ക്രിസ്തുവിൽനിന്ന്, അവിടുത്തെ വചനങ്ങളിൽനിന്നു സ്വീകരിച്ചിരിക്കുന്നു എന്നതിനെ ആസ്പദമാക്കിയുള്ളതാണ്. കർത്താവിൽനിന്നു കൈമാറിക്കിട്ടിയ അപ്പസ്തോലികവിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുന്നതിൽ ദത്തശ്രദ്ധനായിരുന്നു അദ്ദേഹം. അപ്പസ്തോലന്മാർ മിശിഹായിൽനിന്നു സ്വീകരിച്ചതും വിശ്വസ്തതയോടെ തലമുറകളിലേക്കു കൈമാറിയതുമായ ദൈവികരഹസ്യങ്ങളുടെ പ്രബോധനത്തെ കലർപ്പില്ലാതെ പകർന്നുകൊടുക്കാനാണ് പരിശുദ്ധ പിതാവ് ശ്രദ്ധിച്ചത്. അടിയുറച്ച നിലപാടുകളുടെയും ധീരതയുടെയും പര്യായമായിരുന്ന പിതാവ് പുരോഗമനവാദിയായ യാഥാസ്ഥിതികനായിരുന്നു.

ദൈവശാസ്ത്രമെന്നത് ദൈവികവെളിപാടുതന്നെയാണ്. വിശുദ്ധ ലിഖിതമാണ് ദൈവശാസ്ത്രത്തിന്റെ ആത്മാവ് എന്നു പാപ്പാ പഠിപ്പിച്ചിരുന്നു. വചനം തന്നെയാണ് ദൈവശാസ്ത്രം. ബൈബിളിന്റെ എക്സജേസിസും ഇന്റർപ്രട്ടേഷനുമാണ് തിയോളജി. സഭാപിതാവായ ഒരിജന്റെ ഒറിജിനാലിറ്റി ഇതായിരുന്നുവെന്നാണു പറയാറുള്ളത്. വിശുദ്ധ ആഗസ്തീനോസിന്റെയും ഒരിജന്റെയും മറ്റും ദൈവശാസ്ത്രചിന്തകൾ പാപ്പായെ ഏറെ സ്വാധീനിച്ചിരുന്നു. My great master Augustine എന്നാണ് വിശുദ്ധ ആഗസ്തീനോസിനെക്കുറിച്ച് അദ്ദേഹം പറഞ്ഞിരുന്നത്. മിശിഹായാണ് അനന്യതയുള്ള ഏകരക്ഷകനെന്നു തറപ്പിച്ചു പറഞ്ഞിരുന്നു.

സഭകളുടെ ഐക്യം സ്വപ്നം കണ്ട മാർപാപ്പായാണ് ബെനഡിക്ട് പതിനാറാമൻ. സഭകൾ തമ്മിലുള്ള ഭിന്നതകൾ ലോകത്തിനു വലിയ എതിർസാക്ഷ്യമാണു നൽകുന്നതെന്നു ബോധ്യമുള്ളതിനാൽ സഭൈക്യസംഭാഷണങ്ങൾക്ക് അദ്ദേഹം ഊന്നൽ കൊടുത്തിരുന്നു. സഭകളുടെ കൂട്ടായ്മയാണ് സാർവത്രികസഭ എന്നത് അദ്ദേഹത്തിന്റെ പ്രബോധനങ്ങളിലും പ്രവർത്തനങ്ങളിലും നിഴലിച്ചിരുന്നു. പൗരസ്ത്യ അകത്തോലിക്കാസഭകളുമായി നല്ല ബന്ധം കാത്തുസൂക്ഷിച്ചിരുന്നു. A humble theologian fully committed to the Church- അതായിരുന്നു അദ്ദേഹം.

1927 ഏപ്രിൽ 16 ന് ദുഃഖശനിയാഴ്ചയാണ് അദ്ദേഹത്തിന്റെ ജനനം. ദുഃഖശനിയാഴ്ച പള്ളികളിൽ മാമ്മോദീസാ നടക്കുന്ന ദിവസമാണല്ലോ. ജനിച്ച് ഏതാനും മണിക്കൂറുകൾക്കുള്ളിൽത്തന്നെ അദ്ദേഹം മാമ്മോദീസാ സ്വീകരിച്ചു. 2022 ലെ അവസാനത്തെ ശനിയാഴ്ച അദ്ദേഹം സ്വർഗത്തിലേക്കു സ്നാനപ്പെട്ടിരിക്കുന്നു. മാർപാപ്പായായി എട്ടുവർഷത്തിനുശേഷം (2005-2013) 85ാം വയസ്സിൽ ആരോഗ്യപരമായ കാരണങ്ങളാൽ അദ്ദേഹം നടത്തിയ സ്ഥാനത്യാഗം സഭയുടെ 600 വർഷത്തെ ചരിത്രത്തിലെ അപൂർവതയായി നിലനില്ക്കുന്നു.

## ജീവിതരേഖ

1927 ഏപ്രിൽ 16: ജർമനിയിലെ ബവേറി പ്രവിശ്യയിൽ പൊലീസ് ഓഫീസറായ ജോസഫ് റാറ്റ്സിംഗർ സീനിയറിന്റെയും മരിയയുടെയും മകനായി ജനനം.

1941: 14 വയസ്സ് തികഞ്ഞപ്പോൾ നിർബന്ധിതസൈനികസേവനത്തിന് അഡോൾഫ് ഹിറ്റ്ലറുടെ യുവസൈന്യത്തിൽ ചേർന്നെങ്കിലും സജീവമായി പ്രവർത്തിച്ചില്ല.

1945: സഹോദരൻ ജോർജ് റാറ്റ്സിംഗറിനൊപ്പം വൈദികപഠനത്തിനു സെമിനാരിയിൽ ചേർന്നു.

1951 ജൂൺ 29: സഹോദരനൊപ്പം വൈദികപട്ടം സ്വീകരിച്ചു.

1959-1963: ബോൺ സർവകലാശാലയിൽ പ്രഫസർ

1972: ദൈവശാസ്ത്ര പ്രസിദ്ധീകരണമായ 'കമ്യൂണിയോ'യ്ക്കു തുടക്കമിട്ടു.

1977: മ്യൂണിക് ആർച്ചു ബിഷപ്പായി പോൾ ആറാമൻ മാർപാപ്പാ നിയമിച്ചു.

1977: ജൂൺ 27: കർദിനാൾ പദവി ലഭിച്ചു.

1981 നവംബർ 25: 'ഡൊക്ട്രിൻ ഓഫ് ഫെയ്ത്' സമൂഹത്തിന്റെ പ്രിഫെക്ടായി നിയമിതനായി.

2002 നവംബർ 30: കർദിനാൾ തിരുസംഘത്തിന്റെ ഡീൻ

2005 ഏപ്രിൽ 19: മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു. ബനഡിക്ട് പതിനാറാമൻ എന്ന പേരു സ്വീകരിച്ചു.

2005 ഏപ്രിൽ 24: 265-ാം മാർപാപ്പയായി സ്ഥാനാരോഹണം ചെയ്തു.

2013 ഫെബ്രുവരി 11: മാർപാപ്പാ സ്ഥാനമൊഴിയുന്നതായി പ്രഖ്യാപിച്ചു.

2013 ഫെബ്രുവരി 28: മാർപാപ്പാ സ്ഥാനമൊഴിഞ്ഞു. പോപ് എമരിറ്റസ് എന്നറിയപ്പെട്ടുതുടങ്ങി.

2022 ഡിസംബർ 31: ബനഡിക്ട് പതിനാറാമൻ കാലം ചെയ്തു.

# കൊവിഡ് മഹാമാരിയിൽ വിറങ്ങലിച്ച് ചൈന



തോമസ് കുഴിഞ്ഞാലിൽ

“ഞങ്ങളുടെ രാജ്യത്ത് കൊവിഡ് ബാധിച്ചു മരിക്കുന്നവരുടെ മൃതശരീരങ്ങൾ മറവു ചെയ്യാൻ മാർഗമില്ലാതെ ഞങ്ങൾ ഏറെ ബുദ്ധിമുട്ടുകയാണ്. ഓരോ ദിവസത്തെയും മരണസംഖ്യ തൊട്ടുമുമ്പുള്ളതിനെക്കാൾ പതിന്മടങ്ങാണ്. ആശുപത്രികൾ രോഗികളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു, മരുന്നുകൾ കിട്ടാനുമില്ല.” മൂന്നു കോടി ജനസംഖ്യയുള്ള ചൈനയിലെ ചോംഗ്കിംഗ് നഗരത്തിലുള്ള പൊതുശ്മശാനത്തിലെ ഒരു ജീവനക്കാരന്റെ പരിദേവനമാണിത്.

“കുറഞ്ഞത് മുപ്പതു മൃതശരീരങ്ങളെങ്കിലും ഒരു ദിവസം ഞാൻ ദഹിപ്പിക്കുന്നുണ്ട്. മരണപ്പെടുന്നവരെ സംസ്കരിക്കാൻ സ്ഥലം തികയാതെ വരുന്നതിനാൽ മൃതശരീരങ്ങൾ അഞ്ചു ദിവസംവരെ സൂക്ഷിക്കേണ്ടിയും വരുന്നു.” ഗുവാംഗ്ഷൗ നഗരപ്രാന്തത്തിൽ മരണാനന്തരചടങ്ങുകൾ നടത്തിക്കൊടുക്കുന്ന സ്ഥാപനത്തിലെ തൊഴിലാളിയായ ഷെൻയാംഗ് പ്രതികരിച്ചു.

മഹാമാരിക്കാലം കഴിഞ്ഞുവെന്ന് ലോകം മുഴുവൻ ആശ്വസിച്ചിരിക്കുമ്പോഴാണ് നിനച്ചിരിക്കാതെ ചൈനയിലെ രോഗവ്യാപനം വാർത്തകളിൽ നിറയുന്നത്. മാസങ്ങൾ നീണ്ട ‘സീറോ കൊവിഡ്നയം’ ശക്തമായി നടപ്പാക്കുകയും കൊവിഡിനെ ഫലപ്രദമായി പ്രതിരോധിക്കുകയും ചെയ്ത ഷി ജിൻപിംഗിനു കിട്ടിയ ഏറ്റവും വലിയ പ്രഹരമാണ് ഇപ്പോഴത്തെ രോഗവ്യാപനം. അധികാരത്തിന്റെ മൂന്നാം ഊഴം വിജയകരമായി പൂർത്തിയാക്കുക എളുപ്പമല്ലെന്ന് ഷിയ്ക്കു തോന്നിത്തുടങ്ങിയിരിക്കുന്നു. തെക്കുപടിഞ്ഞാറൻ സിൻജിയാംഗ്പ്രവിശ്യയുടെ തലസ്ഥാനമായ ഉറുംകിപട്ടണത്തിലെ ഒരു ബഹുനില പാർപ്പിടസമുച്ചയത്തിൽ ഇക്കഴിഞ്ഞ നവംബർ 24 നുണ്ടായ അഗ്നിബാധയിൽ പത്തു പേർ മരിക്കാനിടയായത് സീറോ - കൊവിഡ് നയത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത നടപടികൾ മൂലമാണെന്ന പരാതിയാണ് ഇപ്പോഴത്തെ സങ്കീർണമായ പ്രശ്നങ്ങളുടെ തുടക്കം. തീപ്പിടിത്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലികളർപ്പിക്കാൻ ഉറുംകിയിൽനിന്ന് 4,000 കിലോമീറ്റർ അകലെയുള്ള ഷാംഗ്ഹായ് നഗരത്തിൽ സംഘടിപ്പിച്ച മെഴുകുതിരിപ്രദക്ഷിണത്തിൽനിന്നാണ് സർക്കാരിനെതിരേയുള്ള പ്രതിഷേധാഗ്നി കത്തിപ്പടർന്നത്. സീറോ-കൊവിഡ് നയത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ നൂറുദിന ലോക്ഡൗൺമൂലം വീടിനു വെളിയിലിറങ്ങാനാകാതെ ജനം വീർപ്പുമുട്ടുകയായിരുന്നു.

രാജ്യത്തെ 27 നഗരങ്ങളിൽ വമ്പിച്ച പ്രതിഷേധറാലികൾ നടന്നു. ഷെംഗ്സുനഗരത്തിൽ പ്രതിഷേധക്കാർ കലാപനിയന്ത്രണസേനയുമായി ഏറ്റുമുട്ടി. ഒട്ടേറെപ്പേർക്കു പരിക്കേറ്റു. ആയിരങ്ങൾ ജയിലിലുമായി. ജനകീയ പ്രക്ഷോഭം ഗ്രാമപ്രദേശങ്ങളിലേക്കുകൂടി വ്യാപിച്ചതോടെ കൊവിഡ് നിയമങ്ങളിൽ അയവുവരുത്താൻ ഷി നിർബന്ധിതനാകുകയായിരുന്നു. ഇളവുകൾ പ്രഖ്യാപിച്ചുകൊണ്ട് ഷി ജിൻപിംഗ് ഇപ്രകാരം പറഞ്ഞു: “സീറോ കൊവിഡ്നിയമങ്ങൾ പിൻവലിച്ചതുവഴി കൊവിഡ് രോഗികളുടെ എണ്ണം ക്രമാതീതമായി ഉയർന്നിരിക്കുന്നു. ഈ വെല്ലുവിളി നാം സധൈര്യം ഏറ്റെടുക്കുന്നു. ജനങ്ങളുടെ ആരോഗ്യവും സുരക്ഷയും ഉറപ്പാക്കാൻ കൂടുതൽ കൃത്യതയോടെയുള്ള ദേശസ്നേഹപരമായ ആരോഗ്യപ്രചാരണം അനിവാര്യമാണ്.”

കൊവിഡ്വ്യാപനം തടയാൻ, മുതിർന്ന പൗരന്മാർക്ക് വാക്സിനേഷൻ നല്കുന്നതിന് ചൈനീസ് ആരോഗ്യമന്ത്രാലയം നടപടികൾ തുടങ്ങി. 60 വയസു കഴിഞ്ഞ രണ്ടരക്കോടി പേർക്കും 80 തികഞ്ഞ ഒരുകോടി വയോജനങ്ങൾക്കും വാക്സിൻ നല്കിയിരുന്നില്ല. മരണനിരക്ക് ഏറ്റവും കൂടുതൽ കണ്ടതും 80 വയസ്സു കഴിഞ്ഞവർക്കാണെന്നും കണ്ടെത്തി.

### കൊവിഡ് 19 ന്റെ പുതിയ വകഭേദം ബി എഫ് 7

ചൈനയിൽ വ്യാപിക്കുന്നത് കൊവിഡ് 19 ന്റെ പുതിയ വകഭേദമായ ബി എഫ് 7 പതിപ്പാണെന്നു വ്യക്തമായിട്ടുണ്ട്. മനുഷ്യശരീരത്തിന്റെ പ്രതിരോധശേഷിയെ മറികടക്കാൻ കെല്പുള്ള വൈറസുകളിൽ ഒന്നാംസ്ഥാനം ബി എഫ് 7 വകഭേദത്തിനാണ്. ഈ വൈറസിനു കൂടുതൽ വ്യാപനശേഷിയും കുറഞ്ഞ ഇൻകുബേഷൻ പീരിയഡും ഉള്ളതിനാൽ ഒരു വ്യക്തിയിൽനിന്ന് മറ്റൊരാളിലേക്കു വളരെപ്പെട്ടെന്ന് പടരാനാകും. വാക്സിൻ എടുത്തവർക്കും കൊവിഡ് ബാധിച്ച് സ്വാഭാവികപ്രതിരോധശേഷി നേടിയവർക്കും ബി എഫ് 7 പിടിപെടുന്നതായി തെളിഞ്ഞിട്ടുണ്ട്. വാക്സിൻ എടുത്തവർക്ക് വീണ്ടും രോഗം ആവർത്തിക്കുന്നത് പുതിയ വകഭേദത്തിന്റെ ശേഷിക്കൂടുതലിനു തെളിവാണെന്നു പഠനങ്ങളിലൂടെ കണ്ടെത്തിക്കഴിഞ്ഞു. എന്നാൽ, ശരീരത്തിനുള്ളിൽ കടന്നുകഴിഞ്ഞാൽ ഗുരുതരാവസ്ഥ താരതമ്യേന കുറവായിരിക്കും. കടുത്ത പനിയും തൊണ്ടവേദനയും മൂക്കൊലിപ്പും ശരീരവേദനയുമാണ് പ്രധാന രോഗലക്ഷണങ്ങൾ. ഹൃദ്രോഗം, പ്രമേഹം, ശ്വാസകോശരോഗങ്ങൾ തുടങ്ങിയവയുള്ളവരും പ്രായമേറിയവരും കൂടുതൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവിദഗ്ധരുടെ മുന്നറിയിപ്പുമുണ്ട്.

### സീറോ-കൊവിഡ് നയം പൊളിച്ചെഴുതുന്നു

ഒരു നഗരത്തിലോ പ്രവിശ്യയിലോ ഒരു രോഗിയെങ്കിലുമുണ്ടെങ്കിൽ ആ നഗരമോ പ്രവിശ്യയോ മുഴുവൻ കർശനമായ ലോക്ഡൗണിലാക്കുന്ന സീറോ - കൊവിഡ് നയത്തിൽനിന്നു വ്യത്യസ്തമായി, ഒരു രോഗിയെ കണ്ടെത്തിയാൽ ആ വ്യക്തിയെയും അയാളുടെ വീടും ജോലി ചെയ്തിരുന്ന സ്ഥാപനവുംമാത്രം ഐസോലേഷനിലാക്കി മാറ്റിനിറുത്തുന്ന രീതിയിൽ നിയമങ്ങളിൽ അയവു വരുത്തി. തലസ്ഥാനമായ ബെയ്ജിംഗിലും മഹാനഗരങ്ങളായ ഷാംഗ്ഹായിയിലും ഗുവാംഗ്ഷൗവിലും ഈ പുതിയ രീതി നടപ്പാക്കിവരുന്നു. ലോകത്ത് മറ്റൊരിടത്തുമില്ലാത്തവിധം ചൈനയിൽ രോഗവ്യാപനവും മരണവും സംഭവിച്ചേക്കാമെന്നാണ് ആരോഗ്യവിദഗ്ധർ നല്കുന്ന മുന്നറിയിപ്പ്. അടുത്ത മൂന്നു മാസങ്ങളിൽ ചൈനയിലെ പത്തു ലക്ഷം പേരുടെയെങ്കിലും ജീവൻ കൊവിഡ് മഹാമാരി കവർന്നെടുക്കുമെന്നാണ് അവരുടെ പ്രവചനം. പോയ വർഷത്തെക്കാൾ മൂന്നിരട്ടി രോഗികൾ അടുത്ത വർഷം ഉണ്ടാകുമെന്നും പ്രതിദിനരോഗികളുടെ എണ്ണം ഒരു ലക്ഷം കടന്നേക്കുമെന്നും സർക്കാർ വൃത്തങ്ങൾ വെളിപ്പെടുത്തുന്നു. മൂന്നു മാസത്തിനുള്ളിൽ ചൈനയിലെ ആകെ ജനസംഖ്യയിൽ (140 കോടി) 60 ശതമാനം പേർക്കും (84 കോടി) രോഗം വ്യാപിച്ചേക്കാമെന്ന റിപ്പോർട്ടുകളാണ് പ്രചരിച്ചുകൊണ്ടിരിക്കുന്നത്.



രാജ്യത്തെ മുതിർന്ന പൗരന്മാരിൽ മൂന്നിലൊന്നുമാത്രമേ വാക്സിൻ സ്വീകരിച്ചിട്ടുള്ളുവെന്നതാണ് ആശങ്ക ജനിപ്പിക്കുന്നത്. മഹാമാരിയെക്കുറിച്ച് വയോജനങ്ങളെ ബോധവത്കരിക്കാതിരുന്നത് രോഗവ്യാപനത്തിനു കാരണമായി. ചൈന കൊവിഡിനെ നേരിട്ട രീതിയിലും വാക്സിനേഷന്റെ ഫലപ്രാപ്തിയിലും പല ആരോഗ്യവിദഗ്ധരും സംശയം പ്രകടിപ്പിക്കുന്നുണ്ട്. കൊവിഡിനെ ചെറുക്കാൻ ഉതകുന്ന വാക്സിനല്ല അവിടെ ഉപയോഗിച്ചതെന്ന വിമർശനമുണ്ട്. ചൈനയിൽത്തന്നെ നിർമിച്ചെടുത്ത ‘സിനോഫാം’ , ‘കൊറോണവാക്’ എന്നീ വാക്സിനുകൾക്ക് 76 ശതമാനം മാത്രമേ ഫലപ്രാപ്തിയുള്ളൂ എന്നു പരീക്ഷണങ്ങളിലൂടെ തെളിഞ്ഞതാണ്. പാശ്ചാത്യരാജ്യങ്ങളിൽ ഉപയോഗത്തിലിരിക്കുന്ന ഫൈസറിന്റെ ‘പാക്സ് ലോവിഡ്’ വാക്സിൻ 96 ശതമാനം രോഗപ്രതിരോധശേഷിയുള്ളതാണെന്നു കണ്ടെത്തിയിരുന്നു. രോഗം വരാതിരിക്കാൻ നോക്കിയതിലൂടെ കൊവിഡു വന്നുപോയവർക്കു ലഭിക്കുമായിരുന്ന പ്രതിരോധശേഷി പലർക്കും ഇല്ലാതെ പോയത് ഇപ്പോഴത്തെ വ്യാപനത്തിന്റെ ഒരു പ്രധാന കാരണമായി കരുതുന്നുണ്ട്. കൂടുതൽ പ്രതിരോധശേഷിയുള്ള ‘കോവിഷീൽഡ്’ വാക്സിൻ സ്വീകരിച്ചതിലൂടെ ഇന്ത്യക്കാരെ സംബന്ധിച്ചു നിലവിലെ സാഹചര്യത്തിൽ ഭയപ്പെടാനൊന്നുമില്ലെന്ന് ആരോഗ്യവിദഗ്ധർ വിലയിരുത്തിയിട്ടുണ്ട്. എങ്കിലും, ഏതു സാഹചര്യത്തെയും നേരിടാൻ തയ്യാറായിരിക്കണമെന്ന നിർദേശമാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം ജനങ്ങൾക്കു നല്കിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി കൊവിഡ് പോസിറ്റീവ് കേസുകളുടെ ‘ജിനോം സ്വീക്വൻസിങ്’ വർധിപ്പിക്കണമെന്ന നിർദേശം നല്കിയിട്ടുണ്ട്. വൈറസുകളുടെ സവിശേഷതകൾ തിരിച്ചറിയാൻ ജിനോം സ്വീക്വൻസിങ് സാങ്കേതികവിദ്യ ഉപകരിക്കും. എല്ലാ പോസിറ്റീവ് കേസുകളുടെയും സാമ്പിളുകൾ ലബോറട്ടറികളുടെ ശൃംഖലയായ ‘ഇൻസാകോ’വിലേക്ക് അയയ്ക്കണം. സൂക്ഷ്മനിരീക്ഷണത്തിലൂടെ കൊവിഡിന്റെ പുതിയ വകഭേദങ്ങൾ രാജ്യത്ത് എത്തിയിട്ടുണ്ടെന്ന് കണ്ടെത്തുന്നതിന് ഈ പരിശോധന അത്യാവശ്യമാണ്. ചൈനയിൽ വ്യാപനത്തിനു കാരണമായ ബി എഫ് 7 വകഭേദം ഇന്ത്യയിലും എത്തിയതായി സ്ഥിരീകരിച്ചിട്ടുണ്ട്.

ഇതിനിടെ, കൊവിഡ് 19 മഹാമാരിക്കു കാരണമായ കൊറോണ വൈറസുകളുടെ അന്ത്യം കണ്ടുതുടങ്ങിയെന്ന് ലോകാരോഗ്യസംഘടനാതലവൻ ഡോ. ടെഡ്രോസ് അദാനോം ഗബ്രെയേസസ് അഭിപ്രായപ്പെട്ടത് ശുഭവാർത്തയാണ്. 2020 ൽ കൊവിഡ് 19 നെ മഹാമാരിയായി ലോകാരോഗ്യസംഘടന പ്രഖ്യാപിച്ചശേഷം ആദ്യമായാണ് ഇത്തരം പ്രതീക്ഷാനിർഭരമായ വാക്കുകൾ പുറത്തുവരുന്നത്. എന്നാൽ, ഒമിക്രോൺ ബി എ 4, ബി എ 5 തുടങ്ങിയ വകഭേദങ്ങളുടെ വ്യാപനം യൂറോപ്യൻ രാജ്യങ്ങളിൽ കണ്ടുതുടങ്ങിയതായി റിപ്പോർട്ടുകളുണ്ട്. യൂറോപ്പിലെ വേനൽക്കാലവ്യാപനത്തിന് ഈ വകഭേദങ്ങളാണു കാരണക്കാരെന്നും കൂടുതൽ വകഭേദങ്ങൾ പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ടെന്നും യൂറോപ്യൻ കമ്മീഷൻ വക്താക്കൾ മുന്നറിയിപ്പുതരുന്നു.

# 2022 ലെ മലയാളസിനിമ പറഞ്ഞത്

കാഴ്ചയ്ക്കപ്പുറം

■ വീയെൻ

ജീവിതത്തിലെന്നതുപോലെ സിനിമയിലും പ്രകടമായ മാറ്റങ്ങളോടെയാണ് 2022 കടന്നുപോയത്. മുമ്പൊരു ലക്കത്തിൽ പരാമർശിച്ചതുപോലെ മാറ്റങ്ങളുടെ പിന്നാലെയാണ് മലയാളസിനിമ. സിനിമയുടെ മേയ്ക്കിങ്ങിൽവന്ന മാറ്റം, കഥാഘടനയിൽ വന്ന മാറ്റം, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ പുതിയ ചലച്ചിത്രപ്രവർത്തകരുടെ കടന്നുവരവ്, തീയറ്ററുകളെ ആശ്രയിക്കാതെ സിനിമ കാണാനുള്ള അനന്തസാധ്യതകൾ, ഇനി തീയറ്റർ റീലിസ് ആണെങ്കിൽതന്നെ വൈഡ് റീലിസിങ്‌വഴി ആദ്യദിനംതന്നെ മുടക്കുമുതൽ തിരിച്ചുപിടിക്കുന്ന തന്ത്രം. സാറ്റലൈറ്റിനു പുറമേ ഒ ടി ടി വിപണികൾ. ഇങ്ങനെ എന്തെല്ലാം എന്തെല്ലാം! ഇത്തരം പൊതുസവിശേഷതകൾ വച്ചുകൊണ്ടുവേണം പോയ വർഷത്തെ മലയാളസിനിമയും വിലയിരുത്തപ്പെടേണ്ടത്.

പോയവർഷത്തെ മലയാളസിനിമയുടെ ചില രീതികളെ കണക്കിലെടുത്തുകൊണ്ടുള്ള നിഗമനങ്ങളിൽ പ്രധാനപ്പെട്ടതായി പലരും പറയുന്നത് താരാധിപത്യത്തിനു സംഭവിച്ച മങ്ങലിനെക്കുറിച്ചാണ്. പ്രധാനമായും അതു സംഭവിച്ചത് മോഹൻലാൽ എന്ന നടനാണ്. ശ്രദ്ധിക്കത്തക്കതായ, സാമ്പത്തികവിജയമോ അഭിനയശേഷി വ്യക്തമാക്കുന്ന വിധത്തിലുള്ള കഥാപാത്രങ്ങളോ 2022ൽ മോഹൻലാൽ എന്ന നടനുണ്ടായിരുന്നില്ല.

എന്നാൽ, അക്കാര്യത്തിൽ മമ്മൂട്ടി വ്യത്യസ്തനാണ്. പോയ വർഷങ്ങളിലെ കൈവിരലിൽ ഒതുങ്ങാവുന്ന പണംവാരി സിനിമകളിൽ അദ്ദേഹത്തിന്റെ ഭീഷ്മപർവമുണ്ട്. റോഷാക്ക് എന്ന സിനിമയും തൊട്ടുപിന്നാലെയുണ്ട്. സാമ്പത്തികവിജയം പ്രതീക്ഷിക്കാവുന്നതാണോയെന്ന് അറിയില്ലെങ്കിലും നൻപകൽനേരത്ത് മയക്കംപോലെ കലാമൂല്യമുള്ള സിനിമകളിലും പുഴുപോലെയുള്ള ശ്രദ്ധേയമായ സിനിമയിലും തന്നിലെ നടനെ തൃപ്തിപ്പെടുത്താനുള്ള ശ്രമങ്ങൾ അദ്ദേഹം നടത്തുന്നുമുണ്ട്. ഏതാണ്ട് ഇതേ രീതിയിലുള്ള ശ്രമങ്ങൾ അദ്ദേഹം അണിയറയിൽ തുടർന്നുപോരുന്നതായും സൂചനകളുണ്ട്.

താരങ്ങളെ ഇനി മലയാളസിനിമയ്ക്ക് ആവശ്യമില്ലെന്നും മലയാളസിനിമയിലെ അവസാനത്തെ സൂപ്പർസ്റ്റാറുകളാണ് ലാലും മമ്മൂട്ടിയുമെന്നും പറയുന്നവരുമുണ്ട്. പുതിയ സിനിമക്കാരുടെ വിജയവഴികൾകൊണ്ട് താരങ്ങളില്ലാതെയും ചിത്രം വിജയിപ്പിക്കാൻ കഴിയുമെന്നും അവർ തെളിവുകൾ നിരത്തുന്നുണ്ട്. ജോ ആന്റ് ജോ, സൂപ്പർ ശരണ്യ, ജയജയജയ ജയഹോ, ജാൻ എ മൻ, സൗദി വെള്ളക്ക പോലെയുള്ളവ ഉദാഹരണങ്ങൾ.

എന്നാൽ, മലയാളസിനിമയുടെ പൊതുവെയുള്ള ചരിത്രം നോക്കുമ്പോൾ ഏതുകാലത്തും ഇതുപോലെയുള്ള ചില ഒറ്റപ്പെട്ട ചരിത്രവിജയങ്ങൾ സംഭവിക്കാറുണ്ടായിരുന്നുവെന്നാണ് മനസ്സിലാകുന്നത്. മഞ്ഞിൽ വിരിഞ്ഞ പൂക്കൾപോലെയുള്ള പുതുമുഖസിനിമകൾ വിജയിച്ചപ്പോൾ നസീറിന്റെയും മധുവിന്റെയും സിനിമകൾ കാണാൻ ആളുകൾ ക്യൂനില്ക്കുകയും ചെയ്തിരുന്നു. നസീറിനെയും മധുവിനെയും സ്നേഹിച്ചിരുന്ന ഒരു തലമുറയുടെ അന്ത്യത്തോടെയാണ് അവരുടെ വിലയിടിഞ്ഞതും പിന്നീട് മറ്റു കഥാപാത്രങ്ങളിലേക്ക് അവർക്കു കൂടുമാറേണ്ടിവന്നതും. അതുതന്നെയാവാം ലാൽ- മമ്മൂട്ടി ദ്വന്ദ്വത്തിനും സംഭവിക്കുന്നത്.

സിനിമകളുടെ അട്ടർ ഫ്ളോപ്പുകൊണ്ട് നടന്മാരെ എഴുതിത്തള്ളാൻ കഴിയില്ലെന്നും ചരിത്രം പറയുന്നുണ്ട്. അതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് തുടർന്നെഴുതുന്നത്. മോഹൻലാലിനെപ്പോലെതന്നെ ബിജുമേനോൻ, ജയറാം തുടങ്ങിയ നടന്മാർക്കും വിജയങ്ങളുണ്ടായിരുന്നില്ല. തെക്കൻതല്ലും നാലാംമുറയുംപോലെയുള്ള സിനിമകൾ ബിജുവിന്റേതായി ഉണ്ടായിരുന്നുവെങ്കിലും അവയ്ക്കൊന്നും പ്രേക്ഷകശ്രദ്ധ നേടാനായില്ല; ഒടിടിയിൽപോലും.

സുരാജ് വെഞ്ഞാറമ്മൂടിന്റെയും നിവിൻ പോളിയുടെയും കാര്യവും ഇവിടെ ചേർത്തുപറയണം. ഹെവൻ, റോയ് പോലെയുള്ള എത്രയോ സിനിമകളാണ് സുരാജിന്റേതായി വന്നത്. മഹാവീര്യരും സാറ്റർഡേ നൈറ്റും പോലെയുള്ള സിനിമകൾ നിവിന്റേതായിരുന്നു. ഒന്നും ശ്രദ്ധിക്കപ്പെട്ടില്ല.

ലേഡി സൂപ്പർസ്റ്റാർ എന്ന വിശേഷണത്തിനപ്പുറം രണ്ടാംവരവിൽ മികച്ച വേഷങ്ങളൊന്നും അവതരിപ്പിക്കാൻ കഴിയാതെപോയ നടിയാണ് മഞ്ജുവാര്യർ. പ്രായം കുറയ്ക്കാനും ചെറുപ്പമാണെന്നു പറയിപ്പിക്കാനും വേണ്ടിയുള്ള ശ്രമത്തിൽ ഈ നടിയിൽനിന്നു നഷ്ടമാകുന്നത് പ്രേക്ഷകർ ആഗ്രഹിക്കുന്ന വിധത്തിലുള്ള അഭിനയവും കഥാപാത്രങ്ങളുമാണ്.

ചിലർ വരുമ്പോൾ ചരിത്രം വഴിമാറും എന്നു പറയുന്നതുപോലെ ഒരൊറ്റ സിനിമ മതിയാവും ഇവരുടെ തലവര മാറ്റാൻ. എഴുതിത്തള്ളിയ കാലത്തിൽനിന്ന് മലയാളസിനിമയെ നിയന്ത്രിക്കാൻവരെ കെല്പുള്ളവരായി മാറിയതിന്റെ ചരിത്രവും ഇവിടെയുണ്ടല്ലോ.

ഉദാഹരണത്തിന്, സിനിമയിൽനിന്ന് ഔട്ടായിപ്പോകുമെന്ന സ്ഥിതിവിശേഷംവരെ മമ്മൂട്ടി നേരിട്ടിട്ടുണ്ട്. ന്യൂഡൽഹിയും നിറക്കൂട്ടും യാത്രയും പോലെയുള്ള സിനിമകളാണ് അന്ന് ഈ നടനെ രക്ഷപ്പെടുത്തിയത്. എഴുതിത്തള്ളിയ ആ നിലയിൽനിന്നാണ് മെഗാസ്റ്റാർപദവിയിലേക്ക് അദ്ദേഹം എത്തിയത്.

സൂപ്പർഹിറ്റുകൾ ഒന്നും സംഭവിക്കാതെയിരുന്ന കാലത്താണ് പുലിമുരുകൻ ഹിറ്റായതും കോടിക്ലബിൽ മോഹൻലാൽ ഇടം പിടിച്ചതും. പിന്നീട് അതേ നിലയിൽ നിലനിന്നുപോരാൻ ലാലിനു സാധിക്കുകയും ചെയ്തിരുന്നു.

പക്ഷേ, അടുത്തകാലത്തായി തിരഞ്ഞെടുക്കുന്ന സിനിമകളും കഥാപാത്രങ്ങളുമാണ് ലാലിന്റെ സൂപ്പർ വിജയങ്ങൾക്കു തിരിച്ചടിയായത്. പ്രായത്തിനൊത്ത കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ മമ്മൂട്ടിയും ലാലും തയ്യാറാകുമ്പോൾ നല്ല സിനിമകളുണ്ടാവും. കാരണം, അവർ താരങ്ങൾ മാത്രമല്ല നടന്മാർകൂടിയാണ്. ആരാധകർക്കൊഴികെ എല്ലാവർക്കും അവരെ അങ്ങനെ കാണാനാണ് ഇഷ്ടവും. അതുകൊണ്ട് ഇനിയെങ്കിലും കഥയ്ക്കും കഥാപാത്രങ്ങൾക്കും പ്രാധാന്യം കൊടുക്കാൻ തയ്യാറാകുമ്പോൾ, താരത്തെ മാറ്റിവയ്ക്കാൻ തയ്യാറാകുമ്പോൾ ആ രീതിയിലുള്ള കഥയുമായി ചലച്ചിത്രപ്രവർത്തകർ അവരെ സമീപിക്കുകയും നല്ല സിനിമകളുമായി അവർ പ്രേക്ഷകരുടെ ഹൃദയങ്ങളെ കീഴടക്കുകയും ചെയ്യും. അതിനായിട്ടാണ് പ്രേക്ഷകരുടെ കാത്തിരിപ്പ്.



ഇനി പ്രതീക്ഷയുടെ ചില തുണ്ടുകളിലേക്ക്...

പൃഥ്വിരാജിന്റെയും ടൊവിനോയുടെയും ആകാരഭംഗിയോ കുഞ്ചാക്കോ ബോബന്റെ ഗ്ലാമറോ ബിജുമേനോന്റെ ശബ്ദഗാംഭീര്യമോ റോഷൻ മാത്യുവിന്റെ യൂത്തൻ മുഖമോ ഇല്ലെങ്കിലും മലയാളസിനിമയിൽ തന്റേതായ ഇടം കണ്ടെത്തി മുൻനിരയിലേക്കു വരുന്ന ഒരു നടനെയും പോയവർഷം മലയാളം കണ്ടു. ബേസിൽ ജോസഫ് എന്നാണ് അയാളുടെ പേര്. ജോജിയിലെ വൈദികവേഷത്തിലൂടെ മാറ്റത്തിന്റെ വഴിയിലേക്കു മാറിനിന്ന ബേസിൽ ജാൻ എ മൻ, പാൽത്തൂജാൻവർ, ജയജയജയജയഹേ തുടങ്ങിയവയിലൂടെ സോളോ ഹിറ്റിന് താൻ ഉടമയാണെന്നു തെളിയിച്ചു. ശ്രീനിവാസൻ ഒരുകാലത്തു ചെയ്തിരുന്നതുപോലെ ടൈപ്പ് കഥാപാത്രങ്ങളിൽനിന്നു മാറിനിന്നാൽ വരുംകാലത്ത് ശ്രദ്ധേയമായ ഒരു ഇടം ഈ നടനുണ്ടാവുമെന്നു തീർച്ചയാണ്.

ഗ്രേസ് ആന്റണിയും ദർശനയുംപോലെയുള്ള നടിമാരാണ് പുതിയ പ്രതീക്ഷകൾ. ശരീരസൗന്ദര്യത്തെക്കാൾ അഭിനയശേഷിയും കഥാപാത്രങ്ങൾക്കനുയോജ്യമായ രൂപഭാവങ്ങളുമാണ് വേണ്ടതെന്നാണ് ഈ നടിമാർ തെളിയിച്ചത്.

എഴുതിത്തള്ളിയ ഒരു സംവിധായകന്റെ ശക്തമായ തിരിച്ചുവരവിനാണ് മലയാളസിനിമ പോയവർഷം സാക്ഷ്യം വഹിച്ചത്. ഷാജി കൈലാസ് ആണത്. കടുവയും കാപ്പയുംവഴി തന്റെ ക്രാഫ്റ്റ്മാൻഷിപ്പിന്റെ മേലുള്ള മുദ്ര അദ്ദേഹം ഒരിക്കൽകൂടി ആഞ്ഞുപതിപ്പിച്ചു.

പാപ്പനിലൂടെ ജോഷിയും പത്തൊമ്പതാം നൂറ്റാണ്ടിലൂടെ വിനയനും ഇത്തരമൊരു മാറ്റത്തിനു തുടക്കം കുറിച്ചുവെങ്കിലും കൊത്തിലൂടെ മടങ്ങിവരവിനു ശ്രമിച്ച സിബിമലയിലിന് അതു സാധിക്കാതെപോയി. താൻ ആരംഭിച്ചപ്പോഴത്തെ സിനിമാജീവിതവും ഇപ്പോഴത്തെ സിനിമയും തമ്മിൽ യോജിച്ചുപോകാൻ കഴിയാത്തതിലുള്ള സംഘട്ടനം അദ്ദേഹത്തിലുണ്ടെന്നു തോന്നുന്നു.

അച്ചടിമാധ്യമങ്ങളിലൂടെ മാത്രം സിനിമയുടെ വിജയവും പരാജയവും വിലയിരുത്തപ്പെട്ടിരുന്ന പഴയകാലത്തിൽനിന്ന് സിനിമയുടെ ഇടവേളയുടെ സമയത്തുതന്നെ ആ സിനിമയുടെ ജാതകം എഴുതിക്കൊടുക്കുന്ന വിധത്തിലുള്ള കാലത്തിലേക്ക് നാം എത്തിക്കഴിഞ്ഞിരിക്കുന്നു. നൂറ്റമ്പതോ ഇരുനൂറോ രൂപ കൊടുത്ത് സിനിമയ്ക്കു കയറുന്ന ഒരുവന് സിനിമ ഇഷ്ടമായില്ലെന്നു പറയാനുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട്.



പക്ഷേ, അതുവഴി സിനിമയെ കീറിയൊട്ടിക്കുമ്പോൾ അതെത്ര പേരെയാണു ദോഷകരമായി ബാധിക്കുന്നതെന്നുകൂടി ചിന്തിക്കേണ്ടതുണ്ട്. എത്രപേരുടെ അധ്വാനം, സാമ്പത്തികനഷ്ടം. ആദ്യഷോയിലൂടെത്തന്നെയുള്ള അഭിപ്രായരൂപീകരണത്തിലൂടെ തീയറ്ററുകളിലേക്ക് ആളുകൾ കുറയുന്ന സാഹചര്യത്തിനും 2022 സാക്ഷ്യംവഹിച്ചു. നല്ല സിനിമയെ നല്ല രീതിയിൽ മാർക്കറ്റ് ചെയ്താൽ അത് വിജയിപ്പിച്ചെടുക്കാൻ കഴിഞ്ഞേക്കുമെങ്കിലും മോശം സിനിമയെ എന്തുമാത്രം തള്ളിയാലും അതുകൊണ്ട് ഗുണമുണ്ടാവില്ലെന്ന് തെളിയിച്ച വർഷമാണ് പോയത്. സിനിമയുടെ പേര് ഗോൾഡ്.

ഏഴു വർഷങ്ങൾക്കുശേഷമുള്ള അൽഫോൻസ് പുത്രന്റെ സിനിമ, കടുവയ്ക്കു ശേഷമുള്ള പൃഥ്വിരാജ് ചിത്രം, റീലിസ് ഡേറ്റ് വരെ നിശ്ചയിച്ചിട്ട് പെർഫെക്ഷനുവേണ്ടി റീ ഷൂട്ട് ചെയ്ത ചിത്രം, സർവോപരി നയൻതാരയുടെ നായികാവേഷം. ഇങ്ങനെ കൊട്ടിഘോഷിക്കാൻ പലതുമുണ്ടായിരുന്നു. പക്ഷേ, ആദ്യദിവസംതന്നെ ചിത്രം തീയറ്ററിൽവീണു. ഒടിടിയിലും ഭേദപ്പെട്ട പ്രതികരണമൊന്നുമില്ല. അധികം തള്ള് സിനിമയ്ക്കു ദോഷം ചെയ്യുമെന്ന് ഗോൾഡിനെ കണ്ട് മലയാളസിനിമാക്കാർ പാഠമാക്കണം.

കഴിഞ്ഞവർഷം കേരളത്തിൽ റിലീസ്ചെയ്ത് വിജയം നേടിയ ചിത്രങ്ങളിൽ മുൻതൂക്കം അന്യഭാഷാചിത്രങ്ങളായിരുന്നുവെന്നാണ് മറ്റൊരു ശ്രദ്ധേയ നിരീക്ഷണം. കെജിഎഫ്, ആർആർആർ, കാന്താര, ചാർലി, പൊന്നിയൻ സെൽവൻ, വിക്രം തുടങ്ങിയവയായിരുന്നു അവ. മലയാളസിനിമകളിൽ കടുവയും ഭീഷ്മപർവ്വവും കൂമനും കാപ്പയും ഹൃദയവും ജയജയജയജയഹേയും മറ്റും പെടുന്നു. വിജയിച്ച സിനിമകളുടെ ഈ ചരിത്രം പരിശോധിക്കുമ്പോഴും ഒരു കാര്യം മനസ്സിലാകുന്നു. അക്രമവും പ്രതികാരവും നിറഞ്ഞ പ്രമേയമായിരുന്നു ഈ സിനിമകളിൽ ഭൂരിപക്ഷവും, അതോടൊപ്പം മയക്കുമരുന്നിന്റെ ലോകവും ഇവയിലൂടെ അവതരിപ്പിക്കപ്പെട്ടു. ഹൃദയം, ജയജയജയജയഹേ എന്നിവ ഒഴിച്ചുനിർത്തിയാണ് ഇതുപറയുന്നത്. മലയാളികളുടെ മനോനിലയിലും ആസ്വാദനത്തിലും ജീവിതവീക്ഷണത്തിലുമുണ്ടായ ഈ മാറ്റം നമ്മെ ചിന്തിപ്പിക്കേണ്ടതാണ്.

ജയജയജയജയഹേ കുടുംബപശ്ചാത്തലത്തിൽ പറഞ്ഞ കഥയാണെങ്കിലും അത് മുന്നോട്ടുവച്ച ആശയവും നാം ചർച്ചചെയ്യേണ്ടതുണ്ട്. ടോക്സിക് ആയ റിലേഷൻഷിപ്പിൽനിന്ന് ഒരു ഭാര്യ പുറത്തുകടക്കേണ്ടത് ഭർത്താവിനെ കായികമായി നേരിട്ടും ബിസിനസ്പരമായി വെല്ലുവിളിച്ചുംകൊണ്ടുമായിരിക്കണം എന്നാണ് ഈ ചിത്രം പറഞ്ഞത്. ഭർത്താവിന്റെ അടിയും ഇടിയുംകൊണ്ട് ജീവിക്കേണ്ടവളല്ല ഒരു ഭാര്യയുമെന്നിരിക്കേ, അത്തരമൊരു ഭർത്താവിനെ നിലയ്ക്കുനിർത്താൻ അതേ നാണയത്തിൽ തിരിച്ചടിക്കണമെന്നു തീരുമാനിക്കുന്നതിനെ പുരോഗമനപരമെന്നു വാഴ്ത്താൻ ആളുണ്ടാവുമെങ്കിലും കുടുംബം എന്ന വ്യവസ്ഥയെ അതെത്രത്തോളം ദോഷകരമായി ബാധിക്കും എന്നുകൂടി ചിന്തിക്കേണ്ടതില്ലേ?

സോദ്ദേശ്യപരമായ ചിത്രങ്ങളോട് സമൂഹം പൊതുവെ മുഖം തിരിക്കുന്ന പ്രവണതയും ശക്തമാണ്. ഉപദേശിക്കാൻ വരണ്ട എന്നാണ് മട്ട്. സിനിമ കൂടുതലും കാണുന്നത് യൂത്ത് ആയതുകൊണ്ടാവാം ഇത്. വെബ് സീരിസുകൾ കൈകാര്യം ചെയ്യുന്ന പുരോഗമനപരമായ ആശയങ്ങളുടെ തടവറയിൽ കുടുങ്ങിക്കഴിയുന്ന അവർക്ക് എന്തു സദുദ്ദേശ്യം?

2023 ൽ എന്തായിരിക്കും പുതിയ ട്രെന്റ്? വിജയിച്ചവർക്ക് വിജയം നിലനിർത്താൻ കഴിയുമോ... വീണുപോയവർക്ക് എണീറ്റുനില്ക്കാൻ കഴിയുമോ... കാത്തിരുന്നു കാണാം. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



എല്ലാവരെയും വീട്ടിലേക്കു വിളിക്കരുത്; കൗശലക്കാരന്റെ ഉപായങ്ങൾ നിരവധിയാണ്.
പ്രഭാഷകൻ 11:29

**എഡിറ്റോറിയൽ**

# ഭക്ഷ്യവിഷബാധ തുടർക്കഥയാവുമ്പോൾ

ഭക്ഷ്യവിഷബാധയേറ്റ് രോഗികളാകുന്നവരുടെയും മരണമടയുന്നവരുടെയും വാർത്തകൾ സംസ്ഥാനത്തു തുടർക്കഥകളാകുമ്പോൾ ജനം പരിഭ്രാന്തിയിലാണ്. ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കാൻ ചുമതലയുള്ള സംസ്ഥാന ഭക്ഷ്യസുരക്ഷാവകുപ്പിന്റെ കാര്യക്ഷമതയെ നാളുകളായി ചോദ്യം ചെയ്തിട്ടും അവർക്കെതിരേ വിമർശനങ്ങളുന്നയിച്ചിട്ടും ഫലം തഥൈവ. ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരാജയം വ്യക്തമാക്കിയും അടിയന്തരതുടർനടപടി ആവശ്യപ്പെട്ടും കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) റിപ്പോർട്ട് കഴിഞ്ഞവർഷം പുറത്തുവന്നെങ്കിലും സ്ഥിതിഗതികൾക്കു മാറ്റമുണ്ടായില്ലെന്നു സാരം.

പത്തനംതിട്ടയിലെ കീഴ്‌വായ്പൂരിൽ മാമ്മോദീസാച്ചടങ്ങിൽ പങ്കെടുത്ത നൂറിലേറെപ്പേർക്കു ഭക്ഷ്യവിഷബാധയേറ്റതിന്റെ ചൂടുവാർത്ത ആശങ്ക പരത്തിയതിനു പിന്നാലെയാണ് കോട്ടയം സംക്രാന്തിയിലുള്ള ഹോട്ടലിൽനിന്നു ഭക്ഷ്യവിഷബാധയേറ്റ നേഴ്സ് മരിക്കുന്ന ദാരുണവാർത്ത കേരളം കേൾക്കേണ്ടിവന്നത്. കോട്ടയത്തെ രശ്മിരാജിന്റെ മരണം (2023 ജനുവരി 2) അൽഫാം കഴിച്ചാണെങ്കിൽ, 2022 മേയ് ഒന്നിന് കാസർഗോട്ടെ ചെറുവത്തൂരിൽ ദേവനന്ദയുടെ മരണത്തിനിടയാക്കിയത് ഷവർമയായിരുന്നു. രണ്ടു സംഭവങ്ങളിലും ആഹാരം വിറ്റ കട ഉടനടി പൂട്ടിച്ചെങ്കിലും ഭക്ഷ്യവിഷബാധ തടയുന്നതിനു ശാശ്വതപരിഹാരമുണ്ടാകുന്നില്ല.

ഭക്ഷ്യവിഷബാധയുടെ പശ്ചാത്തലത്തിൽ, പ്രത്യേകിച്ചും കോട്ടയംസംഭവത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്താകെ നടന്ന പരിശോധനയിൽ വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ച 43 ഹോട്ടലുകൾക്കു പൂട്ടുവീഴുകയും 86 സ്ഥാപനങ്ങൾക്കു പിഴ ചുമത്തുകയും ചെയ്തു. മായം കലർന്നതോ വൃത്തിഹീനമായ അന്തരീക്ഷത്തിൽ പാകം ചെയ്യുന്നതോ കാലപ്പഴക്കമുള്ളതോ ആയ ഭക്ഷണം നൽകുന്ന സ്ഥാപനങ്ങൾക്കെതിരേ കർശനനടപടികൾ സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞത് വളരെ നല്ല കാര്യമാണ്. ഒരിക്കൽ ലൈസൻസ് റദ്ദാക്കിയാൽ പിന്നീട് പുതുക്കിനൽകില്ലെന്നു മന്ത്രി തുറന്നുപറഞ്ഞത് പ്രാവർത്തികമായിരുന്നെങ്കിലെന്നു മനസ്സു തുറന്നു പറയാനാണ് ജനാധിപത്യവിശ്വാസികൾക്കിഷ്ടം. ദാരുണസംഭവങ്ങളുടെ ചൂടാറുന്നതോടെ മാനദണ്ഡങ്ങൾ കാറ്റിൽ പറക്കുകയും പ്രസ്താവനകൾക്കു വിലയില്ലാതാവുകയും പരിശോധനകൾ നിലയ്ക്കുകയും ചെയ്യുന്ന പതിവുനാടകങ്ങൾ ഇനിയുമുണ്ടാകരുതേയെന്നതു മാത്രമാണ് ജനത്തിന്റെ അഭ്യർത്ഥന.

ഭക്ഷ്യവിഷബാധകൊണ്ട് ആളുകൾ മരിക്കുന്നത് വേണ്ടത്ര പരിശോധനകളും തുടർനടപടികളും ഇല്ലാത്തതിനാലാണെന്നു പകൽപോലെ വ്യക്തം. പല ഹോട്ടലുകളിലും ബാർബിക്യൂ, അൽഫാം, കുഴിമന്തി എന്നിവയ്ക്കുപയോഗിക്കുന്ന കോഴിയിറച്ചി ഭക്ഷ്യയോഗ്യമല്ലെന്നു പരാതിയുയർന്നത് ഇന്നോ ഇന്നലെയോ മുതലല്ല. ഇവയ്ക്കൊപ്പം കഴിക്കുന്ന മയോണൈസും വില്ലനാണ്. കടക്കാർ എവിടെനിന്നു മാംസം വാങ്ങുന്നുവെന്നതും വാങ്ങുന്നവർക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസുണ്ടോ എന്നതും ചുമതലപ്പെട്ടവർ നിരീക്ഷിക്കേണ്ടതാണ്. എവിടെനിന്നു വാങ്ങി എന്നതിന്റെയും മറ്റും രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ തുടങ്ങി ഒട്ടേറെക്കാര്യങ്ങൾ കർശനമായി പരിശോധിക്കേണ്ടതുണ്ട്. പലയിടത്തും കോഴിഫാമുകളിൽനിന്നു ലഭിക്കുന്ന ചത്ത കോഴിയുടെ ഇറച്ചിയാണ് റസ്റ്റോറന്റുകളിൽ ഉപയോഗിക്കുന്നത്. മസാലയും മറ്റു ചേരുവകളും ചേർക്കുമ്പോൾ രുചിവ്യത്യാസം അനുഭവപ്പെടുന്നില്ല എന്നതും വിചിത്രം. പാചകം ചെയ്യുന്നവർക്കോ പാചകം ചെയ്യുന്ന സ്ഥലങ്ങളിലോ വേണ്ടത്ര വൃത്തിയില്ലായെന്നതും പരാതിയായി അവശേഷിക്കുകയാണു പതിവ്.

ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ സുരക്ഷയും ശുചിത്വവും ഉറപ്പാക്കുന്നതിനുള്ള ഗ്രേഡിങ് സംവിധാനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഹോട്ടലുകളിലെ ഭക്ഷ്യനിലവാരം ഉറപ്പാക്കിയാൽ മാത്രം പോരാ, പച്ചക്കറികളുൾപ്പെടെയുള്ള ഭക്ഷണപദാർഥങ്ങൾ വിഷരഹിതമാവുകയും വേണം. മത്സ്യമാംസാദികളുടെ കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ അധികൃതർ തയ്യാറായാൽ ഭക്ഷ്യവിഷബാധ പൂർണമായി തടയാനാവും. മന്ത്രിതലപതിവുപ്രസ്താവനകൾകൊണ്ടു മാത്രമായില്ല, അതു പ്രായോഗികവും കാര്യക്ഷമവുമാക്കി സർക്കാർസംവിധാനങ്ങളുടെ വിശ്വാസ്യത വീണ്ടെടുക്കാൻ ഭരണാധികാരികൾക്കാവണം. നിലവാരമില്ലാത്തതും മായംകലർന്നതുമായ ഭക്ഷ്യവസ്തുക്കൾ പൊതുവിതരണകേന്ദ്രങ്ങളിലും ഭക്ഷണശാലകളിലും എത്തുന്നില്ലെന്ന് ഉറപ്പുവരുത്താൻ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാവകുപ്പ് ജാഗ്രത പുലർത്തിയേ പറ്റൂ. ഓർക്കുക, ഗുണനിലവാരമുള്ള ഭക്ഷണം ജനങ്ങളുടെ അവകാശമാണ്. ■



**പ്രതികരണം**

# പാവം കർഷൻ എന്തു പിഴച്ചു?

ബഫർസോൺ വിഷയത്തിൽ ജനങ്ങളിലുണ്ടായിട്ടുള്ള ആശങ്ക അതീവഗൗരവമുള്ള സംഗതിതന്നെ. തലമുറകളായി കൃഷിയും ആടുമാടുവളർത്തലുമായി കഴിഞ്ഞുകൂടിയിരുന്ന കുടിയേറ്റക്കർഷകരെയാണ് ബഫർസോൺ ഏറെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത്. ഉള്ളതുപറഞ്ഞാൽ, കുടിയേറ്റക്കർഷകർ നിരന്തരം ഭീതിയുടെ നിഴലിലാണു കഴിഞ്ഞിരുന്നതെന്നു പറയാം.

മുഖ്യധാരാമാധ്യമങ്ങളും രാഷ്ട്രീയകക്ഷികളും വേറിട്ട ഒരു കണ്ണോടെയാണ് എന്നും കർഷകരെ, പ്രത്യേകിച്ച് കുടിയേറ്റക്കർഷകരെ കണ്ടിരുന്നത്. എത്രയോ വർഷമാണ് പട്ടയമില്ലാത്ത ഭൂമിയിൽ അനേകർ ഉപജീവനം കഴിച്ചിരുന്നത്! തലമുറകൾ കഴിഞ്ഞാണു പലർക്കും പട്ടയം കിട്ടിയത്. ഇനിയും എത്രയോ പേർ പട്ടയമില്ലാതെ ദുരിതമനുഭവിക്കുന്നു! തിരഞ്ഞെടുപ്പടുക്കുമ്പോൾ കർഷകരുടെ കണ്ണിൽ പൊടിയിടാനായി എന്തെങ്കിലും പദ്ധതികളും ഉയർത്തിപ്പിടിച്ചുകൊണ്ട് അധികാരികളെത്തും. പകുതിയലധികവും പാഴായിപ്പോയിരിക്കും.

ഇത്തരമൊരവസ്ഥയിലാണ് പുതിയ ഭീഷണി - ബഫർസോൺ. തങ്ങൾ ഇക്കാലമത്രയും കൈവശം വച്ചനുഭവിച്ചുപോന്ന മണ്ണും പ്രകൃതിവിഭവങ്ങളും കൈവിടേണ്ടിവരുന്ന സാഹചര്യം അവർക്കു ചിന്തിക്കാനാവില്ല. വാസ്തവത്തിൽ ഒരു ഇടിത്തീയായാണ് ബഫർസോൺ അവരുടെ തലയ്ക്കുമുകളിൽ വീണിരിക്കുന്നത്. ബഫർസോൺ വിഷയം ഒരു സുപ്രഭാതത്തിൽ പൊട്ടിമുളച്ചതല്ല. ഇതിനെക്കുറിച്ചുള്ള ചർച്ചകൾ ഒരു വർഷമായി നടക്കുന്നു. സർക്കാർ ഇത്രനാളും എവിടെയായിരുന്നു? തികഞ്ഞ അലംഭാവമാണ് സർക്കാർ ഇക്കാര്യത്തിൽ കൈക്കൊണ്ടതെന്നു പറയാതെ വയ്യ. കുറച്ചുകൂടി നേരത്തേ ശ്രദ്ധിക്കേണ്ടിയിരുന്നു. എത്രയായിരം ജനങ്ങളെയും പട്ടണങ്ങളെയും ബാധിക്കുന്ന പ്രശ്നമാണിത്! ഗുരുതരസ്ഥിതിവിശേഷംതന്നെയിത്.

ബഫർസോൺ വനത്തിനുള്ളിലാക്കണമെന്ന സമരസമിതി നേതാക്കളുടെ ആവശ്യം ന്യായമാണ്. കാരണം, കർഷകരെ സംബന്ധിച്ചിടത്തോളം അവരുടെ ഒരിഞ്ചുഭൂമിയും അവർക്കു വിലപിടിച്ചതാണ്. അതാണ് അവരുടെ ജീവിതമാർഗം. അവർ ഒരു വനാപഹരണവും നടത്തുന്നില്ല. വാസ്തവത്തിൽ അവരാണു വനസംരക്ഷകർ. അവർ തങ്ങളുടെ കൃഷിഭൂമി തരിശിടുകയല്ല, വിളവുത്പാദിപ്പിക്കുകയാണ്. വൃക്ഷങ്ങളും സസ്യലതാദികളും അവർ നട്ടുപരിപാലിക്കുന്നു. പരിസ്ഥിതിക്കിണങ്ങാത്ത ഒരു പ്രവൃത്തിയും അവർ ചെയ്യുന്നില്ല. പരിസ്ഥിതി സംരക്ഷകരാണവർ എന്നതല്ലേ ശരി? ഇതൊന്നും മനസ്സിലാക്കാനോ പഠിക്കാനോ വിലയിരുത്താനോ ആരും തയ്യാറാകുന്നില്ല. അവർക്കുവേണ്ടി ഇതൊന്ന് ഉറക്കെപ്പറയാൻകൂടി ആരുമില്ലാതായിരിക്കുന്നു.

രാഷ്ട്രീയപ്പാർട്ടികൾ ഇപ്പോൾ രംഗത്തുവന്നിട്ടുണ്ടെന്നതു ശരിതന്നെ. പക്ഷേ, വിഷയം ഇത്രയധികം ഗുരുതരമാകുന്നതിനുമുമ്പ് വേണ്ട ഇടപെടലുകൾ നടത്താനാവുമായിരുന്നില്ലേ? അതാണു ചോദ്യം. പ്രതിപക്ഷത്തിനും അതിനുത്തരം പറയാൻ ബാധ്യതയുണ്ട്.

**ജോസഫ് മാത്യു**
**കട്ടപ്പന**

# കേരളം എങ്ങനെ നന്നാകാൻ?

പുത്തൻപുലരി സൂചിപ്പിച്ച്, പുത്തൻനാമ്പുകളൊന്നും പതിറ്റാണ്ടുകളായി, കേരളത്തിൽ തളിർക്കുന്നില്ല.

അരനൂറ്റാണ്ടിനിടയിൽ ആശയ്ക്കു വക നൽകുന്ന ഒരു പുത്തൻതലമുറയുടെ ഉദയം ഈ നാട്ടിൽ ഉണ്ടായിട്ടില്ല.

രാഷ്ട്രീയ-മത-സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസമണ്ഡലങ്ങളിൽ ഉണർവു ഉയർത്തുന്ന താരോദയം കാണാനേയില്ല. പഴമയുടെ ഉത്തമമാതൃകകൾ എന്നേ അസ്തമിച്ചുകഴിഞ്ഞു!

കാലനുപേക്ഷിച്ച ജീർണതയുടെ പഴയചുരുളുകൾ ഇപ്പോഴും ജീവന്റെ തുടിപ്പുകൾ സൂചിപ്പിച്ചു, വർഷങ്ങളായി ഇഴഞ്ഞുനീങ്ങുന്നു.

ബാല-ശിശുലോകം, എങ്ങോട്ടു തിരിയണമെന്നു തിരിച്ചറിയാത്ത കൂപമണ്ഡൂകങ്ങൾപോലെ, അന്തിച്ചുനിൽക്കുന്നു, ഈ നാട്ടിൽ.

വഷളത്തരങ്ങളുടെ നിർബാധവളർച്ചയ്ക്കുണ്ടോ വല്ല വിഘ്നവും!

നാടിനും കുഞ്ഞുങ്ങൾക്കും എന്തെങ്കിലും ലക്ഷ്യബോധം ആരെങ്കിലും കൊടുക്കുന്നുണ്ടോ? പുതിയ ഉദാത്തമാതൃക ആർക്കെങ്കിലും ആരെങ്കിലും നൽകുന്നുണ്ടോ?

'there is nobody to command, and nobody to obey' എന്നൊരു അവസ്ഥയെക്കുറിച്ചു ബർട്രാന്റ് റസൽ പണ്ടു പറഞ്ഞിരുന്നു.

ക്ഷേമരാജ്യഭരണം, കേസുകളുടെ അപ്പീൽ വിധി കാത്തു കിടക്കുന്ന ഒരു നാട്...!

നാടിന്റെ ഇന്നത്തെ ഈ ശോച്യാവസ്ഥ ആർക്കെങ്കിലും ചിന്താവിഷയമാണോ.....

കേരളം എങ്ങനെ നന്നാകാനാ...?

**അഡ്വ. ഫിലിപ്പ്**
**പഴേമ്പള്ളി, പെരുവ**

കഥ

# മരിച്ചാലും ജീവിക്കുന്നവർ



ജിൻസി റോഷിൻ

**കു**ർബാന കഴിഞ്ഞ് റോഷൻ പള്ളിയിൽനിന്നിറങ്ങി നേരേ പോയത് സെമിത്തേരിയിലേക്കാണ്. കല്ലറകൾക്കിടയിലൂടെ നടന്നുനീങ്ങിയ അയാൾ ചെന്നുനിന്നത് ഒരു പുതിയ മാർബിൾ കല്ലറയുടെ മുമ്പിലാണ്:

'ഐസക് ആന്റണി'

തന്റെ പ്രിയ സുഹൃത്ത്.

ഐസക്കിന്റെ ചിരിക്കുന്ന മുഖം മനസ്സിലേക്കോടിവന്നു. ഒപ്പം സ്നേഹം നിറഞ്ഞ ആ വിളിയും "ഹായ്... റോഷാ..."

താൻ എങ്ങനെയാണ് അവന്റെ പ്രിയസുഹൃത്തായത്? വെറുമൊരു ഞായറാഴ്ചക്രിസ്ത്യാനിയായ, അധികമാരോടും സംസാരിക്കാത്ത അന്തർമുഖനായ തന്നെ എങ്ങനെയാണ് അവൻ കൈയിലെടുത്തത്?

തന്റെ രണ്ടു വീട് അപ്പുറമുള്ള ചാക്കോച്ചേട്ടന്റെ വീട് വാങ്ങിയതാണ് അവർ. ഐസക്കിന്റെ കുടുംബത്തിന് ഗൾഫിലായിരുന്നു. അവിടത്തെ ജോലി മതിയാക്കി ഇവിടെ വന്നു വീടും സ്ഥലവും വാങ്ങിയതാണവർ.

താനന്ന് ക്രിസ്ത്യൻ കോളജിൽ രണ്ടാം വർഷ ബിരുദത്തിനു പഠിക്കുകയാണ്. വീട്ടിൽനിന്നു കുറച്ചകലെയാണ് ബസ്സ്റ്റോപ്പ്. അവിടെനിന്ന് അരമണിക്കൂർ ബസ് യാത്ര.

അങ്ങനെ ഒരു ദിവസം ബസ്സ്റ്റോപ്പിലേക്കു നടക്കുകയാണ്. ചാക്കോച്ചേട്ടൻ വിറ്റ വീടിന്റെ അടുത്തെത്താറായപ്പോൾ ഗേറ്റിനകത്തുനിന്ന് ഒരു വിളി:

"ഹലോ..'' ഓച്ചിറക്കണ്ണിട്ടൊന്നു നോക്കി. ഓ, പുതിയ താമസക്കാരൻ പയ്യനാണ്. അവന്റെ ഗൾഫ് പത്രാസ് കാണിക്കാനാകും. നോക്കണ്ട, നേരേ പോകാം. ഒന്നുമറിയാത്തതുപോലെ നടന്നുനീങ്ങി.

ഈ വിളി പലദിവസം ആവർത്തിച്ചു. താൻ ഒരിക്കലും അതു ശ്രദ്ധിച്ചതേയിമില്ല. അങ്ങനെയൊരു ദിവസം വിളിയുടെ ട്യൂൺ മാറി: "ഹായ്... റോഷാ..."

വിളിച്ചിടത്തേക്കു നോക്കാതിരിക്കാൻ പറ്റിയില്ല, ഒന്നു നില്ക്കാതിരിക്കാനും. കോളജ് ബാഗും തോളിലിട്ട് അവൻ തന്റെയടുത്തേക്ക് ഓടിവന്നു. എന്നിട്ടു പറഞ്ഞു: "ഞാൻ എത്ര ദിവസമായി വിളിക്കുന്നു, കേട്ടുകാണില്ല അല്ലേ!"

താൻ ഒന്നും മിണ്ടിയില്ല. അവൻ തുടർന്നുപറഞ്ഞു: "റോഷാ, ഞാനും ക്രിസ്ത്യൻ കോളജിലാ കേട്ടോ, ഒന്നാം വർഷം ബിരുദത്തിന്. ഇനി ഞാനുമുണ്ട് കെട്ടോ കൂടെ."

'ഇവന് വണ്ടിയൊക്കെയുണ്ടല്ലോ. അതിൽ പൊയ്ക്കൂടേ' എന്നു താൻ ചിന്തിച്ചു. അതു മനസ്സിലാക്കിയിട്ടെന്നോണം അവൻ പറഞ്ഞു: "എനിക്കു നടക്കുന്നതാ ഇഷ്ടം. കാഴ്ചയൊക്കെ കണ്ട്, വർത്തമാനമൊക്കെ പറഞ്ഞ്..."

അവൻ എല്ലാ ദിവസവും കുർബാനയ്ക്കു പോകുന്നതു കാണാമായിരുന്നു. ഒരു ദിവസം സംസാരത്തിനിടയിൽ അവനെന്നോടു ചോദിച്ചു: "റോഷൻ കുമ്പസാരിച്ചിട്ടെത്ര നാളായി?" താൻ ചോദ്യഭാവത്തിൽ അവനെ നോക്കി. പെട്ടെന്ന് അവൻ പറഞ്ഞു: "വി. കുർബാന സ്വീകരിക്കുന്നതു കാണുന്നില്ല. അതുകൊണ്ടു ചോദിച്ചതാ."



"ഉം... കുറച്ചുനാളായി" താൻ പതുക്കെ ഞരങ്ങി. അവൻ പിന്നൊന്നും ചോദിച്ചില്ല. "ഒരു ദിവസം ഭരണങ്ങാനം പള്ളിയിൽ പോയാലോ?''പറ്റില്ലെന്നു പറയാൻ കഴിഞ്ഞില്ല. പോകാമെന്നു തന്നെ പറഞ്ഞു.

പിറ്റേശനിയാഴ്ച തങ്ങൾ ഭരണങ്ങാനത്തിനു പോയി. അൽഫോൻസാമ്മയുടെ കബറിടത്തിൽ പ്രാർഥിച്ചു കഴിഞ്ഞ് ഇറങ്ങിയപ്പോൾ അവൻ ചോദിച്ചു: "നമുക്കൊന്നു കുമ്പസാരിക്കാൻ പോയാലോ?"

'അയ്യോ! ഞാൻ ഒരുങ്ങിയിട്ടൊന്നുമില്ല' എന്നു പറയണമെന്നുണ്ടായിരുന്നു. പക്ഷേ, പറയാൻ കഴിഞ്ഞില്ല. അവൻ പറഞ്ഞു: "നമുക്കൊരു പത്തു മിനിറ്റ് ഇവിടിരുന്ന് കുമ്പസാരത്തിനായി ഒരുങ്ങാം."

അന്ന് ആദ്യമായി ഒരു നല്ല കുമ്പസാരം താൻ നടത്തി. ഞായറാഴ്ചക്കുർബാനയ്ക്ക് വി. കുർബാന സ്വീകരിക്കാനും തുടങ്ങി.

ഇരുപത്തഞ്ചു നോയമ്പാകാറായി. അപ്പോൾ അതാ അടുത്ത ആവശ്യം: "നമുക്കു നോയമ്പിനു എല്ലാ ദിവസവും പള്ളിയിൽ പോയാലോ?" ഇതും നിഷേധിക്കാൻ എനിക്കു കഴിഞ്ഞില്ല. അങ്ങനെ താനും അവന്റെയൊപ്പം എന്നും പള്ളിയിൽപോകാൻ തുടങ്ങി.

ബസ്യാത്രയിൽ സീറ്റ് കിട്ടിയാൽ താൻ ഒന്നുമറിയാത്ത മട്ടിൽ ഉറങ്ങുന്നതായി ഭാവിക്കും. ആർക്കെങ്കിലും സീറ്റ് ഏറ്റുകൊടുക്കണമല്ലോ എന്നു കരുതി... എന്നാൽ, ഐസക്കിന് ഇരിക്കാൻ സീറ്റു കിട്ടിയാൽ അവൻ ഓരോ സ്റ്റോപ്പിലും ആകാംക്ഷയോടെ നോക്കിക്കൊണ്ടിരിക്കും. അർഹർക്ക് ആർക്കെങ്കിലും കൊടുക്കേണ്ടതുണ്ടോ എന്ന്. ഇനി, അവൻ ബസിൽ നിൽക്കുകയാണെങ്കിലോ... വയ്യാത്തവർ ആരെങ്കിലും കയറിയാൽ, അവൻ ആരോടെങ്കിലുമൊക്കെ ചോദിച്ച് അവർക്ക് സീറ്റു നൽകും.

രോഗബാധിതനായി എന്നറിഞ്ഞ് പല തവണ താൻ അവനെ കാണാൻ പോയിരുന്നു. ഒരു സങ്കടവും അവനെ ബാധിച്ചിരുന്നില്ല. പഴയ പ്രസന്നത അവന്റെ മുഖത്തുണ്ടായിരുന്നു. ഇടയ്ക്കു പറയും: "റോഷാ... ഞാനില്ലെന്നു കരുതി പള്ളീപ്പോക്കൊന്നും നിർത്തിയേക്കരുത് കേട്ടോ."

"ഇല്ല കൂട്ടുകാരാ, നീ ഈ ലോകത്ത് ഇല്ലെങ്കിലും എന്റെ മനസ്സിൽ ഇപ്പോഴും ഉണ്ട്. എന്റെ അടുത്തുണ്ട്. നീ എനിക്കു കാണിച്ചുതന്ന നല്ല മാർഗങ്ങൾ ഞാൻ ഒരിക്കലും വിട്ടുകളയില്ല. നീ മരിച്ചാലും ഈ ലോകത്ത് നീ ജീവിക്കൂടാ..."

കല്ലറയ്ക്കു മുമ്പിൽ പ്രാർഥനകളർപ്പിച്ചശേഷം അയാൾ നടന്നുനീങ്ങി.

■

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# വെള്ളമുണ്ട്, കരമുണ്ട്



ഒരിക്കൽ ഉണ്ണായിവാര്യരും കുഞ്ചൻനമ്പ്യാരും പദ്മതീർഥക്കരയിൽവച്ചു കാണാനിടയായത്രേ! അപ്പോൾ അതുവഴി കാതിൽ ഓല ധരിച്ച ഒരു യുവതി തോഴിയോടൊപ്പം താളിയും കൈയിലേന്തി പദ്മതീർഥത്തിൽ കുളിക്കാനെത്തി. ഇവരെ കണ്ടമാത്രയിൽ കാതിലോല എന്ന് ഉണ്ണായിയും അതിനു മറുപടിയായി നല്ല താളി എന്നു നമ്പ്യാരും പറഞ്ഞതായി ഒരു ഐതിഹ്യമുണ്ട്. കാതിലോല, നല്ലതാളി എന്നീ പ്രയോഗങ്ങളിലുള്ള സന്ധിവ്യതിയാനമാണ് ഇവിടത്തെ നർമഹേതു.

കാതിലോല എന്ന സമസ്ത പദത്തെ കാതിൽ + ഓല എന്നും കാ + അതിലോല എന്നും പിരിച്ചെഴുതാം. 'കാതിലോല'യ്ക്ക് കാതിൽ അണിയുന്ന ഒരു തരം ആഭരണം എന്നാണർഥം. 'കാ അതിലോല'യ്ക്ക് ആകട്ടെ, ഏവൾ ആണ് സുന്ദരി എന്നർഥം വരും (കിം എന്ന ശബ്ദത്തിന്റെ സ്ത്രീലിംഗരൂപമാണ് കാ) നല്ല താളിയെ നല്ലത് ആളി എന്നു പിരിച്ചെഴുതുമ്പോൾ തോഴിയാണ് സുന്ദരി എന്ന വിവക്ഷിതം വന്നുചേരുന്നു. കാതിലോല, നല്ല താളി എന്നീ പ്രയോഗങ്ങളിലെ സന്ധിവികാരമാണ് ദ്വ്യർഥസൂചന നൽകിയതെന്നു വ്യക്തം.

ഒരു പദത്തിൽ ഒരിടത്തു സന്ധിയുള്ളതായി കണക്കാക്കിയാൽ ഒരർഥവും മറ്റൊരിടത്തു സന്ധിയുള്ളതായി ഗണിച്ചാൽ മറ്റൊരർഥവും കല്പിക്കാവുന്നതാണ്. അത്തരത്തിൽ പിരിച്ചെഴുതി സന്ധി നിർണയിക്കാവുന്ന രണ്ടു രൂപങ്ങളാണ് വെള്ളമുണ്ട്, കരമുണ്ട് എന്നിവ. വെള്ളമുണ്ടിനെ, വെള്ള + മുണ്ട് എന്നു പിരിച്ചെഴുതിയാൽ വെളുത്തമുണ്ട് എന്നും വെള്ളം + ഉണ്ട് എന്നു പിരിച്ചെഴുതിയാൽ വെള്ളം ഉണ്ട് എന്നും അർഥം ധരിക്കണം. വെളുത്ത മുണ്ട് വെള്ളമുണ്ട് എന്നിടത്ത് സംഹിതയും വെള്ളം ഉണ്ട് വെള്ളമുണ്ട് എന്നിടത്ത് അനുസ്വാരലോപവും സംഭവിക്കുന്നു എന്നതത്രേ അവ തമ്മിലുള്ള ഭേദം. കരമുണ്ടിനെ, കര + മുണ്ട് എന്നു വിഭജിച്ചാൽ കരയുള്ള മുണ്ട് എന്നും കരം + ഉണ്ട് എന്നു പിരിച്ചാൽ കൈയുണ്ട് എന്നും വിവക്ഷിതങ്ങൾ വന്നുചേരും. 'നമ്പിയാരെന്നു ചോദിച്ചു നമ്പിയാരെന്നു ചൊല്ലിനേൻ' എന്ന കവിമൊഴിയുടെ സ്വാരസ്യവും പിരിച്ചെഴുത്തിൽനിന്നാണല്ലോ വ്യക്തമാകുന്നത്.

താളി: ചിലയിനം സസ്യങ്ങളുടെ ഇല, തണ്ട് തുടങ്ങിയവ ചതച്ചു പിഴിഞ്ഞെടുക്കുന്ന ചാറ്, എണ്ണമയം കളയുന്നതിന് ഉപയോഗിക്കുന്നു.




**ആ**ര്യവേപ്പിനു പൗരാണികകാലം മുതൽതന്നെ ശ്രേഷ്ഠമായ സ്ഥാനമാണു കല്പിച്ചുനല്കിയിട്ടുള്ളത്. ഇതിന്റെ തൊലി, ഇല, വിത്ത് തുടങ്ങിയവ ഔഷധയോഗ്യമാണ്. അന്തരീക്ഷ ശുദ്ധീകരണത്തിനും ജൈവവളങ്ങൾക്കും എണ്ണയ്ക്കും വേപ്പ് പ്രയോജനപ്പെടുത്തിപ്പോരുന്നു. വേപ്പിൻതടി ഈടും ഉറപ്പും ഉള്ളതാണ്.

ചർമരോഗങ്ങൾ, കുഷ്ഠം, വാതരോഗങ്ങൾ എന്നിവയ്ക്കു വളരെ ഫലപ്രദമായ വേപ്പിൽ 'മാർഗോസിൻ' എന്ന ആൽക്കലോയ്ഡ് അടങ്ങിയിരിക്കുന്നു. വിത്തിൽ 'മാർഗോസോപിക്രിൻ' എന്ന പദാർഥവും ഉൾക്കൊള്ളുന്നു. വേപ്പിനു രക്തശുദ്ധിയുണ്ടാക്കാനുള്ള പ്രത്യേക ശക്തിയുള്ളതായി പറയപ്പെടുന്നു. പ്രമേഹം, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾക്കുള്ള ഒറ്റമൂലികൂടിയാണിത്. ഫലപ്രദമായ ഒരു ജൈവകീടനാശിനിയെന്ന നിലയിൽ വേപ്പെണ്ണയും വളരെ പ്രസിദ്ധമാണ്.

പനി, വാതരോഗങ്ങൾ, വിശപ്പില്ലായ്മ, ക്ഷീണം, കൃമിശല്യം, വിഷം, വ്രണങ്ങൾ, പൊങ്ങൻപനി, തീപ്പൊള്ളൽ, മുടികൊഴിച്ചിൽ, കർണരോഗങ്ങൾ, പുഴുക്കടി, ഗ്രഹണി, പാദം വിണ്ടുകീറൽ തുടങ്ങി ഒട്ടനവധി രോഗങ്ങൾക്ക് ആര്യവേപ്പിന്റെ ഇല, തൊലി തുടങ്ങിയവ തനിച്ചും മറ്റ് ഔഷധങ്ങളോടു ചേർത്തും ഉപയോഗിച്ചുവരുന്നു.

ആര്യവേപ്പ് നമ്മുടെ നാട്ടിലും ധാരാളമായി വളർന്നുകാണുന്നു. എങ്കിലും വരണ്ട കാലാവസ്ഥയിൽ വളരുന്നിടങ്ങളിലേതുപോലെ വിത്ത് ഉണ്ടാകാറില്ല. ജൂൺ മുതൽ ഓഗസ്റ്റ്വരെയാണ് വിത്തുകൾ വിളഞ്ഞു പാകമാകുന്നത്. വിത്തുപാകി കിളിർപ്പിച്ച തൈകൾ നടാൻ ഉപയോഗിക്കാം.

തൈകൾക്കു നാലുമാസം പ്രായമായാൽ പ്രധാനകൃഷിസ്ഥലത്തു തയ്യാറാക്കിയ കുഴിയിൽ ആവശ്യത്തിനു ചാണകപ്പൊടിയോ കമ്പോസ്റ്റുവളമോ ഇട്ട് തൈ നടാം. നീർവാർച്ചയുള്ള തുറസ്സായ സ്ഥലമാണ് ഇതിന്റെ വളർച്ചയ്ക്കു യോജിച്ചത്.

കാലവർഷാരംഭം തൈകൾ നടാൻ പറ്റിയ സമയമാണ്. വേനലിൽ നനയ്ക്കണം. വർഷം തോറും കളയെടുപ്പു നടത്തി ജൈവവളങ്ങൾ ചേർത്തുകൊടുക്കണം. വേനൽക്കാലങ്ങളിൽ ചുവട്ടിൽ പുതയിടൽ നടത്തുന്നതും ഓലയുപയോഗിച്ച് ചുറ്റും മറച്ചുകെട്ടി സംരക്ഷിക്കുന്നതും ഉത്തമം.

അന്തരീക്ഷവായുവിനെ ശുദ്ധീകരിക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്ന വൃക്ഷമാണ് ആര്യവേപ്പ്. അതിനാൽത്തന്നെ വീട്ടുവളപ്പിലെ കൃഷിയിടത്തിൽ ഇവയ്ക്കും സ്ഥാനം നൽകുവാൻ നാം മറക്കരുത്.

# അഗ്നിശുദ്ധിയിൽ ദീപ്തമായ 95 വർഷങ്ങൾ

മൃത്യുവിന്റെ നിഗൂഢതയെക്കാൾ ഭീതിദം പലപ്പോഴും പരിത്യാഗത്തിന്റെ ഗദ്ഗദങ്ങളാകുന്നുവെന്നു കാലം കടന്നുചെല്ലുമ്പോൾ നാം മനസ്സിലാക്കാറുണ്ട്. ജീവിതത്തിൽ അപരിഹാര്യമായ നഷ്ടങ്ങൾ സംഭവിക്കുന്നത് മിക്കപ്പോഴും അപ്രതീക്ഷിതമായിട്ടാണല്ലോ, ഞാൻ പറഞ്ഞുവരുന്നത് ദൈവത്തിന്റെ ഇഷ്ടപ്പെട്ട സൃഷ്ടികളിൽ അപൂർവം ചിലരിൽ ഒരാളായ ബെനഡിക്ട് പാപ്പായെപ്പറ്റിത്തന്നെ.

1974 മുതൽ പരിചയമുള്ള വ്യക്തി - ഫാ. ജോസഫ് റാറ്റ്സിംഗർ. അന്നു ഞാൻ ജർമനിയിലെ ഏറ്റവും മികച്ച ലുഡ്വിഗ് - മാക്സിമില്യൻ യൂണിവേഴ്സിറ്റിയിൽ മെഡിക്കൽ വിദ്യാർഥി. ലോകത്ത് ഏറ്റവും കൂടുതൽ നൊബേൽ സമ്മാനജേതാക്കളെ സമ്മാനിച്ച സർവകലാശാലകളിൽ പതിനേഴാം സ്ഥാനമലങ്കരിക്കുന്നു ലുഡ്വിഗ് - മാക്സ്മില്യൻ യൂണിവേഴ്സിറ്റി.

മ്യൂണിക് യൂണിവേഴ്സിറ്റിയിൽ മെഡിക്കൽ വിദ്യാഭ്യാസം തുടങ്ങിയപ്പോൾമുതൽ ലോകപ്രശസ്ത ദൈവശാസ്ത്രജ്ഞനും ഗ്രന്ഥകാരനുമായ ജോസഫ് റാറ്റ്സിംഗറച്ചനുമായി നേരിൽക്കണ്ടു പരിചയപ്പെടാൻ ഉത്കടമായ ആഗ്രഹമുണ്ടായി. 1950 കളിൽത്തന്നെ ഈ യൂണിവേഴ്സിറ്റിയിൽ പഠനം പൂർത്തിയാക്കിയ റാറ്റ്സിംഗറച്ചൻ ബോൺ, മ്യൂൻസ്റ്റർ, ത്വീബിങ്ങൻ എന്നീ യൂണിവേഴ്സിറ്റികളിലെ തിയോളജി അധ്യാപനത്തിനു ശേഷം റേഗൻസ്ബുർഗ് സർവകലാശാലയിലെത്തി. അവിടെ ഡോഗ്മാറ്റിക് തിയോളജിയുടെ വകുപ്പുമേധാവി. ഈ അധ്യാപനകാലയളവിലാണ് അദ്ദേഹം നിരവധി ദൈവശാസ്ത്രഗ്രന്ഥങ്ങൾ രചിച്ചത്. അദ്ദേഹത്തിന്റെ 'ക്രൈസ്തവികതയ്ക്ക് ഒരാമുഖം' എന്ന ഗ്രന്ഥം ലോകപ്രസിദ്ധമാണ്. അന്നു ഞാൻ പഠിച്ചിരുന്ന ക്ലാസ്സുകൾക്കു തൊട്ടടുത്തുതന്നെ പ്രഫ. റാറ്റ്സിംഗർ തിയോളജിക്ലാസ്സുകളെടുക്കാൻ വരും. മ്യൂണിക് യൂണിവേഴ്സിറ്റിയിലെ തിയോളജിവിദ്യാർഥികൾക്കായുള്ള ബ്ലോക്കാണത്. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ കേൾക്കാൻ കയറിക്കൂടിയ എന്നെ കൗതുകത്തോടെ റാറ്റ്സിംഗർ അടുത്തേക്കു വിളിച്ച് ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും കത്തോലിക്കരുടെ ആരാധനക്രമങ്ങളെപ്പറ്റിയും മറ്റും വിശദമായി ചോദിച്ചിരുന്നു. അങ്ങനെ ഞങ്ങളുടെ ബന്ധം ഏറെ അടുത്തു. ആ സ്നേഹം റാറ്റ്സിംഗറിന്റെ കുടുംബത്തിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി.

ഒരു ദിവസം ക്ലാസ്സുകഴിഞ്ഞ് ഞാൻ അദ്ദേഹത്തെ കാണാൻ കാത്തുനിന്നു. കണ്ടപ്പോൾ സൗഹൃദസംഭാഷണങ്ങൾക്കു ശേഷം പെന്റ്മിങ്ങിലെ വീട്ടിലേക്കു ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. മ്യൂണിക്കിൽനിന്ന് ട്രെയിനിൽ റേഗൻസ്ബുർഗ് റെയിൽവേസ്റ്റേഷനിൽ എത്തിയ എന്നെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോകാൻ റാറ്റ്സിംഗറച്ചൻ കാറുമായി കാത്തുനിൽക്കുന്നുണ്ടായിരുന്നു. പെന്റ്ലിങ്ങിലെ വസതിയിൽ അവിവാഹിതയായ മൂത്ത സഹോദരി മരിയയോടൊപ്പം ജ്യേഷ്ഠൻ ജോർജ് റാറ്റ്സിംഗറച്ചനും താമസിച്ചിരുന്നു. മരിയയാണ് അനുജന്മാർക്ക് ഭക്ഷണം പാകം ചെയ്തുകൊടുക്കുന്നതും, വീട്ടുകാര്യങ്ങൾ നടത്തുന്നതും. ഫാ. ജോർജ് റാറ്റ്സിംഗർ അന്ന് റേഗൻസ്ബുർഗ് കത്തീഡ്രലിലെ ഗായകസംഘം മേധാവി (കപ്പേൽ മൈസ്റ്റർ). ആ മൂന്നു റാറ്റ്സിംഗർ സഹോദരങ്ങൾ ഒരുമിച്ചുകഴിഞ്ഞിരുന്ന അവസാനവേളയാണ് പെന്റ്ലിങ്ങിലെ കാലമെന്ന് പിന്നീട് മാർപാപ്പാ പറഞ്ഞിട്ടുണ്ട്. പല ഞായറാഴ്ചകളിലും ഞാൻ പെന്റ്ലിങ്ങിൽ പോയി റാറ്റ്സിംഗർ സഹോദരങ്ങൾക്കൊപ്പം ഭക്ഷണം കഴിച്ചിട്ടുണ്ട്.

കൊളുത്തിവച്ച വിളക്കു പോലെ പ്രകാശപൂരിതമാണ്

**ഡോ. ജോർജ് തയ്യിൽ**

ജോസഫ് റാറ്റ്സിംഗറുടെ ജീവിതരേഖ. 1927 ഏപ്രിൽ 16-ാം തീയതി ജനനം. പിതാവ് ജോസഫ് പോലീസുകാരൻ, മാതാവ് മരിയ ഹോട്ടലിലെ പാചകക്കാരി. മ്യൂണിക്കിന്റെ തെക്കുഭാഗത്തുള്ള മാർക്റ്റൽ അം ഇൻ എന്ന ഗ്രാമമാണ് ജന്മസ്ഥലം. പതിന്നാലു വയസ്സുള്ളപ്പോൾ ഹിറ്റ്ലർ യൂത്തിൽ ചേരാൻ നിർബന്ധിതനായി. 1945 ൽ യുദ്ധം അവസാനിച്ചശേഷം വൈദികസെമിനാരിയിൽ പഠനം തുടങ്ങുന്നു. നിർബന്ധിത നാസി പട്ടാളജീവിതവും യുദ്ധത്തടവുകാരുടെ ക്യാമ്പിലെ തിക്താനുഭവങ്ങളുമെല്ലാം അയവിറക്കിയാണ് ജോസഫ് റാറ്റ്സിംഗർ തന്റെ വൈദികപഠനം തുടർന്നത്. 1951 ൽ സഹോദരൻ ജോർജ് റാറ്റ്സിംഗറോടൊപ്പം ഒരേ ദിവസം വൈദികപട്ടം സ്വീകരിച്ചു. പിന്നെ അവഗാഹമായ അധ്യാപനജീവിതത്തിലേക്കു കടക്കുകയാണ്.

റേഗൻസ്ബുർഗിൽ പഠിപ്പിച്ചും പുസ്തകങ്ങൾ എഴുതിയും കത്തോലിക്കാസഭയെ വിശ്വാസത്തിലും ആരാധനക്രമങ്ങളുടെ പ്രസക്തിയിലും നവീകരിച്ചും ശുദ്ധീകരിച്ചും മുന്നോട്ടുപോകവെയാണ് അതുണ്ടായത് - മ്യൂണിക്കിലെയും ഫ്രൈസിങ്ങിലെയും ആർച്ചുബിഷപ്പായ കർദിനാൾ ജൂലിയസ് ഡോഫ്നറുടെ നിര്യാണത്തോടെ പോൾ ആറാമൻ മാർപാപ്പാ ഫാ. റാറ്റ്സിംഗറെ അതിരൂപതയുടെ ആർച്ചുബിഷപ്പാക്കി വാഴിച്ചു. 1977 ൽ ജോസഫ് റാറ്റ്സിംഗർ ആർച്ചുബിഷപ്പും കർദിനാളുമായി. സുഹൃത്തായ റാറ്റ്സിംഗറച്ചൻ ആർച്ചുബിഷപ്പായപ്പോൾ മെഡിക്കൽ വിദ്യാഭ്യാസസംബന്ധമായ എന്റെ കഷ്ടപ്പാടുകൾക്ക് ഏറെക്കുറെ അറുതിയുണ്ടായി. കർദിനാൾ റാറ്റ്സിംഗർ ജർമൻ ബിഷപ്സ് കോൺഫെറൻസിന്റെ വക ഒരു സ്കോളർഷിപ്പ് എനിക്കു തരപ്പെടുത്തിത്തന്നു. അതിരൂപതയുടെ വക ഒരു ഹോസ്റ്റലിൽ കുറഞ്ഞ ചെലവിൽ താമസം. ജർമനിയിലെ എന്റെ മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിച്ചത് റാറ്റ്സിംഗർ തരപ്പെടുത്തിത്തന്ന സാമ്പത്തിക സഹായങ്ങൾകൊണ്ടു മാത്രമാണ്.

കത്തോലിക്കാസഭയുടെ വിശ്വാസസംരക്ഷകനായിട്ടാണ് ജോസഫ് റാറ്റ്സിംഗർ അന്ന് അറിയപ്പെട്ടിരുന്നത്. ഈവ് കോംഗാർ, കാൾബർത്ത്, കാൾ റാനർ എന്നീ ദൈവശാസ്ത്രകാരന്മാരുടെ വൈരുധ്യാത്മകമായ കാഴ്ചപ്പാടുകളെ തിരുത്തിയെടുക്കാൻ റാറ്റ്സിംഗർ മുന്നിട്ടുനിന്നു. തന്റെ സമകാലികനായ ഹൻസ് ക്രൂങ്ങിന്റെ വിപ്ലവകരമായ ദൈവശാസ്ത്രവിമർശനങ്ങളെ ശക്തിയുക്തം എതിർത്തു. മാർപാപ്പായുടെ അപ്രമാദിത്വ അധികാരങ്ങളെ ചോദ്യം ചെയ്ത ഹാൻസ് ക്യുങ്ങിനെ നിലയ്ക്കുനിർത്താൻ റാറ്റ്സിംഗർ പുസ്തകങ്ങളെഴുതി. സഭയുടെ ആന്തരികസത്തയെ വചനബദ്ധമായി പുനർനിർവചിക്കുന്ന 'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയും സഭയും ലോകവുമായുള്ള ബന്ധത്തെ വ്യക്തമാക്കുന്ന 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖയും രൂപപ്പെടുത്തുന്നതിൽ റാറ്റ്സിംഗർ തന്റെ ആത്മീയവെളിപാടുകളെ അപരിമേയമാക്കി. ദൈവശാസ്ത്രത്തിന്റെ നൂലാമാലകൾ കെട്ടഴിച്ച് സുതാര്യമാക്കി ലോകത്തിനുമുമ്പിൽ പ്രതിഷ്ഠിച്ച റാറ്റ്സിംഗറെ ആഗോളസഭയുടെ അമരത്തേക്ക് ആനയിക്കാനായി ദൈവം സാവധാനം ഒരുക്കുകയായിരുന്നു. അങ്ങനെയാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പാ 1981 ൽ വിശ്വാസതിരുസംഘത്തിന്റെ പ്രീഫെക്ടായി കർദിനാൾ റാറ്റ്സിംഗറെ വത്തിക്കാനിലേക്കു ക്ഷണിക്കുന്നത്.

ഓരോ നെന്മണിയിലും എഴുതപ്പെട്ടിട്ടുണ്ട്, അത് ആരു ഭക്ഷിക്കണമെന്നത്. പ്രശ്നകലുഷിതമായ ഒരു കാലഘട്ടത്തിലാണ് സഭാനൗകയെ നയിക്കാനായി ജോൺ പോൾ രണ്ടാമൻ നിയമിക്കപ്പെടുന്നത്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിലനിൽക്കുന്ന വികലമായ ദൈവശാസ്ത്രചിന്തകളെ നിയന്ത്രിക്കാനും സഭയിലെ പുരോഗമനവാദികൾക്കു നേർവഴി കാണിച്ചുകൊടുക്കാനും ജോൺപോൾ രണ്ടാമൻ പാപ്പാ ഏറെ പണിപ്പെട്ടു. തത്ത്വത്തിൽ ഒരു ദൈവശാസ്ത്രപണ്ഡിതനല്ലായിരുന്ന പാപ്പായ്ക്ക് സഭയെ ആഗോളമായി ബാധിച്ചിരുന്ന വിശ്വാസശോഷണത്തിനു പരിഹാരം കാണാൻ പ്രാപ്തനായ ഒരു സഹായിയെ ആവശ്യമായിവന്നു. അതിനായി പാപ്പാ കണ്ടുപിടിച്ച വിശ്വസ്തനായ വ്യക്തിയായിരുന്നു കർദിനാൾ റാറ്റ്സിംഗർ. ദൈവവചനത്തിലും ആരാധനക്രമങ്ങളിലും സഭാപിതാക്കന്മാരുടെ പഠനങ്ങളിലും അടിസ്ഥാനമിടുന്നതായിരുന്നു റാറ്റ്സിംഗറുടെ പ്രഘോഷണശൈലി. അങ്ങനെ ജോൺപോൾ രണ്ടാമന്റെ ഗൗരവമേറിയ ദൈവശാസ്ത്രപരമായ തീരുമാനങ്ങൾക്കു പിന്നിൽ തലച്ചോറായി വർത്തിക്കാൻ കർദിനാൾ റാറ്റ്സിംഗറെ വത്തിക്കാനിലേക്കു വിളിച്ചു. 1981 ൽ റാറ്റ്സിംഗറെ വിശ്വാസതിരുസംഘം, അന്താരാഷ്ട്രദൈവശാസ്ത്രകമ്മീഷൻ, പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ എന്നീ സുപ്രധാന തസ്തികകളുടെ അധ്യക്ഷനായി നിയമിച്ചു.

കർദിനാൾ റാറ്റ്സിംഗർ വത്തിക്കാനിലേക്കു വിളിക്കപ്പെട്ടതോടെ മ്യൂണിക് യൂണിവേഴ്സിറ്റിയിൽ മെഡിക്കൽ പഠനം പൂർത്തിയാക്കിക്കൊണ്ടിരുന്ന ഈയുള്ളവൻ ഒറ്റപ്പെട്ടതുപോലെ തോന്നി. എന്തിനും എപ്പോഴും കയറിച്ചെല്ലാവുന്ന മ്യൂണിക്കിലെ അരമന എന്നിൽനിന്നകന്നുപോയ പ്രതീതി. മെഡിക്കൽ ഗ്രാജുവേഷൻ പൂർത്തിയാക്കി ബിരുദാനന്തരബിരുദപഠനം തുടങ്ങുന്നതിനുമുമ്പ് വത്തിക്കാനിൽപോയി പിതാവിന്റെ അനുഗ്രഹം വാങ്ങി.

വിശ്വാസതിരുസംഘത്തിന്റെ പ്രീഫെക്ടായശേഷം കർദിനാൾ റാറ്റ്സിംഗറുടെ ആദ്യത്തെ ഉദ്യമം എൺപതുകളിൽ പ്രബലമായിക്കൊണ്ടിരുന്ന വിമോചനദൈവശാസ്ത്രത്തിനെതിരേ സഭയുടെ നിലപാട് ശക്തമാക്കുക എന്നതായിരുന്നു. അതുപോലെ, ആരാധനക്രമത്തിന്റെ പ്രബുദ്ധതയും ചരിത്രത്തെയും കാലത്തെയും അതിജീവിക്കുന്ന ശ്രേഷ്ഠതയും പുനർവ്യാഖ്യാനം ചെയ്യുന്നതിനും അതു സഭയുടെ കേന്ദ്രബിന്ദുവാകാൻ സഹായിക്കുന്നതിനും റാറ്റ്സിംഗർ രചിച്ച കൃതിയാണ് 'ആരാധനക്രമത്തിന്റെ ആത്മാവ്'. സഭയുടെ നവീകരണവും പരമമായ ശുദ്ധീകരണവും നടക്കേണ്ടത് ആരാധനക്രമത്തിലൂടെയാണെന്ന് റാറ്റ്സിംഗർ അടിവരയിട്ടു പറഞ്ഞു.

വിശ്വാസതിരുസംഘത്തിന്റെ പ്രീഫെക്ട് എന്ന നിലയിൽ തനിക്കാവുന്നതെല്ലാം ചെയ്തശേഷം റേഗൻസ്ബുർഗിലേക്കു മടങ്ങണമെന്നും ശിഷ്ടകാലം വായനയിലും എഴുത്തിലുമായി ഒതുങ്ങിക്കൂടണമെന്നും കർദിനാൾ റാറ്റ്സിംഗർക്ക് ഏറെ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ, ജോൺപോൾ രണ്ടാമൻ പാപ്പാ അതിനദ്ദേഹത്തെ അനുവദിച്ചില്ല. ജോൺപോൾ രണ്ടാമന്റെ ആരോഗ്യനില വഷളായപ്പോൾ വത്തിക്കാനിലെ എല്ലാക്കാര്യവും റാറ്റ്സിംഗറുടെ ചുമലിലായി. 84-ാമത്തെ വയസ്സിൽ പാപ്പാ കാലം ചെയ്തതോടെ കർദിനാൾ റാറ്റ്സിംഗർ മാർപാപ്പായായി തിരഞ്ഞെടുക്കപ്പെട്ടു. ബെനഡിക്ട് പതിനാറാമൻ എന്ന നാമം സ്വീകരിച്ചു. 2005 ഏപ്രിൽ 19 ന് റാറ്റ്സിംഗർ ബെനഡിക്ട് പതിനാറാമനായി പ്രഖ്യാപനം വന്നു. ഞാനന്ന് എറണാകുളത്ത് ലൂർദ് ആശുപത്രിയിൽ ഹൃദ്രോഗവിഭാഗം മേധാവിയായി സേവനമനുഷ്ഠിക്കുന്നു. അനുമോദിച്ചുകൊണ്ട് പിതാവിനെഴുതിയപ്പോൾ ഉടൻ മറുപടി വന്നു, വത്തിക്കാനിൽ കുടുംബസമേതം വരണമെന്നു ക്ഷണിച്ചുകൊണ്ട്. അതേത്തുടർന്ന് പിതാവിന്റെ സ്ഥാനത്യാഗംവരെ പലവട്ടം വത്തിക്കാനിൽ ഭാര്യ ഡോ. ശുഭയോടൊപ്പം പോയി കണ്ടു.

ഇന്ന്, കേരളത്തിൽ, ഒരുപക്ഷേ ഇന്ത്യയിൽത്തന്നെ ബെനഡിക്ട് പതിനാറാമൻ പാപ്പായെ വൈദികനായിരുന്നപ്പോൾമുതൽ നാലു പതിറ്റാണ്ടോളം ഏറെയടുത്തു പരിചയമുള്ള മറ്റൊരാളുണ്ടോ എന്നു സംശയം. അത് ദൈവം എനിക്കു തന്ന കാരുണ്യം. ബെനഡിക്ട് പാപ്പായ്ക്ക് ഞാനുമായുള്ള ബന്ധത്തിന്റെ കഥയാണ് ഈയിടെ പ്രസിദ്ധീകരിച്ച 'സ്വർണം അഗ്നിയിലെന്നപോലെ' എന്ന എന്റെ പുസ്തകം. പിതാവിന്റെ നിഴലിൽ ഞാൻ വലുതായ എന്റെ അനുഭവസാക്ഷ്യങ്ങൾ. ബെനഡിക്ട് പതിനാറാമന്റെ ജീവചരിത്രകാരനാകാൻ സാധിച്ചതിൽ ദൈവത്തിനു സ്തുതി. ആ പുണ്യപുരുഷന്റെ ഹൃദയത്തുടിപ്പുകൾ അനുഭവിച്ചറിയാൻ സാധിച്ചതു ദൈവകൃപ.



*ഡോ. ജോർജ് തയ്യിലും ഭാര്യ ഡോ. ശുഭയും ബനഡിക്ട് പതിനാറാമൻ മാർപാപ്പായെ സന്ദർശിച്ചപ്പോൾ (ഫയൽചിത്രം)*





ടി. പി. ശാസ്തമംഗലം

**ജീ**വിതത്തിലെ സുപ്രധാനവഴിത്തിരിവാണു വിവാഹം. അതിനാൽ, ആ പേരിൽ അറിയപ്പെടുന്ന ധാരാളം ചലച്ചിത്രങ്ങൾ നമ്മുടെ വെള്ളിത്തിരയിൽ വെളിച്ചം കണ്ടിട്ടുണ്ട്. വിവാഹസമ്മാനം, വിവാഹം സ്വർഗത്തിൽ, വിവാഹിത, വിവാഹിതരേ ഇതിലേ, നാളെ ഞങ്ങളുടെ വിവാഹം എന്നീ ചിത്രങ്ങൾ പെട്ടെന്ന് ഓർമവന്നതു കുറിക്കുകയാണ്. എന്നാൽ, വിവാഹത്തിന്റെ (വി+വാഹം = വിവാഹം. ഒരിക്കലും ഉപേക്ഷിക്കാൻ കഴിയാത്ത വഹനം - ചുമക്കൽ എന്നർഥം) പര്യായപദമായ കല്യാണം കടന്നുവരുന്ന

# അറുതിയില്ലാത്ത സങ്കടം

ശീർഷകങ്ങളാണ് ഏറെയുള്ളത്. കല്യാണക്കച്ചേരി, കല്യാണരാമൻ, കല്യാണപ്പന്തൽ, കല്യാണസൗഗന്ധികം, കല്യാണഫോട്ടോ, കല്യാണക്കുറിമാനം, കല്യാണരാത്രിയിൽ, കല്യാണ ഉണ്ണികൾ, കളിയല്ല കല്യാണം, കുറുക്കന്റെ കല്യാണം, മിണ്ടാപ്പൂച്ചയ്ക്കു കല്യാണം, കടിഞ്ഞൂൽകല്യാണം, കാക്കയ്ക്കും പൂച്ചയ്ക്കും കല്യാണം, കല്യാണപ്പിറ്റേന്ന്, അഞ്ചരക്കല്യാണം, കളിയല്ല കല്യാണം, കളമശ്ശേരിയിൽ കല്യാണയോഗം, സുന്ദരകല്യാണം, പുലിവാൽകല്യാണം, ഇന്നാണ് ആ കല്യാണം, മീനാക്ഷിക്കല്യാണം, കാഞ്ചീപുരത്തെ കല്യാണം, ആനന്ദക്കല്യാണം എന്നിങ്ങനെ പോകുന്നു ആ പേരുകൾ.

ഇക്കാലത്ത് ഇത്തരത്തിൽ മനസ്സിലാകുന്ന പേരിട്ടാൽ കുറച്ചിലല്ലേ? അതുകൊണ്ട് സംവിധായകനായ സാജൻ ആലുംമൂട്ടിൽ (സാജൻ കെ. മാത്യു) വളരെ കഷ്ടപ്പെട്ട് സ്വന്തം ചിത്രത്തിനു പുതിയ ഒരു പേരു കണ്ടുപിടിച്ചു. 'വിവാഹ ആവാഹനം' എന്താണ് ഈ ആവാഹനം? ശബ്ദതാരാവലി പറയുന്നു ആവാഹിക്കൽ (മന്ത്രം ജപിച്ചു വിളിക്കുക, ക്ഷണിക്കുക, സമീപത്തു വരുത്തുക എന്നൊക്കെയാണ് ആവാഹിക്കുക എന്നതിനർഥം), ഹോമം എന്നിവയാണ് അതിന്റെ അർഥമെന്ന്. അപ്പോൾ 'വിവാഹ' ആവാഹനത്തെ ഏതു കുറ്റിയിൽ കെട്ടും? വിവാഹം ക്ഷണിക്കൽ എന്നു കഷ്ടിച്ച് അർഥം പറയാം. സാധാരണക്കാർക്ക് ഇതു വല്ലതും മനസ്സിലാകുമോ?

ആ ചിത്രത്തിലെ ഒരു പാട്ടുകേട്ടാൽ ചിത്രനാമം എത്ര ഭേദമെന്ന് ആരും പറഞ്ഞുപോകും. രചന: സാം മാത്യു, സംഗീതം - രാഹുൽ ആർ ഗോവിന്ദ; ആലാപനം - അരവിന്ദ് ദിലീപ് നായർ.

'നീഹാരംപോൽ വന്നുയിരിൽ ഒരാൾ
നിലാമയൂഖമായ് നീരൂറുന്നു
മെയ്യിലാകവേ
വിരൽത്തുമ്പു ചേരുമ്പോഴോ
കുളിർനിലാ കടൽപോലെയാളുന്നു
നിൻ മൗനം നെഞ്ചിലായ്
തോരാതെ പെയ്യുന്നു
ആർദ്രമായ് ഹേമന്തം
ആകാശമേ നിൻ മൗനമാം
ആഴങ്ങളിൽ നീങ്ങും മിന്നാരങ്ങൾ"

ഇത് ലിറിക്കൽ വീഡിയോ ആയിട്ടാണ് ചിത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പലപ്പോഴും എഴുതിക്കാണിക്കുന്നതല്ല പാടുന്നത്. ആ ഗാനത്തിന്റെ കാര്യത്തിൽ അശ്രദ്ധ എത്രത്തോളമുണ്ടെന്നതിനു തെളിവാണിത്. ആദ്യത്തെ ഈരടി നോക്കുക. മിക്കതും അനാവശ്യമായ പ്രയോഗങ്ങൾ. ചുരുക്കത്തിൽ, ഗാനത്തിന്റെ ആശയം കണ്ടുപിടിക്കാൻ ശ്രമിച്ചാൽ മരീചികയിൽ ജലം നിറയും പോലെ വ്യർഥപ്രവൃത്തിയാകുമത്.

മെയ്യിതൾപോലെയുള്ള ഒരു പ്രയോഗം അസഹനീയമാണ്. ഭാഷയോ കാവ്യസംസ്കൃതിയോ വശമില്ലാത്ത ഗാനരചയിതാവ് തൂലികയെടുത്ത് എന്തൊക്കെയോ കുത്തിക്കുറിച്ചിരിക്കുന്നു. അവ അക്ഷരങ്ങളായി രൂപംകൊണ്ടു എന്നതു ശരിതന്നെ. പക്ഷേ, ആ അക്ഷരങ്ങൾ വാക്കുകളായി മാറിയപ്പോൾ അവ അർഥമില്ലാത്തതും പരസ്പരം വിഘടിച്ചു നില്ക്കുന്നവയുമായിപ്പോയി. ഇത്തരം പാട്ടുകളാണ് ഇന്നത്തെ ഏതു ചിത്രത്തിലുമുള്ളത്. അതുകൊണ്ടാണ് ആസ്വാദകർ അവയെ പൂർണമായും അവഗണിക്കുന്നത്.

"മേഘമേ വെൺമേഘമേ
തൊടാതെ നീ നനഞ്ഞോ
കനൽച്ചൂടുരുമ്മും
മനസ്സിൽ കരൾക്കൂടിതിൽ വരൂ..."

പാടിയിരിക്കുന്നതു പലതും വ്യക്തമല്ല. ചില അക്ഷരങ്ങൾ വിഴുങ്ങിയിരിക്കുന്നു. ചിലതു മാറി ഉച്ചരിക്കുന്നു. നോക്കൂ, മനസ്സിൻ കരൾക്കൂട് എന്നെഴുതാൻ സാം മാത്യുവിനു തെല്ലും മടി തോന്നിയില്ല കവിതയിലും ഗാനത്തിലും. അവ രണ്ടും ഒന്നാണെന്ന പ്രാഥമിക അറിവുപോലും തൂലികയുന്തിയയാൾക്ക് ഇല്ലാതെപോയി. എന്നിട്ടും ഗാനരചയിതാക്കളുടെ പട്ടികയിൽ അദ്ദേഹവും സ്ഥാനം പിടിച്ചിരിക്കുന്നു. ഇത്തരക്കാർ മതി എന്ന അവസ്ഥ സംജാതമായതാണ് ഇന്നത്തെ ഏറ്റവും വലിയ സങ്കടം. നാം സങ്കടപ്പെടാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. ഒരിക്കലും അതിന് അറുതി വരുന്നതുമില്ല. ■

കവിത

കെ. കെ. പടിഞ്ഞാറപ്പുറം

# പുതുവർഷമൊഴികൾ

ആഭഹർഷയായ് പുതുവർഷമേ നീയെത്തിയല്ലോ
ആനന്ദമോടെ നീ ഞങ്ങൾക്കെന്തു നല്കും?
ആശീർവദിക്കണം ഭാവി ഭാസുരമാക്കുവാൻ
ആമോദത്തോടെയനുഗ്രഹമേകീടണം.

മനുജരേ, നിങ്ങൾ കാര്യസാധ്യത്തിനായ്
മടിയൊട്ടുമില്ലാതെ കാലുപിടിക്കുന്നവർ
മനുഷ്യൻ മനുഷ്യനെ സ്നേഹിച്ചിടുമ്പോൾ
മമതയോടു ഭാവുക പനിനീർതളിച്ചിടും

കാലമാം നന്മമരം വേരറ്റുപോകില്ലുണങ്ങില്ല
കാമ്യകാന്തിയിലകളോടെന്നും അമരതരുവായ്
നിന്നിടും

പേടിയുടെ ചൂടിൽ വെന്തുരുകുമ്പോഴും
പാടലാധരങ്ങളിൽ ചിരിയോടെ നില്പൂ.

കാലമാം എനിക്കു പേടി പലവിധ
കാലപാശവുമായ് മാനവർ നില്പൂ
ഭൂമിയാം അമ്മ കരയുന്നു നിങ്ങൾ തൻ
ക്രൂരപീഡനതാഡനത്താൽ

മലയും പുഴയും മെലിഞ്ഞുണങ്ങി
മനുജ സ്വാർഥകരാളകർമങ്ങളാൽ
പരിസ്ഥിതി പരിരക്ഷയില്ലാതെയായി
പരിലാളനാകരങ്ങൾ നീളാതെയായി

പരിരംഭണം ചെയ്യുമാസുരഭാവങ്ങളോടെ
പടവെട്ടുന്നു മനുജൻ മനുജനോട്
സാഹോദര്യബന്ധമാം കണ്ണികൾ
പകപ്പാണിയാൽ പൊട്ടിച്ചെറിയുന്നു

നിന്നെപ്പോലെ നിന്നയൽക്കാരനെ സ്നേഹിപ്പാൻ
നിഷ്കളങ്കമാനസരായ് മാറു മക്കളേ
അതാണ് എന്റെ സ്നേഹസമ്മാനസന്ദേശം
അമലകർമമായതാചരിപ്പിൻ.

വൈറസിനെ സൃഷ്ടിച്ചു കൊറോണയെത്തിച്ചു
വൈശിഷ്ട്യരാജ്യങ്ങളെ കീഴടക്കാൻ
വൈകൃതമനസ്സിൽനിന്നിനിയുമിനിയും
വൈരാഗ്യവൈറസിനെ പടച്ചിടല്ലേ!

നവവർഷമാമെനിക്കൊന്നേ പറഞ്ഞിടേണ്ടൂ
നവമാലികമലരുകൾ മനക്കാമ്പിൽ വിടർത്തൂ
മാനവീയതാസ്നേഹമലരിൻ മണമെപ്പോഴും
മാലോകനന്മയ്ക്കായ് പടർത്തൂ.




മാത്യൂസ് ആർപ്പൂക്കര

# അങ്ങാടിക്കുരുവി

**ഫ്രി**ൻജില്ലിഡെ കുലത്തിൽപ്പെടുന്ന പക്ഷിയാണ് അങ്ങാടിക്കുരുവി. ഇതിനെ നാരായണപ്പക്ഷി എന്നും വിളിക്കാറുണ്ട്. ശാസ്ത്രനാമം പാസെർ ഡൊമസ്റ്റിക്കസ്.

ധാന്യക്കടകൾ ഏറെയുള്ള തെരുവുകളാണ് ഇതിന്റെ വിഹാരകേന്ദ്രം. കൊക്കിന്റെ അറ്റംമുതൽ വാലറ്റംവരെ 15 സെന്റീമീറ്ററോളം നീളം കാണും. പെൺപക്ഷിയുടെ ഉപരിഭാഗത്തിന് ഇളം തവിട്ടുനിറമാണ്. അടിഭാഗത്തിനു മങ്ങിയ വെളുപ്പും. ആൺപക്ഷിക്കു രണ്ടു വെളുത്ത പക്ഷരേഖ കാണാം. അടിവശത്തിനു ചാരനിറം. തൊണ്ടയും മുഖവും മാറിടവും കറുപ്പ്. പെൺപക്ഷിക്കു കറുപ്പുനിറം ഇല്ല. ധാന്യങ്ങളാണ് ആഹാരം. തള്ളപ്പക്ഷി, കുഞ്ഞുങ്ങൾക്കു പുഴുക്കളും മറ്റും കൊണ്ടുകൊടുക്കാറുണ്ട്. പ്രജനനത്തിനു പ്രത്യേക കാലം ഇല്ല. ഒരു വർഷം ആറും ഏഴും തവണ മുട്ടയിടും. ചുമരുകളിലുള്ള മാളങ്ങളിലാണ് കൂടൊരുക്കുക. പഞ്ഞി, ചകിരി, വൈക്കോൽ തുടങ്ങിയവ കൂടുകൂട്ടാനുപയോഗിക്കുന്നു. ഒരു തവണ നാലോ അഞ്ചോ മുട്ടയിടുന്നു. ഒന്നോ രണ്ടോ കുഞ്ഞുങ്ങൾ ഒഴിച്ചു ബാക്കിയുള്ളവ സാധാരണഗതിയിൽ ചത്തുപോകുന്നു.



അങ്ങാടിക്കുരുവി, ആറ്റക്കുരുവി, മരക്കുരുവി, വീട്ടുകുരുവി എന്നിവയൊക്കെ ഉൾപ്പെടുന്നതാണ് സ്പാരോ കുടുംബം. കുമ്പിൾപോലെ തടിച്ചു നീളം കുറഞ്ഞതാണു ചുണ്ടുകൾ. ആറ്റക്കുരുവികൾക്കു തലയിൽ മഞ്ഞനിറമുണ്ടാകും. ഇവറ്റ കൃഷിസ്ഥലങ്ങളിലും മാർക്കറ്റുകളിലും പറ്റമായി കൊത്തിപ്പെറുക്കി നടക്കുന്നു. വലുപ്പക്കുറവാണെങ്കിലും പല കാര്യങ്ങളിലും ഇവർ മുമ്പന്മാരാണ്. ഇവറ്റ ഒരു സീസണിൽ അൻപതിലധികം മുട്ടകൾ വരെ ഇടുന്നു. പന്ത്രണ്ടുവർഷം വരെ ആയുസ്സുള്ള കൂട്ടരുമുണ്ട്. മുട്ടയുടെ എണ്ണത്തിന്റെയും വ്യാപകമായ വിന്യാസത്തിന്റെയും ആയുസിന്റെയുമൊക്കെ ആനുകൂല്യം ഏതു സാഹചര്യത്തിലും എത്തിപ്പെടാൻ ഇവറ്റയെ പ്രാപ്തരാക്കുന്നു.

കുരുവികൾ എണ്ണത്തിൽ കൂടുതലുള്ള പക്ഷിവർഗം തന്നെ. വില്ലോ കുരുവി എന്ന ഇനത്തിൽ ലോകത്ത് 100 കോടി കുരുവികളുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. നമ്മുടെ നാട്ടിൽ കാണുന്ന അങ്ങാടിക്കുരുവികളുടെ കാര്യത്തിലും എണ്ണത്തിൽ മറ്റു പക്ഷികളെ അപേക്ഷിച്ചു വളരെ കൂടുതൽ തന്നെ.

ശബ്ദാനുകരണത്തിന്റെ കാര്യത്തിൽ അങ്ങാടിക്കുരുവികളും മുമ്പന്മാരാണ്. ചിലയിനം കുരുവികൾക്ക് അമ്പതിലേറെ പക്ഷികളുടെ സ്വരം അനുകരിക്കാനാവുമത്രേ. ■



*ഡോ. തോമസ് മൂലയിൽ രചിച്ച 'അക്ഷരചരിതം - അമ്മ മലയാളത്തിന് ഒരു കൈപ്പുസ്തകം' ആലപ്പി ഋഷികേശിനു നല്കിക്കൊണ്ട് പ്രശസ്ത സാഹിത്യകാരൻ ബെന്യാമിൻ പ്രകാശനം ചെയ്യുന്നു. മധ്യത്തിൽ ഗ്രന്ഥകാരൻ.*




ജനുവരി 15
ദനഹാക്കാലം
രണ്ടാം ഞായർ

സംഖ്യ 10:29 – 36
ഏശ 45:11 – 17
ഹെബ്രാ 3:1 – 6
യോഹ 1:14 – 18

# നിത്യനും പൂർണനുമായ ദൈവം



ഡോ. ജോസഫ് കരികുളം

**ദൈ**വം തന്നെത്തന്നെ പുത്രനായി ഭൂമിയിലേക്കയയ്ക്കുന്നത് അവൻവഴി ലോകം രക്ഷ പ്രാപിക്കാനാണ്. ഈ പുത്രനാകട്ടെ ആദിമുതലേ ദൈവത്തിൽ ഉള്ളവനും പൂർണദൈവവുമാണ്.

ഈശോയുടെ ആഗമനത്തിനുമുമ്പുതന്നെ ദൈവം തിരഞ്ഞെടുത്ത പ്രവാചകന്മാരും രാജാക്കന്മാരും, ഇസ്രായേൽജനത്തെ അവിടുത്തോടുള്ള അനുരഞ്ജനത്തിനൊരുക്കാൻ, അയയ്ക്കപ്പെട്ടിരുന്നു. അതിൽ പ്രധാനപ്പെട്ട ഒരു മനുഷ്യനാണ് മോശ. ഒരു മനുഷ്യവ്യക്തിക്കു കഴിയാവുന്നതിന്റെ പരമാവധി വിശ്വാസത്തോടെയും സ്നേഹത്തോടെയും ദൈവത്തിന്റെ മുന്നിൽ വ്യാപരിക്കുകയും, അവിടുത്തെ കല്പനകളും നിർദേശങ്ങളും ജനത്തെ അറിയിച്ചു നടപ്പാക്കുകയും, മാത്രമല്ല മോശ ചെയ്തത്; ഇസ്രായേൽ ജനം പാപം ചെയ്ത് ദൈവത്തിൽനിന്നകന്നപ്പോഴൊക്കെയും ജനത്തെ മാനസാന്തരത്തിനായി പ്രേരിപ്പിക്കുകയും, ദൈവത്തോടു ജനത്തിനുവേണ്ടി മാപ്പുചോദിക്കുകയും ചെയ്തു.

കർത്താവിനുവേണ്ടിയും ജനത്തിനുവേണ്ടിയും ഒരുപോലെ ജീവിച്ചവനാണ് മോശ. അതേസമയംതന്നെ ഇസ്രായേലിന് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന രക്ഷയെക്കുറിച്ചു ബോധവാനുമായിരുന്നു അദ്ദേഹം (സംഖ്യ 10: 29–36). 'കർത്താവ് ഇസ്രായേലിനു നന്മ വാഗ്ദാനം ചെയ്തിട്ടുണ്ട്' (10: 30); 'നിന്റെ ദൈവമായ കർത്താവ് നിന്റെ സഹോദരങ്ങളുടെ ഇടയിൽ എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ നിനക്കുവേണ്ടി അയയ്ക്കും. അവന്റെ വാക്കാണ് നീ ശ്രവിക്കേണ്ടത്'' (നിയമാ. 18:15).

ഏശയ്യായുടെ പ്രവചനമാകട്ടെ, കർത്താവിന്റെ ഔന്നത്യവും അവിടുന്ന് ഉറപ്പാക്കുന്ന ഇസ്രയേലിന്റെ രക്ഷയും പ്രഘോഷിക്കുന്നു (ഏശ. 45: 11–17). കർത്താവിന്റെ മഹിമയെയും അനന്തമായ ജ്ഞാനത്തെയും ധ്യാനിക്കുന്നവർക്ക്, രക്ഷ നടപ്പാക്കാൻ അവിടുത്തേക്കുള്ള കഴിവിൽ സംശയമുണ്ടാകില്ല. 'നീതിയിൽ ഉയർത്തപ്പെടുന്ന ഒരുവനെ'ക്കുറിച്ച് ഏശയ്യായും പ്രവചിക്കുന്നു. അവനായിരിക്കും ദൈവത്തിന്റെ നഗരത്തെ പണിയുന്നതും പ്രവാസത്തിലായിരിക്കുന്നവരെ സ്വതന്ത്രരാക്കുന്നതും (45:13).

ഇവനെപ്പറ്റിയാണ് യോഹന്നാൻ സാക്ഷ്യം നൽകി വിളിച്ചുപറയുന്നത് (യോഹ. 1:14–18). 'എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ വലിയവനാണ്; കാരണം, എനിക്കു മുമ്പുതന്നെ അവനുണ്ടായിരുന്നു.' 'കർത്താവ് ഇസ്രായേലിനു വാഗ്ദാനം ചെയ്തിരിക്കുന്ന നന്മ' (സംഖ്യ 10:30) 'നീതിയിൽ ഉയർത്തപ്പെടുന്ന ഒരുവനായ' (ഏശ. 45:13) ഈശോമിശിഹാ ആയിരിക്കുമെന്നു തിരിച്ചറിയുന്ന യോഹന്നാൻ അത് ഉറക്കെ പ്രഖ്യാപിക്കുമ്പോൾ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ നിറവേറലാണു മിഴിവോടെ മനുഷ്യർക്കു മുന്നിൽ അനാവരണം ചെയ്യപ്പെടുന്നത്. അബ്രാഹവും ഇസഹാക്കും യാക്കോബുമടങ്ങുന്ന പൂർവപിതാക്കന്മാരും ഏശയ്യായും ദാനിയേലും മലാക്കിയുമടങ്ങുന്ന പ്രവാചകഗണവും കാലാകാലങ്ങളായി കാത്തിരുന്നത് രക്ഷയുടെ ഈ പ്രകാശത്തെ സ്വീകരിക്കാനാണ്.

മൂന്നു വിശ്വാസസത്യങ്ങൾ ഇന്നത്തെ സുവിശേഷവായനയിൽ സവിശേഷമാംവിധം ഉൾക്കൊണ്ടിരിക്കുന്നു.

ഈശോമിശിഹാ യുഗങ്ങൾക്കുമുമ്പേ ഉള്ളവനാണ് (1:15) അഥവാ നിത്യനാണ് (eternal). നിത്യത (eternity) ദൈവത്തിന്റെ സ്വഭാവമാണ്. മനുഷ്യനായി നമ്മുടെ ഇടയിൽ വസിച്ചവൻ (1:14) ആദിമുതലേ ഉള്ള കർത്താവായ ദൈവം തന്നെയാണ്.

അവൻ പൂർണനാണ് (1:16). ഒന്നിലും കുറവില്ലാത്തത് ദൈവത്തിനു മാത്രമാണ്. ദൈവത്തിന്റെ പൂർണത ഈശോമിശിഹായിലുണ്ട്.

ഈശോമിശിഹാ പിതാവിനെ വെളിപ്പെടുത്തുന്നു (1:18). ഈശോ തന്റെ ജീവിതകാലത്ത് വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പിതാവിനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും വെളിപ്പെടുത്തിയതു മാത്രമാണ് ത്രിത്വരഹസ്യത്തെക്കുറിച്ചുള്ള നമ്മുടെ അറിവിന്റെ അടിസ്ഥാനം. സഭാപിതാക്കന്മാരുടെ വ്യാഖ്യാനങ്ങളും അടിസ്ഥാനപ്പെട്ടിരിക്കുന്നത് ഈശോമിശിഹായുടെ വാക്കുകളിൽത്തന്നെ.



ദൈവത്തിന്റെ രക്ഷാകരപദ്ധതിയോടു ചേർന്നുനിൽക്കുന്ന മനുഷ്യരുടെ ഏറ്റവും വലിയ മാതൃകയാണ് മോശ. എന്നാൽ, ഈശോമിശിഹായുടെ മഹത്ത്വവും മനുഷ്യന്റെ രക്ഷ സാധിക്കാനുള്ള അവിടുത്തെ അധികാരവും ഉത്തരവാദിത്വവും ദൈവമെന്ന നിലയിൽ വളരെ വലുതാണ് (ഹെബ്രാ 3:1–6). മോശ ഭൃത്യനെപ്പോലെയെങ്കിൽ, ഈശോ പുത്രനെപ്പോലെയാണ് (3:6a). ആത്മധൈര്യത്തോടും പ്രത്യാശയിലുള്ള അഭിമാനത്തോടുംകൂടി അവനെ മുറുകെപ്പിടിക്കാം (3:6b).


■




## IELTS SPEAKING


ഗ്രന്ഥകർത്താ : ഗ്രേസ് മനോജ്
പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 400 ₹

വിദേശജോലി സ്വപ്നം കാണുന്ന ഏതൊരു നഴ്സിംഗ്വിദ്യാർഥിക്കും തടസ്സമായി നില്ക്കുന്ന ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യക്കുറവു സമർഥമായി പരിഹരിക്കുന്ന ഉത്തമ ഗ്രന്ഥം. ജീവിതബന്ധിയായ ചോദ്യോത്തരങ്ങൾ ഉദാഹരണസഹിതം നല്കിക്കൊണ്ട് ഉദ്യോഗാർഥിയുടെ എല്ലാ പ്രശ്നങ്ങളും പരിഹൃതമാകുംവിധം ലളിതവും പ്രയോജനകരവുമായ രീതിയിൽ ഇതിലെ പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നു.




## അബ്ബാ

ഗ്രന്ഥകർത്താ : ഡോ. മൈക്കിൾ കാരിമറ്റം
പ്രസാധനം : പാവനാത്മ പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 290 ₹




ക്രിസ്തീയവിശ്വാസത്തിന്റെയും ധാർമികതയുടെയും ഒരു സംക്ഷിപ്തരൂപം കർതൃപ്രാർഥനയിൽ കാണാം. ദൈവത്തെ സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നു വിളിച്ചുകൊണ്ടു നടത്തുന്ന ഏഴു യാചനകൾ ഇവിടെ വിശദമായി അപഗ്രഥിക്കുന്നു.

## അക്ഷരചരിതം


ഗ്രന്ഥകർത്താ : ഡോ. തോമസ് മൂലയിൽ
പ്രസാധനം : ഡോ. തോമസ് മൂലയിൽ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 100

'അക്ഷരചരിത'ത്തിൽ അപഗ്രഥനവും ഉദ്ഗ്രഥനവും ഉദ്ബോധനവും ഉദ്ഘോഷണവും ഉണ്ട്. രണ്ടരപ്പതിറ്റാണ്ടായി കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ തലകീഴ്മറിച്ച ഒരു സമ്പ്രദായത്തിന്റെ പൊള്ളത്തരം ഇവിടെ അനാവരണം ചെയ്യപ്പെടുന്നു, നേർവഴി കാട്ടുന്നു.





### ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.


(ഈ പ്രാർഥന 9 പ്രാവശ്യം ചൊല്ലുക.)

**ആനിയമ്മ മാത്യു**
തുടങ്ങനാട്

# ഒന്നിച്ചായിരിക്കുമ്പോഴും നിങ്ങൾ ഒറ്റയ്ക്കാണോ?



റ്റോം ജോസ് തഴുവംകുന്ന്



സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയുമാണ് ജീവിതത്തിന്റെ മർമവും ധർമവും! 'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ടാ'യെന്നു പറയാറുണ്ട്; അത് അർഥവത്തുമാണ്. എന്നാൽ, ഇന്നത്തെ തിരക്കിൽ നമ്മുടെ 'ചങ്ങാതി' ആരെന്നുള്ള പഠനം ഇല്ല; അഥവാ ചങ്ങാതിമാരെ വർദ്ധിപ്പിക്കാൻ മാത്രം നമ്മുടെ 'സമയം' തികയാറുമില്ല. 'തന്നിഷ്ടം പൊന്നിഷ്ടം' എന്ന മനോഭാവത്തിൽ ജീവിക്കുന്ന നമുക്ക് അപരനെ നിരീക്ഷിക്കാനും തോളോടു തോൾ ചേർക്കാനും എവിടെയാണു മനസ്സ്? പരസ്പരം തിരുത്തലും പടുത്തുയർത്തലും പകുത്തുനൽകലും സൗഹൃദത്തിന്റെ പുറംകാഴ്ചകളാണ്. ഹൃദയത്തെ തൊടുന്ന സുഹൃത്തുക്കളെ നേടാനായി നാം പെരുമാറ്റത്തെയും ജീവിതക്രമത്തെയും ചിട്ടപ്പെടുത്തണം. നല്ല പെരുമാറ്റം ആഗ്രഹിക്കാത്തവരായി ആരുണ്ട്? നല്ല വാക്ക് പ്രതീക്ഷിക്കാത്തവരായി നമ്മിലാരുണ്ട്?

പഠനമുറികളിൽ ഒന്നിച്ചാണെങ്കിലും ആർക്കും ആരെയും അറിയാത്തവിധമുള്ള 'ഫ്രണ്ട്ഷിപ്പ്' ശക്തമാണ്. ഓഫീസുകളിൽ ഒന്നിച്ചാണു ജോലിയെങ്കിലും ആരെയും വ്യക്തമായി അറിയില്ല; സൗഹൃദവുമില്ല. അടുത്തിരിക്കുന്നവരെ അറിയാതുള്ള ട്വീറ്റും വാട്സാപ്പ്-ഫേസ്ബുക്ക് ചാറ്റിങ്ങുകളും! നാട്ടിലും വീട്ടിലും ആരാധനാലയങ്ങളിലുമൊന്നും പരിചയപ്പെടലും ക്ഷേമാന്വേഷണങ്ങളും പ്രശ്നപരിഹാരചർച്ചകളും പ്രോത്സാഹനബന്ധിയായ ഷേക്ക് ഹാൻഡുകളും ഇല്ലെന്നായിരിക്കുന്നു. ആർക്കും ആരെയും ശ്രദ്ധിക്കാൻ നേരമില്ലാത്ത കാലം.

പലപ്പോഴും പലരുടെയും 'മുഖം' പെട്ടെന്നാണു നാം തിരിച്ചറിയുന്നത്! ഇന്നലെവരെ ഒരു പക്ഷേ, നമുക്കൊപ്പം സഞ്ചരിച്ചവരെങ്കിലും തിരിച്ചറിയാതെ പോകുന്നത് ഹൃദയപൂർവ്വകമായ ആത്മബന്ധം ഉണ്ടാകാതിരുന്നതുകൊണ്ടാണ്.

ഇന്നു ബന്ധങ്ങൾ അറിയാവുന്ന മക്കൾ തീരെയില്ലെന്നു പറയാം. കൺമുമ്പിൽ കാണുന്നവരത്രയും അങ്കിളും ആന്റിയുമൊക്കെയായി മാറിയിരിക്കുന്ന കാലം. പരിചയപ്പെടാനും ബന്ധങ്ങളെ അറിയാനും താത്പര്യമില്ലാത്ത തലമുറ. വഴികൾ വിശാലവും ഗതാഗതം വേഗമേറിയതുമായി മാറിയപ്പോൾ 'സ്റ്റോപ്പുകൾ' കുറഞ്ഞു; ആരെയും കണ്ടുമുട്ടുന്നില്ല; ആരുടെയും വീടുകൾ എവിടെയാണെന്നറിയില്ല. കുടുംബയോഗങ്ങൾ തകൃതിയാകുമ്പോളും കുടുംബാംഗങ്ങളുടെ ജീവിതം അറിയാത്തവർ, കുടുംബാംഗങ്ങളെയും അവരുടെ ബന്ധങ്ങളെയും അറിയാത്തവർ, ഉള്ളറിഞ്ഞു സ്നേഹിക്കാനും ഉള്ളതുപോലെ പങ്കിടാനും അറിയാത്തവർ; പ്രോത്സാഹിപ്പിക്കാനറിയാത്ത കുടുംബാംഗങ്ങൾ... എല്ലാം ആധുനികതയുടെ യാന്ത്രികതയിൽ മുങ്ങിപ്പോയിരിക്കുന്നു.

പറമ്പും പാടവരമ്പും ഇടവഴിയും യാത്രയുടെ ഇടങ്ങളായിരുന്നപ്പോൾ എല്ലാവരെയും കണ്ട് ക്ഷേമാന്വേഷണം നടത്താനാകുമായിരുന്നു. ഡിജിറ്റൽ സാങ്കേതികയൊന്നുമില്ലെങ്കിലും മനുഷ്യരിൽ ഒരു 'ഡിവിനിറ്റി' നിറഞ്ഞിരുന്നു. കൃഷിയായിരുന്നു തൊഴിൽ; ഈ തൊഴിലിലും ഒരു കൂട്ടായ്മ ദൃശ്യമായിരുന്നു. സഹായിക്കാനും സഹകരിക്കാനും ഒത്തൊരുമയുണ്ടായിരുന്നു. സകലരും കൂട്ടുകാരായിരുന്ന കാലം! സൗഹൃദങ്ങളുടെ ബലം തിരിച്ചറിഞ്ഞിരുന്ന നാളുകൾ. ഇന്നു മക്കളോട് പേരു ചോദിച്ചാൽ 'താനെന്തിനാണ് എന്റെ പേരറിയുന്നത്' എന്ന മനോഭാവമാണ്. വീടും വീട്ടുപേരും മാതാപിതാക്കളെയുമൊക്കെ ചോദിക്കാൻ ഉദ്യമിച്ചാൽ മക്കൾ രംഗം കാലിയാക്കുന്ന കാലം! പഠിക്കണം, ജോലിയും ശമ്പളവും നേടണം സുഖമായിക്കഴിയണം. അത്രമാത്രം! ഇതിനിടയിൽ സ്വന്തബന്ധങ്ങളും സുഹൃത്തുക്കളും ഒരു 'ഡിസ്റ്റേർബൻസ്' ആകുന്ന കാലത്താണ് ഡിജിറ്റൽ തലമുറ ഓടിക്കൊണ്ടിരിക്കുന്നത്. എല്ലാം യന്ത്രം ചെയ്യുന്ന കാലം; മനുഷ്യവിഭവശേഷി കുറയുന്നു; ഒപ്പം മനുഷ്യത്വവും! ഒന്നിനും ആളില്ലെന്നു പറയുന്ന കാലത്ത് ഒറ്റപ്പെടൽ ശക്തമാകുന്നു; ഒറ്റപ്പെടലിൽ അരുതാത്ത ചിന്തകൾ മാറാല തീർക്കുന്നു; പലരും പലതിന്റെയും കെണികളിൽ വീഴുന്നു; വിളക്കിനടുത്തേക്കു പറന്നടുക്കുന്ന ഈയാംപാറ്റ കണക്കേ പല ജീവിതങ്ങളും കടന്നുപോകുന്നു.

വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ബലം സൗഹൃദങ്ങളാണ്; നല്ല സൗഹൃദങ്ങളായിരിക്കണമെന്നു മാത്രം! കുടുംബബന്ധങ്ങൾ ശക്തമാകണം; ഒപ്പം, അയൽബന്ധങ്ങളും! ഇന്നത്തെ തലമുറ കടന്നുവന്ന വഴികൾ അറിയാനും ഉന്നതവിദ്യാഭ്യാസത്തിലും സാക്ഷരതാപഠനത്തിലും ഇടമുണ്ടാകണം; വയോജനവിദ്യാഭ്യാസത്തെക്കാൾ വയോധികരെ മനസ്സറിഞ്ഞു സ്നേഹിക്കാൻ ചുറ്റുമുള്ളവർക്കാണ് 'വിദ്യാഭ്യാസം' അനിവാര്യമായിരിക്കുന്നത്.

അപരനില്ലാതെ ഞാനില്ലെന്ന യാഥാർഥ്യം സൗഹൃദങ്ങളെ ബലപ്പെടുത്താനുപകരിക്കും. നമ്മുടെ പഠനമുറികളിൽ പരസ്പരം പരിചയപ്പെടുന്നതിനെക്കുറിച്ചും ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനെക്കുറിച്ചും ചർച്ചയുണ്ടാകണം. അധ്യാപകരും മാതാപിതാക്കളും പരസ്പരമറിയണം. ഓരോരുത്തരുടെയും കുടുംബപശ്ചാത്തലങ്ങൾ പഠിക്കാനും അതുവഴി മക്കളിലേക്കിറങ്ങിച്ചെല്ലാനും ബന്ധങ്ങൾ ബലപ്പെടുത്താനുമാകുമ്പോൾ അധ്യാപകർക്ക് കുട്ടികളുടെ 'ജീവിതലഹരി' എന്തിലാണെന്നു തിരിച്ചറിയാനാകും. ഐക്യു കൂടിയവരും കുറഞ്ഞവരും മുഖ്യധാരയിൽ നീങ്ങട്ടെ; തരംതിരിവും പാർശ്വവത്കരണവും മുഖ്യധാരാപഠനവഴികളിൽ ഉണ്ടാകാതിരിക്കണം. കുടുംബവും വിദ്യാഭ്യാസ സ്ഥാപനങ്ങളും ചട്ടക്കൂടും തമ്മിൽ ഒരു ആത്മബന്ധമുണ്ടാകണം. ബന്ധുക്കളെ ദൈവം തരുന്നുവെങ്കിൽ ദൈവമൊരുക്കുന്ന സുഹൃത്തുക്കളെ നാം തിരിച്ചറിഞ്ഞ് ഒപ്പം ചേർക്കണം. സുഖവഴികളിൽ സുഹൃത്തുക്കൾ നമ്മെ അറിഞ്ഞേക്കാം; പക്ഷേ, നമ്മുടെ സഹനവഴികളിൽ ഒരാശ്വാസമായി ഒപ്പമെത്തുന്നവരെയാണ് യഥാർഥ സുഹൃത്തുക്കളാക്കേണ്ടത്. അല്പം സഹനവും ക്ഷമയും ഇച്ഛാശക്തിയുമൊക്കെ നാളെയുടെ തലമുറയിൽ വളർത്തിയെടുക്കണം. പെരുമാറ്റം ഉത്കൃഷ്ടമാകുമ്പോഴാണ് വ്യക്തിത്വം സുഹൃത്തുക്കളാൽ ആകർഷിക്കപ്പെടുന്നത്. എപ്പോഴും സ്വന്തം ഡിജിറ്റൽ ലോകത്തുറങ്ങാതെ പ്രായോഗികതയുടെ ഭാഗമാകുവാൻ പരിശ്രമിക്കണം.

ഇന്ന് എല്ലാവരും ഒറ്റയ്ക്കിരുന്നു ജീവിതം ക്രമപ്പെടുത്താനുള്ള കഠിനപരിശ്രമത്തിലാണ്. ഓൺലൈനായിട്ട് എന്തും നടക്കുന്ന കാലം. എല്ലാത്തിനും 'ആപ്പ്' കണ്ടുപിടിക്കുന്ന ശാസ്ത്രപുരോഗതിയിൽ സ്നേഹത്തിന്റെ പരിശുദ്ധി പരിശോധിക്കുവാൻ മാത്രം ആപ്പുകളില്ലെന്ന വസ്തുത കാലികമായ വാർത്തകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. സ്വർണം ഉരച്ചുതന്നെ തിരിച്ചറിയണമെന്നു സാരം! ഒറ്റയ്ക്കിരുന്ന് ഓൺലൈനിൽ നടത്തുന്ന വ്യാപാരത്തിനും മത്സരങ്ങൾക്കുമൊന്നും മുഖാമുഖം സംഭാഷണങ്ങളുണ്ടാകുന്നില്ല. നാട്ടുമ്പുറത്തെ മൈതാനത്ത് ഓടിക്കളിച്ചിരുന്ന കാലത്ത് തർക്കങ്ങളും തർക്കപരിഹാരങ്ങളും വിജയപരാജയങ്ങളും ഒരുപക്ഷേ, അല്പം കുസൃതികളും മക്കൾക്കിടയിലുണ്ടായിരുന്നെങ്കിൽ അതെല്ലാം അതിൽത്തന്നെ ചില ശുദ്ധീകരണനവീകരണപ്രക്രിയകളായിരുന്നു; അവർ പരസ്പരം ചില രൂപപ്പെടുത്തലുകളിൽ എത്തിപ്പെട്ടിരുന്നു; സൗഹൃദങ്ങൾക്കു നിറമില്ലായിരുന്നു. ഇന്നു മക്കൾ മൈതാനം വിട്ട് മൊബൈൽ സ്ക്രീനുകളിലാണ് കളികളത്രയും; ആരു തോൽക്കണം ആരു ജയിക്കണം എന്നു സ്വയം തീരുമാനിക്കുന്ന കളികളുടെ ആവേശം! സംഭാഷണങ്ങളില്ല, സംവേദനങ്ങളില്ല, തിരുത്തലും കുസൃതികളുമില്ല; ജയം മാത്രം ലക്ഷ്യം! പരാജയം കുറവുകളുടെ പട്ടികയിൽ സ്ഥാനം പിടിക്കുന്ന കാലത്ത് നൈരാശ്യം വർദ്ധിക്കുന്നു... ആശ്വാസത്തിനും വിജയത്തിലേക്കുള്ള വഴി കാണിക്കുന്നതിനും സൗഹൃദങ്ങളില്ലതാനും!

ഒന്നിച്ചായിരിക്കുമ്പോഴും ഒറ്റയ്ക്കായിരിക്കുന്ന അവസ്ഥ ആശങ്കാജനകമാണ്. സൗഹൃദങ്ങളും ബന്ധങ്ങളുടെ നൂലിഴ പൊട്ടാതുള്ള കരുതലും നമ്മുടെ ജീവിതത്തിനു ബലം നൽകുന്നു. സെൽഫോൺ എന്ന വാക്കിൽത്തന്നെ ഒരു സ്വാർഥത ഒളിഞ്ഞിരിപ്പില്ലേ? എല്ലാം ശാസ്ത്രത്തിനു വിട്ടുകൊടുത്ത് ദൈവികതയെ മാനിക്കാത്ത മനുഷ്യന്റെ ഓട്ടം ചിന്തയ്ക്കു വിധേയമാക്കണം. ബന്ധങ്ങളെ ബലപ്പെടുത്തണം. ബന്ധുമിത്രാദികളെ പഠിച്ചുവയ്ക്കണം. ലഭിക്കുന്ന അവസരങ്ങളിലെല്ലാം സൗഹൃദങ്ങളുടെ ശൃംഖല ശക്തമാക്കണം; 'കല്പകവൃക്ഷത്തിൽ മുളകുവള്ളിപോലെ' പരസ്പരം വളരാനും വളർത്താനും കഴിയണം. സൗഹൃദങ്ങളിൽ കരുതലുണ്ടാകണം. "പ്രാവ് കാക്കയോടു കൂട്ടുകൂടുമ്പോഴും അതിന്റെ തൂവൽ വെളുത്തുതന്നെയിരിക്കും പക്ഷേ, ഹൃദയം കറുത്തുപോകും" സൗഹൃദം വളരട്ടെ; കരുതൽ മറക്കരുത്.

## നന്നാക്കാനുണ്ടോ?

നുറുങ്ങുകഥ
ഉണ്ണി വാരിയത്ത്

ഏകാന്തശൂന്യതയെ നോക്കി അയാൾ മിഴിച്ചിരിക്കുമ്പോഴാണ് മതിലിനപ്പുറത്തുകൂടി കടന്നുപോകുന്ന ഒരുവൻ വിളിച്ചു ചോദിച്ചത് –

"കുട നന്നാക്കാനുണ്ടോ?"

ഇല്ലായിരുന്നു. അതുപോലെ ആരെങ്കിലും 'കാലം നന്നാക്കാനുണ്ടോ?' എന്നു ചോദിച്ചുകൊണ്ടു കടന്നുവന്നെങ്കിൽ എന്ന് അയാൾ ആശിച്ചു. കാലം നന്നായാലേ ആരെങ്കിലുമൊക്കെ അരികിലുണ്ടാവൂ. നന്നല്ലെങ്കിൽ ആരുമുണ്ടാവില്ല.

മടുത്തിരിക്കുന്നു ഈ ഏകാന്തശൂന്യത – അയാൾ പിറുപിറുത്തു.



*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ സ്കൂളിൽ റ്റീച്ചറായി ജോലികിട്ടി. ട്രെയിനിൽ ജോയിൻചെയ്യാൻ പോകവേ സ്കൂൾ മാനേജർ ആനന്ദന്റെ മകനെ പരിചയപ്പെട്ടു. പിന്നീടവർ നല്ല സുഹൃത്തുക്കളായി. അവർ തമ്മിൽ പ്രണയമാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിദ്ധരിപ്പിച്ചു. കോപാകുലനായ മാനേജർ ഇന്ദുവിനെ പിരിച്ചുവിട്ടു. അത് വീട്ടിലറിയിക്കാതെ ഇന്ദു വൃദ്ധരായ ദമ്പതികൾ മാത്രം താമസിക്കുന്ന ഒരു ക്രൈസ്തവവീട്ടിൽ നുണപറഞ്ഞ് വീട്ടുജോലിക്കു നിന്നു. കുറെ ദിവസം കഴിഞ്ഞപ്പോൾ ഇന്ദുവിന്റെ പെരുമാറ്റത്തിൽ വീട്ടുകാർക്കു സംശയം തോന്നി.*

*(തുടർന്നു വായിക്കുക)*



# നോവൽ 12

## മഴനിലാവ്

### ഇഗ്നേഷ്യസ് കലയന്താനി

**സാ**റാ കുര്യൻ ഇന്ദുലേഖയെപ്പറ്റി പോലീസിലറിയിച്ചു എന്നു കേട്ടപ്പോൾ ചാണ്ടിക്കുഞ്ഞ് ത്രേസ്യായോടു ചൂടായി.

"നീ എന്തു മണ്ടത്തരമാ കാണിച്ചത്. പോലീസുവന്ന് അവളെ ചോദ്യം ചെയ്താൽ നാട്ടുകാര് അറിയേലേ? പത്രത്തിലോ ടിവിയിലോ വാർത്തവന്നാൽ ആ പെണ്ണിന്റെ ഭാവി പോയില്ലേ? ഒന്നുമല്ലെങ്കിലും കല്യാണപ്രായമായ ഒരു പെണ്ണല്ലേ? അപ്പൻ തളർന്നുകിടക്കുന്നു. നാലു സഹോദരിമാർ. ആ പെണ്ണുവേണ്ടേ ആ കുടുംബം നോക്കാൻ? അത് ഇത്തിരി കള്ളം പറഞ്ഞൂന്നുവച്ച് ഇങ്ങനെ ചെയ്യണമായിരുന്നോ?"

ചെയ്തതു മണ്ടത്തരമായി എന്ന് ത്രേസ്യായ്ക്കും തോന്നി. പോലീസിൽ അറിയിക്കേണ്ടിയിരുന്നില്ല.

"പോലീസു പിടിച്ചോണ്ടു പോയി അവളെ വല്ല പീഡിപ്പിക്കോ മറ്റോ ചെയ്താൽ ആ പെണ്ണിന്റെ ശാപം നിന്നെ വിട്ടു പോകില്ല."

ചാണ്ടിക്കുഞ്ഞ് വിരൽ ചൂണ്ടി പറഞ്ഞു.

"ഇനിയിപ്പം എന്നാ ചെയ്യും?" ത്രേസ്യാ ധർമസങ്കടത്തിലായി.

"സാറായോടു വിളിച്ചുപറ, പോലീസിനോടു വരണ്ടാന്നു വിളിച്ചുപറയാൻ."

ത്രേസ്യാ എണീറ്റു മൊബൈൽ എടുത്തു സാറായുടെ നമ്പർ ഡയൽ ചെയ്തു.

****

ശനിയാഴ്ച.

പുലർച്ചെ എണീറ്റ് പ്രഭാതഭക്ഷണവും ഉച്ചയ്ക്കത്തേക്കുള്ള ചോറും കറികളുമെല്ലാം ഉണ്ടാക്കിയിട്ട് ഇന്ദു വീട്ടിൽ പോകാനുള്ള തയ്യാറെടുപ്പായി. വേഷം മാറി അവൾ ത്രേസ്യായുടെ അടുത്തുവന്നു പതിനായിരം രൂപ ആവശ്യപ്പെട്ടു. പണം കൊടുത്തിട്ട് ത്രേസ്യാ പറഞ്ഞു:

"വീട്ടിൽചെന്ന് കാര്യം പറഞ്ഞ് നിന്റെ അപ്പനും അമ്മയ്ക്കും എതിർപ്പില്ലെങ്കിൽ മാത്രം ഇനി തിരിച്ചിങ്ങോട്ടു വന്നാൽ മതി കേട്ടോ."

"ഉം." ഇന്ദു തലകുലുക്കി.

ചാണ്ടിക്കുഞ്ഞിന്റെ മുറിയിൽ പോയി കണ്ട് യാത്ര പറഞ്ഞിട്ട് ഇന്ദു പടിയിറങ്ങി. വീട്ടിലെത്തിയപ്പോൾ അഞ്ചുമണി കഴിഞ്ഞിരുന്നു. അമ്മയും അനിയത്തിമാരും ചുറ്റുംകൂടി വിശേഷങ്ങൾ തിരക്കി.

"നീ വല്ലാതെ ക്ഷീണിച്ചു പോയല്ലോ മോളേ. സ്കൂളിലെന്താ പിടിപ്പതു പണിയുണ്ടോ? ശരീരം കറുത്തും പോയി. നീയെന്താ വെയിലത്തുനിന്നാണോ പഠിപ്പിക്കുന്നത്?" ദേവകി ചോദിച്ചു.

"അമ്മയ്ക്കു തോന്നുന്നതാ ക്ഷീണിച്ചെന്ന്. ങ്ഹാ കഴിക്കാനെന്താ ഉള്ളത്? വിശക്കുന്നു." അവൾ വിഷയം മാറ്റി.

"നീ പോയി വേഷം മാറീട്ടു വാ. ഞാൻ ഭക്ഷണം വിളമ്പാം." ദേവകിയമ്മ അടുക്കളയിലേക്കു വലിഞ്ഞു.

ഇന്ദു നേരേ അച്ഛൻ കിടക്കുന്ന മുറിയിലേക്കു നടന്നു. കട്ടിലിനരികിൽ ഇരുന്ന് അച്ഛന്റെ കരം പുണർന്നുകൊണ്ട് ചോദിച്ചു:

"അച്ഛനു സുഖാണോ?"

"വയ്യ മോളേ. ശരീരത്തോടൊപ്പം മനസ്സും തളർന്നുപോയി. ഒരു കുടം കണ്ണീരാ ദിവസവും ഒഴുക്കിക്കളയുന്നത്."

"എല്ലാം ശരിയാകും അച്ഛാ."


"ഇനി എന്തു ശരിയാവാൻ. മോൾക്ക് ഒരു സർക്കാർ ജോലി ഉണ്ടല്ലോന്നുള്ള ഒറ്റ ആശ്വാസമേ ഉള്ളൂ. ഞാൻ മരിച്ചാലും കുടുംബം പട്ടിണിയാകില്ലല്ലോന്ന് ഒരു സമാധാനം. മോടെ ശമ്പളം ശരിയായോ?"

"ഇല്ല.'

"ഇനീം ഒരുപാട് വൈകുമോ?"

"അറിയില്ലച്ഛാ."

"ഞാനെന്നും ഗുരു



വായൂരപ്പനോടു പ്രാർഥിക്കുന്നുണ്ട് എന്റെ മോടെ ശമ്പളം എത്രയും വേഗം ശരിയാക്കിക്കൊടുക്കണേന്ന്."

അവിടിരുന്നാൽ പൊട്ടിക്കരഞ്ഞുപോയേക്കുമെന്നു തോന്നിയപ്പോൾ ഇന്ദു എണീറ്റ്, വേഷം മാറാനെന്നു പറഞ്ഞ് മുറിയിലേക്കു പോയി.

ഡ്രസ് ചേഞ്ചു ചെയ്യുമ്പോൾ ആലോചിച്ചു. അച്ഛനോട് എല്ലാം തുറന്നുപറഞ്ഞാലോ? വേണ്ട. മനസ്സു വിലക്കി. ഒരുപാട് മോഹങ്ങളും സ്വപ്നങ്ങളും കൊണ്ടുനടക്കുന്ന ആ മനസ്സിലേക്ക് എന്തിന് കുറെ തീ കോരിയിടണം? തത്കാലം അച്ഛനൊന്നും അറിയേണ്ട.

അന്നു രാത്രി എല്ലാവരും ഉറക്കം പിടിച്ചപ്പോൾ ഇന്ദു സീതാലക്ഷ്മിയെ വിളിച്ചുണർത്തി. വീടിന്റെ പിന്നാമ്പുറത്തേക്കു വിളിച്ചുകൊണ്ടു പോയിട്ട് അവൾ എല്ലാക്കാര്യങ്ങളും അനിയത്തിയോടു പറഞ്ഞു. സീതാലക്ഷ്മി പ്രതിമ കണക്കെ മരവിച്ചിരുന്നുപോയി.

"അച്ഛനൊരിക്കലും ഇതറിയരുത്. ആരോടും പറയില്ലെന്നു നീ വാക്കു തരണം."

സീതയുടെ കൈപിടിച്ച് അവൾ കെഞ്ചി.

"എത്രകാലം ഒളിച്ചുവയ്ക്കാൻ പറ്റും ചേച്ചീ?" സീതാലക്ഷ്മി കരഞ്ഞുപോയി.

"ദൈവം എന്തെങ്കിലുമൊരു വഴി കാണിച്ചുതരുമായിരിക്കും മോളെ."

"ന്നാലും വീട്ടുജോലിക്കു നിൽക്കുകാന്നു പറഞ്ഞാൽ."

"ഇരുപതിനായിരം രൂപ ശമ്പളം കിട്ടുമെന്നു കേട്ടപ്പം ഞാൻ വേറൊന്നും നോക്കിയില്ല മോളെ."

"ഇവിടെല്ലാവരും ഒരുപാട് കണക്കുകൂട്ടലുകൾ നടത്തിക്കൊണ്ടിരിക്വാ ചേച്ചീ."

"എനിക്കതറിയാം. അതുകൊണ്ടാ ആരോടും ഒന്നും പറയരുതെന്നു ഞാൻ പറഞ്ഞത്."

"ഞാനാരോടും പറയില്ല ചേച്ചീ."

ഇന്ദുവിനെ സമാധാനിപ്പിച്ചിട്ട് സീതാലക്ഷ്മി ചേച്ചിയെ കൂട്ടിക്കൊണ്ട് കിടപ്പുമുറിയിലേക്കു പോയി.

* * *

തിങ്കളാഴ്ച പുലർച്ചെ എല്ലാവരോടും യാത്ര പറഞ്ഞിട്ട് ഇന്ദു പടിയിറങ്ങി. നേരേ പള്ളിക്കരയിലേക്കാണു പോയത്. ജോലിക്കായി കൊടുത്ത അഞ്ചുലക്ഷം രൂപ തിരികെ വാങ്ങണം. പകരം പുതിയ ടീച്ചറെ നിയമിച്ച സ്ഥിതിക്ക് ഇനി തന്നെ തിരിച്ചെടുക്കുമെന്നു പ്രതീക്ഷ വേണ്ട. പണം വാങ്ങി ബാങ്കിലിടാം. പലിശയും കിട്ടുമല്ലോ.

സ്കൂളിലെത്തിയപ്പോൾ മണി മൂന്ന്. ഇന്ദുവിനെ കണ്ടതും വരാന്തയിൽ നിന്ന ചില കുട്ടികൾ ഓടിവന്നു കരം പുണർന്നു സ്നേഹം പ്രകടിപ്പിച്ചു.

"റ്റീച്ചറിപ്പം ഏതു സ്കൂളിലാ പഠിപ്പിക്കുന്നെ?"

"വീടിനടുത്തൊരു സ്കൂളിലാ."

"ഞങ്ങൾക്കു പുതിയ റ്റീച്ചറു വന്നു."

"വെരി ഗുഡ്. നന്നായിട്ടു പഠിക്കണം ട്ടോ."

ചോദിച്ച കുട്ടിയുടെ കവിളിൽ സ്നേഹവായ്പോടെ തലോടിയിട്ട് ഇന്ദു ഹെഡ്മിസ്ട്രസിന്റെ മുറി ലക്ഷ്യമാക്കി നടന്നു.

ഇന്ദുവിനെ കണ്ടതും ഹെഡ്മിസ്ട്രസ് ചിരിച്ചു.

"സുഖാണോ?"

"ഉം."

കുശലാന്വേഷണങ്ങൾക്കുശേഷം ഹെഡ്മിസ്ട്രസ് സുജാത പറഞ്ഞു:

"റ്റീച്ചറിനു പകരം പുതിയ ആളെ നിയമിച്ചു."

"ഞാനറിഞ്ഞു."

"വെറുതെ വന്നെന്നേയുള്ളോ?"

"എല്ലാരേം ഒന്നു കാണണമെന്നു തോന്നി. പോന്നു. അത്രേയുള്ളൂ." പണം തിരികെ വാങ്ങാനാണെന്ന കാര്യം അവൾ പറഞ്ഞില്ല.

കുറച്ചുനേരം സംസാരിച്ചിരുന്നിട്ട് ഇന്ദു എണീറ്റ് സ്റ്റാഫ് റൂമിലേക്കു ചെന്നു. അശ്വതിയും സ്നേഹലതയും പുതുതായി നിയമനം കിട്ടിയ സൗമ്യയും മാത്രമേ ആ സമയം സ്റ്റാഫ് റൂമിലുണ്ടായിരുന്നുള്ളൂ. അശ്വതി എണീറ്റുചെന്ന് അവളുടെ കരം പിടിച്ചു വിശേഷങ്ങൾ തിരക്കി. സ്നേഹലത കണ്ട ഭാവം നടിച്ചതേയില്ല.

ഇന്ദുവിനെ വിളിച്ചു വരാന്തയിലേക്കിറങ്ങിയിട്ട് അശ്വതി പറഞ്ഞു:

"ഇന്ദുവിനു പകരം വന്ന പുതിയ റ്റീച്ചറാ ആ ഇരിക്കുന്നത്. സൗമ്യ."

"ഉം." മൂളിയതല്ലാതെ ഒന്നും പറഞ്ഞില്ല. അവളുടെ കണ്ണുകൾ നിറഞ്ഞതുകണ്ടപ്പോൾ അശ്വതി കൂടുതൽ അതേപ്പറ്റി സംസാരിച്ചില്ല.

"ഇന്ന് എന്റെ വീട്ടിൽ താമസിക്കാട്ടോ. വിളിച്ചപ്പം ഞാൻ പറഞ്ഞായിരുന്നല്ലോ."

"ഉം." എത്ര സ്നേഹമുള്ള ടീച്ചർ എന്ന് ഇന്ദു ഓർത്തു.

സ്കൂൾ വിട്ട് അശ്വതിയോടൊപ്പം ഇന്ദുലേഖ അവരുടെ വീട്ടിലേക്കു യാത്രയായി.

മനോഹരമായ ഇരുനില വീട്. വിശാലമായ മുറ്റവും ചുറ്റുമതിലും. ഇന്ദുവിനു വീട് നന്നേ ഇഷ്ടമായി.

അശ്വതിയുടെ ഭർത്താവ് സതീഷിന് സഹകരണബാങ്കിലാണു ജോലി. മക്കൾ രണ്ട്. ആതിരയും അഭിജിത്തും. ആതിര ഏഴിലും അഭിജിത്ത് നാലിലും പഠിക്കുന്നു.

ഇന്ദുവിനായി വിഭവസമൃദ്ധമായ സദ്യ ഒരുക്കി അശ്വതി. അത്താഴം കഴിഞ്ഞ് വിശേഷങ്ങൾ പങ്കിട്ടിരുന്നു. സതീഷും ഒപ്പം ഇരുന്നു വർത്തമാനം പറഞ്ഞു. സതീഷ് സ്നേഹമുള്ള ആളാണെന്ന് ഇന്ദുവിനു മനസ്സിലായി. സംഭാഷണപ്രിയനും നർമബോധമുള്ളവനുമാണ്. പെരുമാറ്റത്തിൽ അങ്ങേയറ്റത്തെ മാന്യതയും. അശ്വതി ഭാഗ്യവതിയാണെന്ന് ഓർത്തു.

മുകളിലത്തെ നിലയിലാണ് അശ്വതി ഇന്ദുവിന് കിടപ്പുമുറി ഒരുക്കിയത്. എല്ലാ സൗകര്യങ്ങളുമുള്ള മനോഹരമായ മുറി. ജീവിതത്തിൽ ആദ്യമായിരുന്നു ഇന്ദു ഒരു എ.സി. മുറിയിൽ അന്തിയുറങ്ങിയത്. എ.സി.യുടെ തണുപ്പിൽ പുതച്ചുമൂടി കിടന്ന് സുഖമായി ഉറങ്ങി.

രാവിലെ അശ്വതി വന്നു വിളിച്ചുണർത്തുകയായിരുന്നു. എണീറ്റ് ചൂടുവെള്ളത്തിൽ കുളിച്ച് വേഷം മാറി താഴേക്ക് ഇറങ്ങി ചെന്നപ്പോഴേക്കും ടേബിളിൽ ബ്രേക്ക് ഫാസ്റ്റ് റെഡി. ആവി പറക്കുന്ന ദോശയും ചമ്മന്തിയും വയറുനിറയെ കഴിച്ചു.

ഭക്ഷണം കഴിഞ്ഞിട്ട് സ്കൂൾ മാനേജർ ആനന്ദനെ ഫോണിൽ വിളിച്ചു. ആൾ വീട്ടിലുണ്ടെന്നറിഞ്ഞപ്പോൾ അശ്വതിയോടും ഭർത്താവിനോടും യാത്ര പറഞ്ഞ് ഇന്ദു ഇറങ്ങി. ഒരു ഓട്ടോയിൽ കയറി നേരേ ആനന്ദന്റെ വീട്ടിലേക്കു പുറപ്പെട്ടു.

പിടയുന്ന മനസ്സോടെയാണ് ഇന്ദു കോളിങ് ബെല്ലിൽ വിരലമർത്തി കാത്തുനിന്നത്. വാതിൽ തുറന്ന് ആനന്ദൻ. അയാൾ ഒരു വളിച്ച ചിരി ചിരിച്ചു. ഇന്ദു നിസ്സംഗതോടെ നിന്നതേയുള്ളൂ.

"വാ."

മാനേജരുടെ ക്ഷണം സ്വീകരിച്ച് ഇന്ദു ഡ്രോയിങ് റൂമിലേക്കു കയറി.

"ഇപ്പം എന്തു ചെയ്യുന്നു?" ആനന്ദൻ അവളെ കഴുകന്റെ കണ്ണുകളോടെ നോക്കി.

"ഒന്നും ചെയ്യുന്നില്ല." നിർവികാരമായ മറുപടി.

"അച്ഛനെന്തു പറഞ്ഞു?"

"ഒന്നും പറഞ്ഞില്ല."

"അച്ഛൻ പറഞ്ഞുവിട്ടതാണോ കാശുവാങ്ങിച്ചോണ്ടു ചെല്ലാൻ?"

"ഉം."

"അച്ഛനിപ്പഴും കിടപ്പിലാണോ?"

"കാശു തിരിച്ചുതന്നാൽ ഞാൻ പൊയ്ക്കോളാം." ഇന്ദുവിന് അയാളോട് സംസാരിക്കാൻ ഒട്ടും ഇഷ്ടമില്ലായിരുന്നു.

"വാ" ഇന്ദുവിനെ വിളിച്ച് ആനന്ദൻ ഡ്രോയിങ് റൂമിനോടു ചേർന്നുള്ള മുറിയിലേക്കു നടന്നു. ഇന്ദു മടിച്ചുനിന്നപ്പോൾ ആനന്ദൻ തുടർന്നു:

"തന്നെ പിടിച്ചുതിന്നാനൊന്നുമല്ല. ഇങ്ങോട്ടു വാ..."

ഇന്ദു സാവധാനം ആനന്ദന്റെ പിന്നാലെ ആ മുറിയിലേക്കു കയറി. മുറിയിൽ കയറിയതും പൊടുന്നനെ ആനന്ദൻ വാതിലടച്ചു കുറ്റിയിട്ടു. ഒരു ഞെട്ടലോടെ ഇന്ദു അയാളെ നോക്കി.

(തുടരും)

# വിശുദ്ധിയുടെ സ്നേഹഗായിക

## വിശുദ്ധ കൊച്ചുത്രേസ്യാ ഭൂജാതയായിട്ട് ജനുവരി രണ്ടിനു 150 വർഷം

■ ഫാ. ജെയ്സൺ കുന്നേൽ

**1873** ജനുവരി മാസം രണ്ടാം തീയതി ഫ്രാൻസിലെ അലൻകോണിലാണ് വിശുദ്ധ കൊച്ചുത്രേസ്യാ ജനിച്ചത്. വാച്ചുനിർമാതാവായ ലൂയി മാർട്ടിനും തുന്നൽക്കാരിയായിരുന്ന സെലിഗ്വിരിയുമായിരുന്നു മാതാപിതാക്കൾ. ഇരുവരും ചെറുപ്പത്തിൽ സന്ന്യാസജീവിതം ആഗ്രഹിച്ചിരുന്നെങ്കിലും മറ്റൊന്നായിരുന്നു ദൈവഹിതം.

ദൈവം അവരുടെ ദാമ്പത്യവല്ലരിയിൽ ഒൻപതു മക്കളെ നൽകി. അതിൽ അഞ്ചുപേരെ സന്ന്യാസിനികളായി കാണാൻ ദൈവം അവരെ അനുവദിച്ചു. മരിയ, പൗളി, ലെയോനി, സെലിൻ, തെരേസ എന്നീ അഞ്ചുപേരിൽ നാലുപേർ കർമ്മലീത്താസഭയിലും ലെയോനി വിസിറ്റേഷൻ സഭയിലും അംഗങ്ങളായി. ഒമ്പതാമത്തെ സന്തതിയായി ജനിച്ച കൊച്ചുറാണി ചേച്ചിമാരെ കണ്ടാണു വളർന്നത്. 1877 ഓഗസ്റ്റ് 28 ന് അമ്മ സെലിഗ്വരി സ്വർഗത്തിലേക്കു യാത്രയായി. അന്നു കൊച്ചുറാണിക്ക് നാലു വയസ്സേ ഉണ്ടായിരുന്നുള്ളൂ. ഭാര്യയുടെ മരണശേഷം മാർട്ടിനും കുടുംബവും അലൻകോണിൽനിന്ന് 50 മൈൽ അകലെയുള്ള ലിസ്യുവിലേക്കു താമസം മാറ്റി.

കൊച്ചുറാണിക്ക് ഒമ്പതു വയസ്സുള്ളപ്പോൾ പൗളി കർമലീത്താ കോൺവെന്റിൽ പ്രവേശിച്ചു. അന്നുമുതൽ ആ വഴിയിലൂടെ സഹോദരിയെ പിന്തുടരാൻ കൊച്ചുത്രേസ്യായ്ക്കു തോന്നി. പൗളിയെപ്പോലെ അവളുടെ സഹോദരി മരിയയും കർമലീത്താ കോൺവെന്റിൽ പോയപ്പോൾ ത്രേസ്യായ്ക്കു പതിന്നാലു വയസ്സായിരുന്നു. അടുത്ത വർഷം, കൊച്ചുത്രേസ്യാ തന്റെ പിതാവിനോട് കർമലീത്താമഠത്തിൽ പ്രവേശിക്കാൻ അനുവാദം ചോദിച്ചു, പിതാവ് അനുവദിച്ചെങ്കിലും മഠത്തിലെ കന്യാസ്ത്രീകളും ബയൂക്സിലെ ബിഷപ്പും അവൾ വളരെ ചെറുപ്പമാണെന്നും കുറച്ചുകൂടെ കാത്തിരിക്കണമെന്നും ഉപദേശിച്ചു. ഏതാനും മാസങ്ങൾക്കുശേഷം പതിമ്മൂന്നാം ലെയോ മാർപാപ്പായുടെ പൗരോഹിത്യ ജൂബിലിയോടനുബന്ധിച്ച് റോമിലേക്കു തീർത്ഥാടനത്തിനായി കൊച്ചുത്രേസ്യ പിതാവിനോപ്പം പോയി. മാർപാപ്പായുടെ മുന്നിൽ മുട്ടുകുത്തി അനുഗ്രഹം വാങ്ങുമ്പോൾ അവൾ നിശ്ശബ്ദത വെടിഞ്ഞ് പതിനഞ്ചാം വയസ്സിൽ മഠത്തിൽ പ്രവേശിക്കാൻ അനുവാദം ചോദിച്ചു. കൊച്ചുത്രേസ്യായുടെ രൂപത്തിലും പെരുമാറ്റത്തിലും ആകൃഷ്ടനായ മാർപാപ്പാ അത് ദൈവഹിതമാണെങ്കിൽ അങ്ങനെ ചെയ്യാമെന്നു പറഞ്ഞു. കൊച്ചുത്രേസ്യാ പിന്നീട് എല്ലാ തീർഥാടനദേവാലയങ്ങളിലും തീക്ഷ്ണതയോടെ പ്രാർഥിക്കുകയും മാർപാപ്പയുടെ പിന്തുണയോടെ 1888 ഏപ്രിലിൽ കാർമലിൽ പ്രവേശിക്കുകയും ചെയ്തു.

സ്നേഹിക്കുക എന്നതായിരുന്നു അവളുടെ ദൈവവിളി. കർമലീത്താസഭയുടെ നിയമങ്ങളും കടമകളും



കൃത്യമായി അവൾ നിറവേറ്റി. പുരോഹിതന്മാർക്കും മിഷനറിമാർക്കുംവേണ്ടി അവൾ വളരെ തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. ഇക്കാരണത്താൽ, കൊച്ചുറാണിയുടെ മരണശേഷം അവളെ മിഷണറിമാരുടെ മധ്യസ്ഥ എന്ന പദവി നൽകി ആദരിച്ചു. 1894 ൽ പിതാവ് ലൂയി മാർട്ടിൻ മരിച്ചപ്പോൾ സെലിൻ സഹോദരിമാർക്കൊപ്പം മഠത്തിൽ പ്രവേശിച്ചു. അതേ വർഷംതന്നെ, കൊച്ചുത്രേസ്യാ ക്ഷയരോഗബാധിതയായി. ചൈനയിൽ പ്രേഷിതയായിപ്പോകാൻ അവൾ ആഗ്രഹിച്ചിരുന്നുവെങ്കിലും ആരോഗ്യം അനുവദിച്ചില്ല. ജീവിതത്തിന്റെ അവസാന 18 മാസങ്ങളിൽ ഒരുപാട് സഹനങ്ങളിലൂടെ കൊച്ചുത്രേസ്യാ കടന്നുപോയി. ശാരീരികക്ലേശങ്ങളുടെയും ആത്മീയപരീക്ഷണങ്ങളുടെയും ഒരു കാലഘട്ടമായിരുന്നു അത്. 1897 ജൂലൈ മാസത്തിൽ അവളെ മഠത്തിലെ പ്രത്യേക മുറിയിലേക്കു മാറ്റി. 1897 ഓഗസ്റ്റ് പത്തൊമ്പതിന് അവൾ അവസാനമായി ദിവ്യകാരുണ്യം സ്വീകരിച്ചു. സെപ്റ്റംബർ 30 ന് കൊച്ചുത്രേസ്യായുടെ ആത്മാവ് ഈശോയുടെ സവിധത്തിലേക്കു യാത്രയായി. 1923 ഏപ്രിൽ 29 ന് പതിനൊന്നാം പീയൂസ് മാർപാപ്പാ അവളെ വാഴ്ത്തപ്പെട്ടവളായും 1925 മെയ് 17 നു വിശുദ്ധയായും പ്രഖ്യാപിക്കുകയും ചെയ്തു. 1927 ൽ കൊച്ചുറാണിയെ മിഷന്റെ മധ്യസ്ഥയും 1944 ൽ വിശുദ്ധ ജോവാൻ ഓഫ് ആർക്കിനൊപ്പം ഫ്രാൻസിന്റെ സഹമധ്യസ്ഥയായും പ്രഖ്യാപിച്ചു. 1997 ഒക്ടോബർ 19 ന് വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ 70,000 ത്തോളം വരുന്ന വിശ്വാസികളുടെ സാന്നിധ്യത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വിശുദ്ധ കൊച്ചുത്രേസ്യായെ സാർവത്രികസഭയിലെ മൂന്നാമത്തെ വനിതാ വേദപാരംഗതയായി (Doctor of the Church) പ്രഖ്യാപിച്ചു.

**കവിത** — ഗിരീഷ് കെ. ആർ. കുറുപ്പ്

### പുതുവർഷം

ഒരു ചെറുമൊട്ടു വിടർന്നു ചിരിച്ചതി-
ലതിരസമുതിരും പൂമ്പൊടിപോലെ

തെരുതെരെ വിതറീവർണമനോഹര
രശ്മികൾ നീളേയുലകം മുഴുവൻ

നനുനനെ വീഴും ആർദ്രമനോഹര
ശ്വേതകണങ്ങൾക്കിടവഴികാലേ

ചൊകചൊകവർണച്ചേലിൽ നിന്നുടെ
നീണ്ട കരങ്ങൾ വിടർത്തിടുമെന്നും

തരുഗണശാഖിയിലമരും കിളിഗണ
മതിദ്രുതമുണരും മുഗ്ദ്ധമനോഹര

ഗാനം പാടീട്ടന്നം തേടുവ-
തിന്നായകലേയ്ക്കുന്നം നോക്കി-

പ്പാറിടുമുഷസ്സില്ലതിമോദത്താൽ
കതിരവനേ നിൻ വരവതു കാൺകേ...

കരളേ, കനവേ, കനകത്തിന്നൊളി
ചൂടും മനമേ നിന്നെക്കരുതി

കുളിരുന്നൂ മമ മാനസമതിനാൽ
കൈ കൂപ്പുന്നേൻ വർദ്ധിതമോദാൽ.

**വി. കൊച്ചുത്രേസ്യായുടെ കൊച്ചുപ്രാർത്ഥന**

ഓ! ഈശോയേ, ഞാൻ എന്തു ചെയ്താലും നിന്നെ മാത്രം പ്രീതിപ്പെടുത്താനുള്ള കൃപ എനിക്കു നൽകണമേ. ശാന്തതയും എളിമയുള്ള ഈശോയുടെ ഹൃദയമേ, എന്റെ ഹൃദയം നിന്റേതുപോലെ ആക്കണമേ. ഓ! ഈശോയേ, നിന്നിൽ മാത്രം ആനന്ദം കണ്ടെത്താൻ കൃപ നൽകണമേ.

ഓ! വിശുദ്ധ മഗ്ദലേന മറിയമേ, എന്റെ ജീവിതം ഒരു സ്നേഹപ്രവൃത്തിയാക്കാനുള്ള കൃപ ഈശോയിൽനിന്നു വാങ്ങിത്തരേണമേ. ഓ! ഈശോയേ, എപ്പോഴും എന്നെത്തന്നെ പരിത്യജിക്കാനും എപ്പോഴും എന്റെ സഹോദരിമാരെ പ്രീതിപ്പെടുത്താനും എന്നെ പഠിപ്പിക്കണമേ. ഓ! എന്റെ ദൈവമേ, എന്റെ മുഴുഹൃദയത്തോടെ ഞാൻ നിന്നെ സ്നേഹിക്കുന്നു. ഓ! എന്റെ വിശുദ്ധ കാവൽമാലാഖയേ, നിന്റെ ചിറകുകളുടെ കീഴിൽ എന്നെ എപ്പോഴും മറയ്ക്കണമേ, അതുവഴി ഈശോയെ ഞാൻ ഒരിക്കലും വേദനിപ്പിക്കാതിരിക്കട്ടെ.

# ഈശോ 36

FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

മനുഷ്യനായ മന്നനെപ്പോലെ, അവഹേളനത്തിന്റെ അടയാളമായി ശിരസ്സിൽ നിണകണങ്ങൾ നിറഞ്ഞ മുൾക്കിരീടവുമണിഞ്ഞ് അവൻ നിന്നു. രത്നമകുടം ധരിക്കേണ്ട രാജാധിരാജനായ അവന്റെ തലയിൽ അലങ്കാരമായുണ്ടായിരുന്നത് ഒരു കാരമുൾക്കിരീടം. പരാജിതനുള്ള പാരിതോഷികം. നിത്യരക്ഷയുടെ അക്ഷയകിരീടം നമുക്കു നേടിത്തരാൻ നമ്മുടെ രക്ഷകൻ ശിരസ്സിൽ സ്വയം ഏറ്റുവാങ്ങിയ മുൾച്ചക്രം. പാതവക്കിലെ പുല്ലുകളെയും, വയലിലെ ലില്ലികളെയുംവരെ മലർമകുടം ചാർത്തി അലങ്കരിക്കുന്നവനു മനുഷ്യർ കൊടുത്തത് കൂർത്ത കാരകങ്ങൾകൊണ്ടുണ്ടാക്കിയ കിരീടം. നാടുവാഴിയുടെ കിരീടം അവന്റെ മഹത്ത്വത്തിന്റെയും അധികാരത്തിന്റെയുമൊക്കെ പ്രതീകമാണ്. അതുകൊണ്ടുതന്നെ അതിന്റെ അഴകും ആകാരവും അതിശ്രേഷ്ഠമായിരിക്കണം. എന്നാൽ, മഹത്ത്വപൂർണനും സകലത്തിന്മേലും അധികാരമുള്ളവനുമായവനു ലോകം സമ്മാനിച്ചത് മുള്ളുകളാൽ മെനഞ്ഞ വികൃതവും കഠോരവുമായ ഒരു കിരീടമായിരുന്നു. അവന്റെ തഴച്ചുവളർന്ന തലമുടിയിഴകൾക്കിടയിലൂടെ ആവുന്നത്ര ആഴത്തിൽ അവർ അതിനെ അമർത്തിയിറക്കി. തലയിലെ മുറിവുകൾക്കു താങ്ങാവുന്നതിനപ്പുറമായിരുന്നു അത്.

നമ്മുടെ തലയിലും അണിയിക്കപ്പെട്ട ചില മുൾക്കിരീടങ്ങളുണ്ടാവാം. സഹിക്കാവുന്നതിലധികമായി നമുക്കു സംഭവിച്ച സഹനങ്ങൾ; മറുമരുന്നില്ലാത്ത മാറാവ്യാധികൾ; അഭിമാനത്തിന്റെ അത്യുന്നതിയിൽനിന്ന് അപമാനത്തിന്റെ അടിവാരത്തേക്കു നമ്മുടെ കുടുംബത്തെ തള്ളിയിട്ട ചില അനിഷ്ടസംഭവങ്ങൾ; സങ്കല്പിക്കാനാവാത്ത സാമ്പത്തികനഷ്ടം; കൊടിയ കട



## മുൾമകുടം

ബാധ്യത എന്നിങ്ങനെ എന്തെങ്കിലുമൊക്കെ ഒരു മുൾച്ചക്രം കണക്കെ നമ്മുടെ തലയിൽ തറഞ്ഞിരുന്നിട്ടുണ്ടാവും. ഓർക്കണം, അവയുടെയോരോന്നിന്റെയും കാഠിന്യം കുറയ്ക്കാനായിരുന്നു അവൻ നമുക്കുമുമ്പേ മുൾക്കിരീടമേന്തിയത്. ചിലരുടെയൊക്കെ തലയിൽ നാം തറച്ചുവച്ച ചില മുൾക്കിരീടങ്ങളുണ്ടാകാം. മാതാപിതാക്കളുടെ ആഗ്രഹങ്ങളെയും അഭിപ്രായങ്ങളെയും മാനിക്കാതെ തന്നിഷ്ടം മാത്രം നോക്കിയെടുത്ത തീരുമാനങ്ങൾ, ചില ഫോൺസംഭാഷണങ്ങളുടെയും സന്ദേശങ്ങളുടെയും പേരിൽ ജീവിതപങ്കാളിയുടെ വിശ്വസ്തതയെപ്പറ്റി പോറ്റിവളർത്തിയ അനാവശ്യസംശയങ്ങൾ, നമ്മുടെ നിലനില്പിനുവേണ്ടി മറ്റുള്ളവരുടെമേൽ അടിച്ചേല്പിച്ച ചില അകൃത്യങ്ങൾ തുടങ്ങി അരുതാത്ത പല മുൾക്കിരീടങ്ങളും അറിഞ്ഞോ അല്ലാതെയോ നാം അപരർക്കു നിർമിച്ചുനല്കിയിട്ടുണ്ടാവാം. ഒഴിവാക്കാമായിരുന്നു അവയൊക്കെ എന്ന് ഇന്നു തോന്നുന്നുണ്ടാവും അല്ലേ? അത്തരമൊരു വീണ്ടുവിചാരംതന്നെ വിശുദ്ധിയിലേക്കുള്ള വഴിയാണ്. അവയൊന്നും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കാം. മറ്റുള്ളവർ ഭയക്കുന്ന മുൾക്കിരീടമല്ല, തങ്ങളുടെ നൊമ്പരങ്ങളിൽ ആരും ആശിക്കുന്ന മൃദുസ്പർശമാകാൻ നമ്മുടെ കൊച്ചുജീവിതങ്ങൾക്കു കഴിഞ്ഞെങ്കിലേ മഹത്ത്വത്തിന്റെ മലർമകുടം ഒരുനാൾ നമുക്കും നല്കപ്പെടൂ. മേലിൽ നമ്മുടെ സാമീപ്യം ഒരുത്തർക്കും മുൾമുനയുടെ അനുഭവം നല്കാതിരിക്കാൻ നമ്മുടെ ജീവിതശൈലിയെ വിശുദ്ധീകരിക്കുന്നതിനു സന്നദ്ധരാകാം.

# ഇ - കാലത്തെ നഷ്ടവിചാരങ്ങൾ






ജിൻസ് കാവാലി



**ന്യൂ**യോർക്ക് ടൈംസ് ബുക്റിവ്യൂവിന്റെ എഡിറ്ററും അമേരിക്കയിലെ അറിയപ്പെടുന്ന കോളമിസ്റ്റുമായ പമേല പോൾ 2021 ൽ '100 THINGS WE HAVE LOST TO THE INTERNET' എന്നൊരു പുസ്തകമെഴുതി. ഇന്റർനെറ്റിന്റെ കടന്നുവരവോടെ നമുക്കു നഷ്ടമായ നൂറു കാര്യങ്ങളാണ് പുസ്തകത്തിന്റെ പ്രമേയം. നൂറു നഷ്ടങ്ങളിൽ ഒന്നാമതായി ഗ്രന്ഥകാരി പറയുന്നത് വിരസതയുടെ (Boredom) നഷ്ടത്തെക്കുറിച്ചാണ്. ഇതെന്തു നഷ്ടമെന്ന് ഒരുവേള നമ്മൾ അദ്ഭുതപ്പെട്ടേക്കാം. ബോറടിച്ചിരിക്കാൻ ആർക്കാണിഷ്ടം? എന്നാൽ, ബോറടി അഥവാ വിരസത എപ്രകാരമാണ് സർഗാത്മകതയ്ക്കുള്ള ഇന്ധനമായിത്തീരുന്നതെന്ന് പമേല വിശദമാക്കുന്നു. വിരസതയാണ് മനുഷ്യരുടെ മനസ്സിൽ ശൂന്യത നിറയ്ക്കുക. ഈ ശൂന്യത പുതുതായി എന്തെങ്കിലുമൊന്നു സൃഷ്ടിക്കാൻ നിങ്ങളെ പ്രേരിപ്പിക്കും. ഒരു കഥയുടെ വിത്തോ ഒരു കവിതയുടെ നാലു വരികളോ ആ നേരം നിങ്ങൾക്കുള്ളിൽ നാമ്പെടുത്തേക്കാം. സർഗാത്മകമായിത്തീരാവുന്ന ആ വിരസനിമിഷങ്ങളാണ് ഇന്റർനെറ്റിന്റെ കടന്നുവരവോടെ ഇല്ലാതായത്. സുഹൃത്തിനെക്കാത്ത് റെയിൽവേസ്റ്റേഷനിൽ നിൽക്കുമ്പോഴോ ഡോക്ടറെ കാണാൻ ആശുപത്രി വരാന്തയിലിരിക്കുമ്പോഴോ ഏറെനേരം ട്രാഫിക് ബ്ലോക്കിൽ കുടുങ്ങുമ്പോഴോ ഒന്നും ബോറടിക്കാൻ കൈയിലിരിക്കുന്ന മൊബൈൽ ഫോൺ നിങ്ങളെ അനുവദിക്കുന്നില്ല. ആ നേരമത്രയും പരിചിതരോ അപരിചിതരോ ആയ അനേകരുമായി നിങ്ങൾക്ക് കുശലാന്വേഷണത്തിൽ മുഴുകാം. സോഷ്യൽമീഡിയകളിലെ ഒരിക്കലും തീരാത്ത ന്യൂസ് ഫീഡുകളിൽ അലസമായി വിരലോടിക്കാം. നെറ്റ് ഫ്ളിക്സിലോ ഹോട്ട്സ്റ്റാറിലോ ആമസോൺ പ്രൈമിലോ പുതിയൊരു സീരീസ് കണ്ടുതുടങ്ങാം. അതുമല്ലെങ്കിൽ ആളെ വെടിവച്ചു കൊല്ലുന്നതോ ബലൂൺ കുത്തിപ്പൊട്ടിക്കുന്നതോ മോട്ടുമുയലിനു വഴികാണിക്കുന്നതോ എന്നിങ്ങനെ അന്തമില്ലാത്ത മൊബൈൽ ഗെയിമുകളുടെ ഭാഗമാകാം. ഇന്റർനെറ്റ് 24x7 എന്ന കണക്കിൽ നമ്മിലേക്കെത്തിച്ചുകൊണ്ടേയിരിക്കുന്ന വിവരവിജ്ഞാനവിനോദപ്രവാഹത്തിനിടയിൽ ഒരു വേളപോലും നമ്മുടെ മനസ്സ് ശൂന്യമാകുന്നില്ല. അതുകൊണ്ടുതന്നെ കാമ്പുള്ളതൊന്നും പുതുതായി ഉത്പാദിപ്പിക്കാനും നമുക്കു കഴിയാതെ പോകുന്നു. പമേലയുടെതന്നെ വാക്കുകളിൽ പറഞ്ഞാൽ, 'You have to turn off the input in order to generate output. But the input never stops.'

വിവരങ്ങൾ (Information) ഞൊടിയിടയിൽ മുന്നിലെത്തുന്നു എന്നതാണ് അഥവാ സകലതും തീർത്തും അനായാസമായി അറിയാനാവുന്നു എന്നതാണ് (THE KNOW-IT-ALL) ഇന്റർനെറ്റിന്റെ മറ്റൊരു പ്രധാന ദോഷമായി ഗ്രന്ഥകാരി ചൂണ്ടിക്കാണിക്കുന്നത്. വിശാലമായ അന്വേഷണത്തിന്റെ ഭൂമികയിൽനിന്ന് അഥവാ അലച്ചിലുകൾ സമ്മാനിക്കുന്ന ആനന്ദത്തിൽനിന്ന് ഈ എളുപ്പവഴിയിലുള്ള ഗൂഗിൾക്രിയ നമ്മെ തടയുന്നു. എല്ലാം ഇന്റർനെറ്റിൽ ലഭ്യമായതുകൊണ്ട് ഒരു സേർച്ചിനപ്പുറം ഒക്കെയും കൺമുന്നിലെത്തുന്നതുകൊണ്ട് നമുക്കൊന്നും ഓർത്തുവയ്ക്കേണ്ട ആവശ്യമില്ലാതാകുന്നു. ഏറെനേരം ചിന്തിച്ച് ഒടുവിൽ ഓർത്തെടുക്കുമ്പോഴുള്ള അഭിമാനം, 'ഹാ കിട്ടിപ്പോയി' എന്ന ഉൾപ്പുളകം ഇന്നു പരിഹാസ്യമായൊരു ഓർമ മാത്രമാകുന്നു.

നിങ്ങളുടെ സാമൂഹികമായ ബന്ധങ്ങളെ, മനുഷ്യരോടുള്ള സംസാരങ്ങളെ ഒക്കെ ഇല്ലാതാക്കുന്നതിലും ഇന്റർനെറ്റിനു സുപ്രധാന പങ്കുള്ളതായി പമേല നിരീക്ഷിക്കുന്നുണ്ട്. നിങ്ങൾക്കു തീർത്തും അപരിചിതമായൊരു നഗരത്തിലെ ഒരു കലാലയമോ ഷോപ്പിങ് മാളോ പള്ളിയോ അമ്പലമോ ഒന്നും കണ്ടെത്താൻ ഒരാളോടും സഹായം ചോദിക്കേണ്ടതില്ല. ഗൂഗിൾമാപ്പ് നിങ്ങൾക്കു വഴികാണിക്കും. നിങ്ങൾക്കു നാളെ എയർപോർട്ടിലേക്കു പോകാൻ അടുത്തുള്ള ടാക്സിക്കാരനെ പരിചയപ്പെടേണ്ട, ഓൺലൈൻടാക്സി ബുക്ക് ചെയ്യാം. എന്തിനധികം പറയുന്നു, ഒരു വീടിനുള്ളിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള സംസാരത്തെപ്പോലും ഇന്റർനെറ്റ് എപ്രകാരമാണ് ചുരുക്കിക്കളഞ്ഞതെന്നു ചിന്തിച്ചാൽ മനസ്സിലാക്കാം. ഓരോരുത്തരും അവരവരുടെ ഇ-ലോകങ്ങളിലാണ്. അതിൽനിന്നു പുറത്തുവന്നൊരു ഓഫ് ലൈൻ ജീവിതത്തിന് ഒരാൾക്കും സമയമില്ലാതാകുന്നു. നമ്മൾ എപ്പോൾ ഉറങ്ങണമെന്നും ഉണരണമെന്നുംവരെ ഇന്റർനെറ്റ് തീരുമാനിക്കുന്ന അവസ്ഥ. തങ്ങൾ മത്സരിക്കുന്നത് മനുഷ്യന്റെ ഉറക്കവുമായിട്ടുകൂടിയാണ് എന്നുപറഞ്ഞ നെറ്റ്ഫ്ളിക്സിന്റെ മുൻ സിഇഒ റീഡ് ഹേസ്ടിംഗ്സിന്റെ വാക്കുകളും ഇവിടെ ചേർത്തുവായിക്കണം.

ഓരോരുത്തരും അവരവരുടെ സ്വന്തം കൈപ്പടയിലെഴുതിയിരുന്ന കത്തുകളാണ് ഇന്റർനെറ്റ് ഇല്ലാതാക്കുന്ന മറ്റൊരു പ്രധാന ഘടകം. വാട്സാപ് ചാറ്റുകളോ ഫേസ്ബുക് മെസേജുകളോപോലെയുള്ള ഒന്നല്ല കത്തെഴുത്ത്. കത്തിനുള്ളിൽ ഒരാത്മാവുണ്ട്. കത്തെഴുതാൻ ശാന്തമായൊരിടവും പ്രശാന്തമായൊരു മനസ്സും വേണം. കത്തിൽ കേവലകുശലാന്വേഷണങ്ങൾ മാത്രമല്ല, സർഗാത്മകതയുടെ ചിത്രശലഭങ്ങളുമുണ്ട്. കത്തുകൾക്കൊപ്പംതന്നെ ക്രിസ്മസ് കാർഡുകൾ, ബർത്ത്ഡേ കാർഡുകൾ തുടങ്ങിയവയും ഇന്റർനെറ്റിന്റെ സാമൂഹികവ്യാപനത്തോടെ ഏതാണ്ടില്ലാതായിക്കഴിഞ്ഞു.

രാത്രിവായന അഥവാ ബെഡ് ടൈം റീഡിങ്ങാണ് ഇന്റർനെറ്റ് ഇല്ലാതാക്കിയ മറ്റൊരു ശീലം. ഉറങ്ങുന്നതിനുമുമ്പ് ബഹുവർണാലംകൃതമായ ചിത്രപുസ്തകത്തിലെ കഥകൾ കുട്ടികൾക്കു വായിച്ചുകൊടുക്കുന്ന മുതിർന്നവർ ഇന്നു കഥകളിൽ മാത്രമേയുള്ളൂ. ഉറക്കത്തിന്റെ അവസാനകണികയും തലച്ചോറിനെ കീഴടക്കുംവരെ മൊബൈലിന്റെ വെളിച്ചത്തിലായിരിക്കും നമ്മുടെ കണ്ണുകൾ. രാവിലെ കണ്ണുതുറന്നാൽ നാം ആദ്യം തേടുന്നതും മൊബൈൽതന്നെ. ചുരുക്കത്തിൽ, നാം ഇന്റർനെറ്റിനെയാണോ ഇന്റർനെറ്റ് നമ്മളെയാണോ ഉപയോഗിക്കുന്നതെന്നു തിരിച്ചറിയാനാവാത്ത അവസ്ഥ. 'വസ്തുക്കൾക്ക് മനുഷ്യന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വിഘാതം വരുത്താനും തടസ്സപ്പെടുത്താനുമുള്ള കഴിവുകളുണ്ടെന്നും അവ അർദ്ധവിഷയികളോ ശക്തികളോ ആകാറുണ്ടെന്നും അവയ്ക്കു സ്വയമേവയുള്ള പ്രവണതകളും ചായ്വുകളും സഞ്ചാരപഥങ്ങളും ഉണ്ടാകാമെന്നു'മുള്ള ജയിൻ ബെന്നറ്റിന്റെ നിരീക്ഷണവും ഇവിടെ ശ്രദ്ധേയം.

ഇന്റർനെറ്റ് പ്രതിനായകനായി നിൽക്കുന്ന നഷ്ടങ്ങളുടെ കണക്കുപുസ്തകത്തിൽ ഇനിയുമുണ്ടേറെ കാര്യങ്ങൾ. എപ്പോഴും മൊബൈൽ സ്ക്രീനിലേക്കു മുഖംതാഴ്ത്തി ശീലിച്ചതുകൊണ്ട് മറ്റൊരാളുടെ കണ്ണിൽനോക്കി സംസാരിക്കാൻ പലരും ഇന്നേറെ ബുദ്ധിമുട്ടുന്നു. അപ്പപ്പോൾ വേണ്ട അറിവുകൾ ഇൻസ്റ്റന്റായി ഇന്റർനെറ്റ് സമ്മാനിക്കുമെന്നുള്ളതുകൊണ്ട് എൻസൈക്ലോപീഡിയകളും മറ്റും പാഴ്വസ്തുക്കളായി മാറുന്നു. ആട്ടോ കറക്ഷൻ അടക്കമുള്ള സൗകര്യങ്ങൾ ഇ-ലോകത്ത് ലഭ്യമായതിനാൽ ഒരു സ്പെല്ലിങ് മിസ്റ്റേക്കിനുള്ള അവസരംപോലും നമുക്കിന്നില്ല. തിരുത്തൽപ്രക്രിയ പൂർണമായും ഇന്റർനെറ്റ് ഏറ്റെടുക്കുന്നു.

മൂന്നും നാലും വയസ്സുള്ള കുട്ടികൾമുതൽ മൊബൈൽ ഫോണും ഇന്റർനെറ്റും കൈപ്പിടിയിലൊതുക്കുന്നതോടെ മുമ്പേറെ പ്രിയങ്കരമായിരുന്ന കളിപ്പാട്ടങ്ങളും അവ സമ്മാനിക്കുന്ന രസങ്ങളും പടിക്കുപുറത്താകുന്നു.

ഒരു സിനിമാതിയേറ്ററിൽ പൂർണമായും മുഴുകി ഒരു സിനിമ കാണാൻ നമുക്കാവില്ല എന്നതാണ് ഇന്റർനെറ്റിന്റെ മറ്റൊരു പ്രശ്നമായി പമേല പറഞ്ഞുവയ്ക്കുന്നത്. ഒരു സിനിമയ്ക്കിടയിൽത്തന്നെ കുറഞ്ഞത് മൂന്നോ നാലോ തവണയെങ്കിലും നമുക്ക് മൊബൈൽ നോട്ടിഫിക്കേഷനുകൾ പരിശോധിക്കേണ്ടതായിവരുന്നു. ഇനി പൂർണമായ ആസ്വാദനത്തെ മുന്നിൽക്കണ്ട് നിങ്ങളുടെ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്തു എന്നിരിക്കട്ടെ, നിങ്ങൾക്കടുത്തിരിക്കുന്ന ആളോ തൊട്ടുമുമ്പിലിരിക്കുന്ന ആളോ ആ നേരവും സോഷ്യൽമീഡിയയിൽ പരതുന്നുണ്ടാകും. അയാളുടെ കൈയിലെ സ്ക്രീൻ വെളിച്ചം നിങ്ങളെയും മാടിവിളിക്കുമെന്നുറപ്പ്.

ക്ഷമ, സഹാനുഭൂതി തുടങ്ങിയ മാനുഷികവികാരങ്ങളെയും ഇന്റർനെറ്റ് വളരെ പ്രതികൂലമായി ബാധിക്കുകയുണ്ടായെന്ന് ഗ്രന്ഥകാരി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഗൂഗിളിൽ തിരഞ്ഞതെത്താൻ രണ്ടു സെക്കന്റ് താമസിച്ചാൽ, യൂട്യൂബിൽ കണ്ടുകൊണ്ടിരിക്കുന്ന വീഡിയോ അല്പമാത്ര നിന്നുപോയാൽ അക്ഷമരായി അനേകർ മാറുന്നു. ഇതിനിടയിൽ ഏറെനേരം ഭാവനകളുടെ ലോകത്തു വിഹരിച്ച് പുതിയൊരു കഥയോ കവിതയോ നോവലോ എഴുതണമെങ്കിൽ കൃത്യമായ അധ്വാനവും ഏകാഗ്രതയും കൂടിയേതീരൂ. എഴുത്തുകാരനുമാത്രമല്ല വായനക്കാരനും നല്ല മനോബലവും നിശ്ചയദാർഢ്യവും ഉണ്ടായാൽ മാത്രമേ ഇ-കാലത്ത് ഇന്റർനെറ്റിന്റെ പ്രലോഭനങ്ങളെ അതിജീവിച്ചു മുന്നോട്ടു പോകാനാവൂ.

■

# അനുരഞ്ജനത്തിന്റെ അകപ്പൊരുൾ

***കർദിനാൾ റോബർട്ട് സറാ രചിച്ച 'ആധ്യാത്മികജീവിതത്തിന്റെ മതബോധനം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.***

9



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**മനസ്താപം**

പാപികളോടു ക്ഷമിക്കാൻ ദയാനിധിയായ ദൈവം വലിയ ഔദാര്യം കാണിക്കുന്നു. പാപികളായി സ്വയം കണക്കാക്കാൻ തയ്യാറായെങ്കിൽ മാത്രമേ പാപമോചനത്തിന് അർഹരാകൂ എന്ന വസ്തുതയാണ് കർദിനാൾ സറാ വിശദമാക്കുന്നത്. ഇന്നു മിക്കവരും പാപികളാണെന്നു സ്വയം സമ്മതിക്കാൻ വിമുഖരാണ്. അതിനുപകരം മറ്റുള്ളവരെയും സാഹചര്യങ്ങളെയും അവർ പഴിക്കുന്നു. റോമൻ റീത്തിലെ വി. കുർബാനയിലെ അനുതാപശുശ്രൂഷയിൽ 'സഹോദരരേ, നമ്മൾ പാപികളാണെന്ന് അംഗീകരിച്ചുകൊണ്ട് ദിവ്യരഹസ്യങ്ങൾ കൊണ്ടാടാനായി ഒരുങ്ങാം' എന്ന പ്രാർഥനാഭാഗം ഗൗരവപൂർവം കാണണമെന്ന് ഗ്രന്ഥകർത്താവ് ഓർമിപ്പിക്കുന്നു.

കുറ്റബോധം മനുഷ്യന്റെ സ്വാതന്ത്ര്യത്തിന്റെയും മനുഷ്യമഹത്ത്വത്തിന്റെയും അടയാളമാണ്. കാരണം, അതുവഴി അവൻ തന്റെ പ്രവൃത്തികളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും അതു പശ്ചാത്താപത്തിലേക്കു നയിക്കുകയും ചെയ്യുന്നു. പാപംവഴി ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിനാണ് ഉലച്ചിൽ തട്ടുന്നത്. സങ്കീർത്തകൻ പറയുന്നു: "അങ്ങേക്കെതിരായി, അങ്ങേക്കുമാത്രമെതിരായി, ഞാൻ പാപം ചെയ്തു. അങ്ങയുടെ മുമ്പിൽ ഞാൻ തിന്മ പ്രവർത്തിച്ചു (സങ്കീ. 51:4).

**അനുരഞ്ജനം**


ബന്ധങ്ങൾ ശിഥിലമാകുമ്പോഴാണ് അനുരഞ്ജനംവഴി അതു വീണ്ടെടുക്കേണ്ടത്. മനുഷ്യന്റെ ജീവിതം സംഘർഷഭരിതമാണ്. കായേനും ആബേലുംതന്നെ പ്രഥമോദാഹരണം. ആദിമാതാപിതാക്കൾ സ്രഷ്ടാവായ ദൈവത്തെ ധിക്കരിച്ചുകൊണ്ട് ചെയ്ത ആദ്യപാപത്തിന്റെ ആഴവും അതിന്റെ പ്രത്യാഘാതങ്ങളും നമ്മുടെ മതബോധനത്തിൽനിന്ന് അപ്രത്യക്ഷമായോ എന്നു കർദിനാൾ സറാ ചോദിക്കുന്നു.

ഈശോമിശിഹായിലൂടെ മനുഷ്യകുലത്തിനു പാപമോചനവും അനുരഞ്ജനവും നേടിത്തരാൻ മുൻകൈയെടുക്കുന്നത് ദൈവമാണ്; ദൈവം മാത്രമാണ്.

"മിശിഹാവഴി നമ്മെ തന്നോടു രഞ്ജിപ്പിക്കുകയും അനുരഞ്ജനശുശ്രൂഷ ഞങ്ങൾക്ക് ഏല്പിച്ചുതരുകയും ചെയ്ത ദൈവത്താൽ എല്ലാം പുതുതായി ഭവിച്ചിരിക്കുന്നു. അതായത്, ദൈവം മിശിഹാവഴി ലോകത്തെ തന്നോടു രമ്യതപ്പെടുത്തി (2 കൊറി. 5:18-19).

**അനുരഞ്ജനം വിശുദ്ധഗ്രന്ഥത്തിൽ**

പഴയനിയമത്തിലുടനീളം ലോകത്തെ ദൈവവുമായി രമ്യതപ്പെടുത്താൻ ദൈവത്തിനുള്ള ആഗ്രഹം പ്രകടമാണ്. പ്രവാചകന്മാർ നിരന്തരം ഈ അനുരഞ്ജനത്തിന്റെ ആഹ്വാനം മുഴക്കുന്നു. ജോയേൽ പ്രവാചകൻ ദൈവത്തിന്റെ വാക്കുകളായി വിളിച്ചുപറഞ്ഞു: "കർത്താവ് അരുൾചെയ്യുന്നു: ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടുംകൂടി നിങ്ങൾ പൂർണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ. നിങ്ങളുടെ ഹൃദയങ്ങളാണ്, വസ്ത്രങ്ങളല്ല കീറേണ്ടത്. നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്കു മടങ്ങുവിൻ" (ജോയേ. 2:12). ദൈവം തന്റെ സൃഷ്ടിയായ മനുഷ്യനോടു പ്രകടിപ്പിച്ചിരുന്ന വികാരങ്ങൾ ഏഴു വാക്കുകളിൽ സംഗ്രഹിക്കണമെന്ന് കർദിനാൾ സറാ എഴുതുന്നു: "അവ സ്നേഹം, കാരുണ്യം, അനുകമ്പ, ക്ഷമ, മാനസാന്തരം, അനുരഞ്ജനം, ജീവൻ എന്നിവയാണ്.'' പുതിയനിയമത്തിൽ ഈശോമിശിഹായിൽ ഈ അനുരഞ്ജനം പൂർത്തിയാകുന്നു. ധൂർത്തപുത്രന്റെ ഉപമയിലൂടെ ഈശോതന്നെ പിതാവുമായുള്ള ഈ അനുരഞ്ജപ്പെടലിന്റെ ചിത്രം നമ്മെ വരച്ചുകാണിക്കുന്നു.



ദൈവത്തോടു രമ്യതപ്പെടുന്നതുപോലെതന്നെ മനുഷ്യർ തമ്മിലും രമ്യതപ്പെടേണ്ടതിന്റെ ആവശ്യകതയും പഴയനിയമത്തിലും പുതിയനിയമത്തിലും കണ്ടെത്താവുന്നതാണ്. പഴയനിയമത്തിൽ പൂർവയൗസേപ്പ് ഒരു കുടുംബത്തിലെ അനുരഞ്ജനത്തിന്റെ ഉദാഹരണമാണ്. സഹോദരന്മാരുടെ അസൂയയും വിദ്വേഷവുമാണ് ഇളയ സഹോദരനെ വിറ്റുകളയാൻ പ്രേരിപ്പിച്ചത്. അപവാദങ്ങളും ദുരാരോപണങ്ങളും അപകീർത്തിപ്പെടുത്തലും വ്യാജപ്രചാരണങ്ങളും മറ്റു പലവിധത്തിലുള്ള കുതന്ത്രങ്ങളുംവഴി ഇന്നും മറ്റുള്ളവരെ ഇല്ലായ്മ ചെയ്യുന്നതിൽ ക്രൂരമായ ആനന്ദം കണ്ടെത്തുന്നവരുണ്ട്. അവരുടെ ഹൃദയപരിവർത്തനം അനുരഞ്ജനത്തിന് എത്രമാത്രം അനിവാര്യമാണെന്ന് ഗ്രന്ഥകാരൻ നമ്മെ ഓർമിപ്പിക്കുന്നു.

**അനുരഞ്ജനകൂദാശയുടെ നന്മകൾ**

കർത്താവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ് നമ്മൾ. നമ്മുടെ പാപങ്ങൾ നമ്മെ തളർത്തുമ്പോൾ അനുരഞ്ജനകൂദാശയിലൂടെ നമ്മെ നവീകരിക്കാനും സുഖപ്പെടുത്താനും പുതുജീവൻ പകരാനും കർത്താവ് പാപസങ്കീർത്തനവേദിയിൽ ഒരു വൈദികനെ തന്റെ പകരക്കാരനായി ഇരുത്തിയിരിക്കുകയാണെന്ന് കർദിനാൾ സറാ പ്രസ്താവിക്കുന്നുണ്ട്.

"ഞാൻ പാപങ്ങൾ ഏറ്റുപറയാതിരുന്നപ്പോൾ, ദിവസം മുഴുവൻ കരഞ്ഞ് എന്റെ ശരീരം ക്ഷയിച്ചുപോയി. രാവും പകലും അങ്ങയുടെ കരം എന്റെമേൽ പതിച്ചിരുന്നു. വേനൽക്കാലത്തെ ചൂടുകൊണ്ടെന്നപോലെ എന്റെ ശക്തി വരണ്ടുപോയി. എന്റെ പാപം അവിടുത്തോട് ഞാൻ ഏറ്റുപറഞ്ഞു. എന്റെ അകൃത്യം ഞാൻ മറച്ചുവച്ചില്ല. എന്റെ അതിക്രമങ്ങൾ കർത്താവിനോടു ഞാൻ ഏറ്റുപറയുമെന്ന് ഞാൻ പറഞ്ഞു. അപ്പോൾ എന്റെ പാപം അവിടുന്നു ക്ഷമിച്ചു (സങ്കീ. 32:3-5).

മിശിഹായുടെ ശുശ്രൂഷകരും ദിവ്യരഹസ്യങ്ങളുടെ കാര്യസ്ഥരുമായ (1 കൊറി. 4:1) പുരോഹിതരുടെ പക്കൽ പാപികളാണെന്നു സമ്മതിച്ചുകൊണ്ട് മനസ്താപത്തോടെ പാപങ്ങൾ ഏറ്റുപറയാനുള്ള എളിമയാണ് നമ്മുടെ നിത്യരക്ഷയ്ക്ക് ആവശ്യമായിരിക്കുന്നത്.

ആണ്ടിൽ ഒരിക്കലെങ്കിലും കുമ്പസാരിക്കണമെന്നത് തിരുസ്സഭയുടെ കല്പനയാണ്. ഗൗരവമുള്ള പാപം ചെയ്താൽ അനുരഞ്ജനകൂദാശയിലൂടെ പാപമോചനം പ്രാപിച്ചശേഷമേ ദിവ്യകാരുണ്യം സ്വീകരിക്കാവൂ എന്നതും സഭയുടെ പഠനമാണ്. ലഘുവായ പാപങ്ങളും അടുക്കലടുക്കൽ ഏറ്റുപറഞ്ഞ് കുമ്പസാരിച്ച് പതിവായി വിശുദ്ധകുർബാന സ്വീകരിക്കുന്നത് ആത്മീയജീവിതത്തിന് അനുപേക്ഷണീയമാണ്.

**മന്ദതയും വിരസതയും**

ആധ്യാത്മികജീവിതത്തെ ദോഷകരമായി ബാധിക്കുന്ന രണ്ട് അപകടകരമായ കാര്യങ്ങളാണ് മന്ദതയും വിരസതയുമെന്ന് കർദിനാൾ സറാ ചൂണ്ടിക്കാണിക്കുന്നു. "നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു. നീ തണുപ്പോ ചൂടോ ഉള്ളവനല്ല. നീ തണുപ്പുള്ളവനോ ചൂടുള്ളവനോ ആയിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനായിരിക്കുന്നതിനാൽ, എന്റെ വായിൽനിന്ന് നിന്നെ ഞാൻ പുറത്തുകളയും (വെളി. 3:15,16).

വിരസതയ്ക്ക് ഉറവിടം അലസമായ പ്രവൃത്തികളാണ്; പതിവിന്റെ പേരിൽമാത്രം ചെയ്യുന്ന ആത്മീയചടങ്ങുകളായിരിക്കരുത് വി. കുമ്പസാരം എന്നു ഗ്രന്ഥകാരൻ ഓർമിപ്പിക്കുന്നു.

മന്ദത മറികടക്കാൻ വിനയമുള്ള മനസ്സോടെ അനുദിനം ജീവിതം നവീകരിക്കാൻ പരിശീലിക്കണമെന്ന് കർദിനാൾ സറാ ഉപദേശിക്കുന്നു: "ഈശോ എല്ലാവരോടുമായി അരുൾചെയ്തു: എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരട്ടെ" (ലൂക്കാ. 9:23).

**സ്വാതന്ത്ര്യം മനുഷ്യന്റെ മഹത്ത്വം**

ഈ പ്രപഞ്ചത്തിൽ മനുഷ്യനുമാത്രമാണ് ബുദ്ധിശക്തിയും സ്വാതന്ത്ര്യവും ദൈവം നല്കിയിരിക്കുന്നത്. ദൈവം മനുഷ്യനെ അവന്റെ തീരുമാനത്തിന്റെ കരങ്ങളിൽ വിട്ടുകൊടുക്കാൻ തിരുമനസ്സായി. എങ്കിലും ദൈവവരപ്രസാദസഹായമില്ലാതെ ഈ സ്വാതന്ത്ര്യം ശരിയാംവിധം വിനിയോഗിക്കാൻ മനുഷ്യൻ പ്രാപ്തനല്ല. (സഭ ആധുനികലോകത്തിൽ നമ്പർ 17).

സ്വാതന്ത്ര്യത്തെ തെറ്റായി മനസ്സിലാക്കിയാൽ എല്ലാ ധാർമികമൂല്യങ്ങളെയും തള്ളിക്കളയാനും ദൈവത്തെത്തന്നെ നിഷേധിക്കാനും ഇടവരുന്നു. ആധുനികസഭ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഇതാണെന്നും കർദിനാൾ സറാ നിരീക്ഷിക്കുന്നു.

**ദൈവകൃപ**

''ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്" (1 കൊറി. 15:10). ദൈവത്തിന്റെ സ്നേഹവും കാരുണ്യവും നമ്മുടെമേൽ ധാരാളമായി ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. ജഡമോഹങ്ങളിൽ വ്യാപരിക്കാനായി ഈ ദൈവകൃപ തള്ളിക്കളയരുതെന്ന് പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നുണ്ട് (ഗലാ. 5:13). സത്യത്തിലും സ്നേഹത്തിലും ജീവിക്കാനാണ് നമ്മെ കർത്താവ് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു വിളിച്ചിരിക്കുന്നത്.

ദൈവം എപ്പോഴും പാപികളായ നമ്മോടു രമ്യതപ്പെടുവാൻ സന്നദ്ധനാണ്. മനുഷ്യൻ ക്ഷമിക്കാൻ അസാധ്യമെന്നു കരുതുന്ന കാര്യങ്ങൾ ക്ഷമിക്കാൻ ദൈവത്തിന്റെ സ്നേഹത്തിന്റെയും ക്ഷമയുടെയും ആഴം ഗ്രഹിക്കേണ്ടിയിരിക്കുന്നു.

ഗ്രന്ഥകാരൻ ബർണാർഡ്രോ ബർത്തുലൂച്ചിയുടെ 'അവസാനത്തെ സമ്രാട്ട്' എന്ന സിനിമയിലെ ഒരു രംഗം ഓർമിപ്പിക്കുന്നു. അവിടെ ചക്രവർത്തി കുഞ്ഞായിരുന്നപ്പോൾ ഒരു തെറ്റു ചെയ്താൽ ഒരടിമയാണു ശിക്ഷിക്കപ്പെട്ടിരുന്നത്. നമ്മുടെ രക്ഷാകരചരിത്രത്തിൽ സൃഷ്ടി ചെയ്യുന്ന കുറ്റത്തിന്റെ ശിക്ഷ സ്രഷ്ടാവ് സ്വയം ഏറ്റെടുക്കുന്നു. എത്രയോ മഹനീയ ദിവ്യരഹസ്യം!!

■

# ഫുട്ബോൾ രാജാവ് ഇനി ഓർമ



സനിൽ പി. തോമസ്

ആ സംഗീതം എൺപത്തിരണ്ടാം വയസ്സിൽ നിലച്ചു. ഇനി പെലെയില്ലാത്ത ഫുട്ബോൾ ലോകം.


ഇരുപതാം നൂറ്റാണ്ടിലെ മികച്ച ഫുട്ബോൾ കളിക്കാരനായി ലോകത്തിലെ ദേശീയ ഒളിംപിക് സംഘടനകൾ നിർദേശിച്ചതനുസരിച്ച് രാജ്യാന്തര ഒളിംപിക് കമ്മിറ്റിയും അതുപോലെ ഫിഫയുടെ വിദഗ്ധപാനലും തിരഞ്ഞെടുത്തത് ഒരാളെ ത്തന്നെ. എഡ്സൻ അരാന്റസ് ഡോ നാസി മെന്റോ എന്ന പെലെയെ. ചാരുതയേറിയ ഗോളുകളിലൂടെ വർണവിവേചനത്തിന്റെ വേലികൾ പൊളിച്ച് ലോകത്തെ ഒരു പന്തിലേക്ക് ആകർഷിച്ച ഇതിഹാസതാരത്തിന് ലഭിച്ച അർഹമായ അംഗീകാരം. 92 രാജ്യാന്തരമത്സരങ്ങളിൽ പെലെ 77 ഗോൾ നേടി. അതിനിടയ്ക്ക് 1958 ലും 62 ലും 70 ലും ബ്രസീൽ ലോകകപ്പ് നേടി.

ഡീക്കോയെന്ന് വീട്ടുകാർ വിളിച്ച ഫുട്ബോൾതാരത്തിന് പെലെയെന്നു പേരിട്ടത് സ്കൂളിലെ സഹപാഠികളാണ്. കറുപ്പിന്റെ മാനവസംഗീതമായി ആ പേരു മാറിയത് വളരെപ്പെട്ടെന്നാണ്.

ബ്രസീലിലെ സാവോ പോളോ സംസ്ഥാനത്തെ കൊറോക്കോ എന്ന കൊച്ചുഗ്രാമത്തിൽ ഒരു പാവപ്പെട്ട കുടുംബത്തിൽ 1940 ഒക്ടോബർ 23 നാണ് പെലെ ജനിച്ചത്. അച്ഛൻ ഡോൺഡീന്യോ ഫുട്ബോൾ കളിക്കാരനായിരുന്നു.

പെലെയുടെ അതുല്യ പന്തടക്കം സാന്റോസ് ക്ലബിന്റെ കോച്ച് ഡോ. വി. ബ്രിട്ടോയെ ആകർഷിച്ചു. 1956 ൽ പതിനാറാം വയസ്സിൽ സാന്റോസിന്റെ ആദ്യ ഇലവനിൽ കളിച്ചു. 58 ൽ ലോകകപ്പ് കളിക്കുമ്പോൾ പതിനേഴ് വയസ്. പിന്നീടുള്ള ലോകഫുട്ബോൾ ചരിത്രം പെലെയുടേതുകൂടിയാണ്

താൻ രാജാവാണെന്ന് പെലെ ഒരിക്കലും പറഞ്ഞിട്ടില്ല. അത് ഫുട്ബോൾ ലോകം ഹൃദയപൂർവം സമ്മാനിച്ച കിരീടമാണ്. ഡിസംബർ 30 നു പുലർച്ചെ വിടവാങ്ങുംവരെ ഫുട്ബോളിലെ രാജകിരീടം പെലെയുടെ ശിരസ്സിൽത്തന്നെയായിരുന്നു. 1970 ൽ ലോകത്തിലെ ഏറ്റവും മികച്ച ഫുട്ബാൾ കളിക്കാരനായി ബെക്കൻ ബോവറെയും അടുത്ത സ്ഥാനങ്ങളിൽ ബോബി ചാൾട്ടനെയും ലൂയിജി റിവയെയും ജോർജ് ബെസ്റ്റിനെയും യോഹൻ ക്രൈഫിനെയും ഉയർത്തിക്കാട്ടിയ പെലെ താൻ ഒരു സാധാരണ കളിക്കാരൻ മാത്രമെന്നു പറഞ്ഞു.



എന്നാൽ, പെലെയെക്കാൾ മികച്ച കളിക്കാരനെന്ന് പലയിടങ്ങളിലും ചർച്ച ചെയ്യപ്പെട്ട പോർച്ചുഗൽ താരം യുസേബിയോയെ അദ്ദേഹം ആ ഗണത്തിൽ പെടുത്തിയില്ല എന്നതും ശ്രദ്ധേയമാണ്.

ആഫ്രിക്കയിൽനിന്നുള്ള എക്കാലത്തെയും മികച്ച ഫുട്ബോൾ താരം യുസേബിയോ 1960 കളിൽ പെലെയെക്കാൾ പ്രതിഭ കാട്ടിയെന്നു വാദിക്കുന്നവരുണ്ട്. മൊസാംബിക്കിൽനിന്ന് പോർച്ചുഗൽ സ്വന്തമാക്കിയ കരിമ്പുലി ഗോൾ നേട്ടത്തിൽ കറുത്ത മുത്തിനെക്കാൾ മുന്നിലായിരുന്നു. 1966 ലെ ലോകകപ്പിൽ ആറു കളികളിൽനിന്ന് ഒൻപതു ഗോളുമായി യുസേബിയോ സ്വർണബൂട്ട് കരസ്ഥമാക്കിയിരുന്നു. അന്നു പോർച്ചുഗൽ മൂന്നാം സ്ഥാനം നേടി.

പക്ഷേ, പെലെ 1970 ൽ തന്റെ നാലാം ലോകകപ്പിൽ ബ്രസീലിന് മൂന്നാം കിരീടവും യൂൾ റിമേ കപ്പും സ്വന്തമാക്കിക്കൊടുത്തപ്പോൾ ഫുട്ബോൾ രാജാവായി മാറുകയായിരുന്നു. 1958 ൽ ഫൈനലിൽ സ്വീഡനെതിരേ നേടിയ ഗോൾ. പിന്നെ, 1970 ൽ ലോകകപ്പ് ഫൈനലിൽ ഇറ്റലിക്കെതിരേ ഗോൾ നേടാൻ കാർലോസ് ആൽബർട്ടോയ്ക്ക് പന്ത് തത്തിച്ചുകൊടുത്ത ശൈലി. സ്വീഡിഷ് പ്രതിരോധതാരങ്ങൾ വളഞ്ഞപ്പോൾ തുടകൊണ്ട് പന്തു തട്ടി എതിരാളികളുടെ തലയ്ക്കു മുകളിലൂടെ അപ്പുറത്തെത്തിച്ചു. പിന്നെ, ഞൊടിയിടയിൽ അവരെ ചുറ്റിച്ചുകൊണ്ടുവന്ന് പന്ത് വലയിലാക്കിയ പതിനേഴുകാരന്റെ പ്രതിഭ വരാനിരിക്കുന്നതിന്റെ സൂചനയായിരുന്നു. ആ പന്തടക്കം 1980 ൽ ന്യൂജഴ്സിയിൽ ന്യൂയോർക്ക് കോസ്മോസിനുവേണ്ടി കളിച്ചപ്പോഴും ചോർന്നിരുന്നില്ല.

ഒരു ദുഃഖം മാത്രം ബാക്കിവച്ചാണ് പെലെ യാത്രയായത്. ഖത്തറിൽ ബ്രസീൽ കിരീടം വീണ്ടെടുക്കുന്നത് കാണാൻ കഴിഞ്ഞില്ല. നെയ്മറുടെ ടീം വിജയിച്ചിരുന്നെങ്കിൽ പെലെയ്ക്ക് രാജ്യം നൽകിയ ആദരണീയമായ യാത്രയയപ്പ് ആയേനെ. താൻ ഉൾപ്പെട്ട ടീം മൂന്നു തവണ ജയിച്ച് രാജ്യത്തിനു സ്വന്തമാക്കിയ കപ്പിനു പകരമുള്ള ഫിഫ ലോകകപ്പിൽ, അതിന്റെ മാതൃകയാണെങ്കിൽ പോലും, രണ്ടാമതൊരിക്കൽകൂടി സ്പർശിക്കാൻ ഫുട്ബോൾ രാജാവിനു ഭാഗ്യമില്ലാതെ പോയി.

രാഷ്ട്രീയകാഴ്ചപ്പാടുകളിൽ മറഡോണ ആരാധകരെ സൃഷ്ടിച്ചപ്പോൾ പെലെയുടെ അമേരിക്കൻ അനുകൂലനിലപാട് പരക്കെ വിമർശിക്കപ്പെട്ടു. അതു കീഴടങ്ങലിന്റേതായി ചിലപ്പോഴെങ്കിലും വ്യാഖ്യാനിക്കപ്പെട്ടു. മറഡോണയെയോ മുഹമ്മദ് അലിയെയോപോലെ വിവാദങ്ങളിലൂടെയും വീമ്പുപറച്ചിലിലൂടെയും ആരാധകരെ സൃഷ്ടിക്കാൻ അദ്ദേഹം തയാറായില്ല എന്നു പറയാം.


പുതിയ തലമുറയ്ക്ക് പെലെയുടെ മാസ്മരികഫുട്ബോൾകളിയെക്കുറിച്ച് കേട്ടറിവേയുള്ളൂ. 1959 ൽ പെലെ നേടിയ അതിമനോഹരമായൊരു ഗോളിന്റെ ഓർമയ്ക്കായി 2006 ൽ സാവോ പോളോയിലെ പ്രാദേശിക ക്ലബ് യുവന്റസ് പെലെയുടെ പ്രതിമ സ്ഥാപിച്ചു. 59 ലെ ഗോൾ കണ്ടവരിൽനിന്നു വിവരം ശേഖരിച്ച് കംപ്യൂട്ടർ സഹായത്തോടെ അത് പുനരാവിഷ്കരിച്ചു. സാന്റോസിനുവേണ്ടി യുവൻറസിനെതിരേ നേടിയ ഗോളിന് എതിരാളികളുടെ അംഗീകാരം.

ഫുട്ബോൾ മാന്ത്രികൻ വിടവാങ്ങി. പെലെയുടെ ഇതിഹാസജീവിതത്തിന് ഫൈനൽ വിസിൽ മുഴങ്ങി. ആശുപത്രിക്കിടക്കയിൽ ക്രിസ്മസ് ആഘോഷിച്ച പെലെ പുതുവർഷപ്പിറവി കാണാതെ യാത്രയായി. ഇനി പെലെയില്ലാത്ത ഫുട്ബോൾ ലോകം. പക്ഷേ, തലമുറകളെ പ്രചോദിപ്പിക്കാൻ പെലെയെന്ന നാമത്തിനു കഴിയും.

■


# ദീപനാളം കാവ്യോത്സവം

11 FEBRUARY 2023



കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള



പ്രവിത്താനം പി. എം. ദേവസ്യാ



സിസ്റ്റർ മേരി ബനീഞ്ഞ

മഹാകവികളായ **കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, പ്രവിത്താനം പി.എം. ദേവസ്യാ, സിസ്റ്റർ മേരി ബനീഞ്ഞ** എന്നിവരുടെ സ്മരണ നിലനിർത്തുന്നതിനും അവരെക്കുറിച്ചു പുതുതലമുറയിൽ അവബോധം ജനിപ്പിക്കുന്നതിനുമായി ദീപനാളം പദ്യോച്ചാരണമത്സരം നടത്തുന്നു.

ഫെബ്രുവരി പതിനൊന്നാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ദീപനാളം ഓഡിറ്റോറിയത്തിൽ മത്സരങ്ങൾ ആരംഭിക്കും. പാലാ രൂപതാധ്യക്ഷൻ **മാർ ജോസഫ് കല്ലറങ്ങാട്ട്** പരിപാടി ഉദ്ഘാടനം ചെയ്യും. പ്രശസ്ത നിരൂപകനും എഴുത്തുകാരനുമായ ഡോ. കുര്യാസ് കുമ്പളക്കുഴി വിഷയാവതരണം നടത്തും. പാലാ സെന്റ് തോമസ് കോളജ് വൈസ് പ്രിൻസിപ്പാൾ ഡോ. ഡേവിസ് സേവ്യർ ആശംസ അർപ്പിക്കും.

**നിബന്ധനകൾ**

❖ വാദ്യോപകരണങ്ങളോ മറ്റു സാങ്കേതികസംവിധാനങ്ങളോ അനുവദനീയമല്ല. ❖ മൂന്നു കവികളുടെയും കൃതികളിൽനിന്ന് ഇഷ്ടമുള്ള ഭാഗങ്ങൾ തിരഞ്ഞെടുത്ത് അവതരിപ്പിക്കാം. (കവികളുടെ സമ്പൂർണകൃതികൾ റഫറൻസിനായി ദീപനാളം ഓഫീസിൽ ലഭ്യമാണ്.) ❖ മൂന്നു കവിതകൾക്കുംകൂടി ആകെ പത്തുമിനിറ്റായിരിക്കും സമയം. ❖ തിരഞ്ഞെടുക്കപ്പെടുന്ന കവിതാഭാഗങ്ങളുടെ മൂന്നു കോപ്പിവീതം ജഡ്ജസിന്റെ പരിശോധനയ്ക്കായി മത്സരത്തിനുമുമ്പ് നല്കേണ്ടതാണ്. ❖ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 10000, 7000, 5000 രൂപയും സർട്ടിഫിക്കറ്റും നല്കുന്നതാണ്. ❖ രജിസ്ട്രേഷൻ ഫീസ് 100 രൂപ. ❖ മത്സരത്തിനു പ്രായപരിധിയില്ല.

**മാർക്ക് - മാനദണ്ഡങ്ങൾ :** മനഃപാഠം - 25 മാർക്ക്; അക്ഷരസ്ഫുടത - 25 മാർക്ക്; മിതമായ ഭാവശബ്ദാവതരണം - 25 മാർക്ക്; അർത്ഥം, ആശയം എന്നിവയുടെ വ്യക്തത - 25 മാർക്ക്.

ഒന്നാം സമ്മാനം ₹10000

രണ്ടാം സമ്മാനം ₹7000

മൂന്നാം സമ്മാനം ₹5000

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫെബ്രുവരി 7 നുമുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്.

Ph : 7306874714

E-mail : editordeepanalam@gmail.com.

Deepanalam Weekly
RNI No : 16998/68
Vol. 55 No. 44 Date of Publication 5 Jan 2023
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

33 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn;
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259
ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം
പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes
HINDI TTC
എസ്എസ്എൽസിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.


60 Yeasr Trust
KTS PRODUCTS
SINCE 1995
Tastit
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001-2015 CERTIFIED COMPANY
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം


സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ അച്ചായൻസ് തന്നെ
TONY VALLIALIL ACHAYANS GROUP
SINCE 2005
അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY
കോട്ടയം | പാലാ | ചിങ്ങവനം | സംക്രാന്തി | കടുവാക്കുളം
ചേർത്തല | കടുത്തുരുത്തി
PH: 9072 388 172, 9847 113 429
18 വർഷത്തെ സേവനപാരമ്പര്യം
നിങ്ങളുടെ സ്വർണ്ണത്തിന് ഏറ്റവും ഉയർന്ന വില നൽകുന്നു
ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു
മദ്ധ്യ തിരുവിതാംകൂറിൽ മാത്രമായി 15 ഷോറൂമുകൾ

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org